Reg. M. No· 2293

ഒറ്റപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 കന്നി 14—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 സെപ്റ്റംബർ 30 | ലക്കം 7

## പുഷ്പവൃഷ്ടിക്കുവേണ്ടി

(പോൾ മാൻവെട്ടം ബി. എ., ബി. എൽ.)

പാവനമായ ആശാസങ്കേതത്തിൽ മൊട്ടിട്ടുവികസിച്ച സുരഭിലസൂനമാണു വി. കൊച്ചുത്രേസ്യാ. 1873 ജനുവരി 2-ാംനു അവൾ ഭൂജാതയായി. 1888 ഏപ്രിൽ 9-ാംനു 15-ാമത്തെ വയസ്സിൽ കർമ്മലമഠത്തിൽ പ്രവേശിച്ചു. ഒൻപതുവർഷത്തെ സന്യാസജീവിതം സഹനത്തിൻെറ നിബിഡാരണ്യമായിരുന്നു. 1897-ൽ സ്വയംകൃതചരിതം പൂർത്തിയാക്കി. 1896- ഏപ്രിൽ 3-ാംനു വിശുദ്ധ ക്ഷയരോഗബാധിതയായി. അന്നാദ്യമായി അവൾ രക്തം ഛർദ്ദിച്ചു. 1897 സെപ്റ്റംബർ 30-ാംനു ചെറുപുഷ്പത്തെ ഉദ്യാനപാലകൻ അടർത്തിയെടുത്തു് സ്വർഗ്ഗീയ പറുദീസായിൽ പ്രതിഷ്ഠിച്ചു. 1923 ഏപ്രിൽ 29-ാംനു സുകൃതിനിയെ വാഴ്ത്തപ്പെട്ടവളെന്നു നാമകരണം ചെയ്തു. 1925 മേയ് 17-ാംനു വാഴ്ത്തപ്പെട്ട കൊച്ചുത്രേസ്യായെ വിശുദ്ധയായി പ്രഖ്യാപിച്ചു. അങ്ങനെ 24 വർഷത്തെ ഭൂമാഹനജീവിതം, അജ്ഞാതവാസം അനന്തതയിൽ ലയിച്ചു.

തികച്ചും അപ്രതീക്ഷിതമായൊരാഗമനം, ചലനാത്മകമെങ്കിലും ജനശ്രദ്ധയിൽപ്പെടാത്തുള്ളൊരു ജീവിതം, ഏതാണ്ടങ്ങനെതന്നെയൊരു തിരോധാനവും—ലോകദൃഷ്ടിയിൽ അവളുടെ ജീവിതമത്രമാത്രം. രണ്ടു നിശ്ശബ്ദതകളുടെ മദ്ധ്യത്തിലുള്ള ഒരു നെടുവീർപ്പായിരുന്നു വിശുദ്ധയുടെ ജീവിതം—സ്നേഹത്തിൻെറയും സഹനത്തിൻെറയും, എളിമയുടെയും പരിശുദ്ധിയുടെയും ഒരു നീണ്ട നെടുവീർപ്പു്. ലോകത്തെ മുഴുവൻ തന്നിലേക്കാകർഷിക്കുവാനുള്ള ഒരു മഹാ മാന്ത്രികശക്തി ആ നിസ്സാരജീവിതത്തിൽ അടിപാറിക്കിടന്നിരുന്ന



വിശുദ്ധാത്മാക്കളുടെ നേർക്കു് അവരുടെ ജീവിതകാലം ഇന്നുവരെയും പൂർണ്ണമായി കണ്ണുതുറന്നിട്ടില്ല. ചരിത്രത്തിലെ വേദനിപ്പിക്കുന്ന ഒരു യാഥാർത്ഥ്യമാണിതു്. പുണ്യാത്മാക്കൾവരുന്നു, പോകുന്നു. ചുരുക്കം ചിലർമാത്രം അവരെ കാണുന്നു. അവർമാത്രം അറിയുകയും മനസ്സിലാക്കുകയും ചെയ്യുന്നു. അങ്ങുമിങ്ങും നില്ക്കുന്ന ചിലർമാത്രം. സംഭവങ്ങൾ പലതിങ്ങനെ നടന്നു. അനുഭവങ്ങൾ പലതുണ്ടായി. പക്ഷേ ലോകഗതിക്കു മാററമുണ്ടായിട്ടില്ല. ചരിത്രം ആവർത്തിക്കയാണു്.

ജീവിച്ചിരിക്കുമ്പോൾ വിശുദ്ധന്മാരെപ്പോലെ അശ്രദ്ധയിൽ തള്ളപ്പെടുന്നവരില്ല. ജനസാമാന്യത്താൽ ഏററവും കൂടുതൽ അവഗണിക്കപ്പെട്ടിട്ടുള്ളവരാണവർ. അവർ വിജനതയിലെ ഏകാന്തസഞ്ചാരികളാണു്. പൂർവ്വാംബരത്തിലെ വെള്ളിനക്ഷത്രത്തിൻെറ പ്രത്യേകത അതിൻെറ ഹൃദയംഗമമായ ഏകാകിത്വമാകുന്നു. ഈ ഏകാകിത്വത്താൽ അതു ലോകത്തെ തന്നിലേക്കാകർഷിക്കുന്നു. ലോകത്തിനു പ്രചോദനത്തിൻെറ പ്രഹർഷമരുളുന്നു. ഒരു വിശുദ്ധൻ അല്ലെങ്കിൽ വിശുദ്ധ ◦ വിശ്വചക്രവാളത്തിലെ ഏകാന്തതാരമാണു്. ഈ നക്ഷത്രത്തിൻെറ മുമ്പിൽ മഹാസമുദ്രങ്ങൾ മഞ്ഞുതുള്ളികളും മാമലകൾ മൺധൂളികളുമാണു്. സൂര്യബിംബത്തിൻെറ പ്രോജ്ജ്വലത അതിൻെറ മുമ്പിൽ ചെറിയൊരു മിന്നുക്കംമാത്രം. ലോകത്തെ ഞെട്ടിപ്പിക്കുന്ന ഏതു പ്രക്ഷുബ്ധശബ്ദവും അതിൻെറ ചെവിക്കു് ഒരനക്കമത്രെ.

എങ്കിൽ വിശുദ്ധരെ മറക്കുവാനോ മറയ്ക്കുവാനോ സാദ്ധ്യമല്ല അവർ ലോകത്തിനു ചലനവും ജ്വലനവും നൽകുന്നു; ഉദ്ദീപനവും ഉത്തേജനവുമേകുന്നു. നവലോകത്തിൻെറ സംവിധാനക്കാരും യുഗങ്ങളുടെ സ്രഷ്ടാക്കളുമാണവർ. അവരുടെ വാക്കുകൾ, ആശയങ്ങൾ ലോകചരിത്രത്തിൻെറ വഴിമാററിയിട്ടുണ്ടു്, ഗതിമാററിയിട്ടുണ്ടു്; സമുദായങ്ങളെയും ജനതകളെയും പുതുവഴികളിൽക്കൂടി തിരിച്ചുവിട്ടിട്ടുണ്ടു്.

വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതം ഏതാദൃശമായിരുന്നു. ഒച്ചപ്പാടുകളോടുകൂടിയതോ, ലോകദൃഷ്ടിക്കുവിഭാവനംചെയ്യപ്പെടാവുന്നിടത്തോളം സംഭവബഹുലമോ ആയിരുന്നില്ല അതു്. നീർപ്പോളപ്പൊട്ടലിൽനിന്നുൽഭൂതമാകുന്ന നേരിയ സ്വരംപോലും ആ ഹ്രസ്വകാലചരിത്രത്തിൽ മുഴങ്ങിയിട്ടില്ല. ചുരുക്കത്തിൽ അവളുടെ ജീവിതം ഒരു മൗനമായിരുന്നു.

സന്യാസാന്തസ്സിലേക്കുള്ള ദൈവവിളി നഷ്ടപ്പെട്ട ഒരു യുവാവും യുവതിയും. അവരുടെ

വെന്നു് അന്നാരുകണ്ടു?

വിശുദ്ധ കത്തിജ്വലിക്കുന്ന സ്നേഹാഗ്നിയാണു്. "സ്നേഹത്തിൽ എനിക്കായി സ്വയം അർപ്പിക്കുന്ന ഒരാത്മാവു് ലോകത്തിൽനിന്നും സ്വാർത്ഥപരമായ എല്ലാ അഭിലാഷങ്ങളിൽ നിന്നും വിമുക്തമാകുന്നു. പരിത്യാഗസമ്പൂർണ്ണമായ ആത്മാക്കളുടെ ഒരു ഗണം എനിക്കായി ഞാൻ ആഗ്രഹിക്കുന്നു. നാശത്തിലേക്കു ഗമിക്കുന്ന ലോകത്തെ ഉദ്ധരിക്കുവാൻ അവർക്കുമാത്രമേ കഴിയുകയുള്ളു"—ക്രിസ്തുദേവൻെറ ഈ വാക്യസുധയെ അന്വർത്ഥമാക്കിയ സ്നേഹസാരമായിരുന്നു ചെറുപുഷ്പം. സ്നേഹിക്കുവാൻ പഠിക്കുന്നതിനുവേണ്ടി അവൾ തന്നെത്താൻ എളിമപ്പെട്ടു. ഒരുശിശുവിനെപ്പോലെ താണു. അഹന്തയെ ദൂരെത്തള്ളി. സ്വന്തം അല്പത്വത്തെ അന്തരാ ദർശിച്ചു. സർവ്വവ്യാപകമായ ഒരു മഹാചൈതന്യത്തിൻെറ കിരണങ്ങൾ സർവ്വാധാരസാരമായ ദിവ്യപ്രേമത്തിൻെറ മധുരാലാപവീചികൾ അപങ്കിലമായ ആ ഹൃദയത്തിൽനിന്നു അനുസ്യൂതമുയന്നു. ഒരു നവോന്മേഷത്തിൻെറ പ്രഭാതതരംഗങ്ങൾ ലോകമാകമാനം ഉദ്ദീപ്തമാക്കിക്കൊണ്ടു പരന്നു. സ്നേഹം കഷ്ടതയുടെയും ദുഃഖത്തിൻെറയും ഒരക്ഷയഭണ്ഡാഗാരമാണു്. എങ്കിലും ദുഃഖിക്കുവാനല്ല അവൾ പഠിച്ചതു്, സഹിക്കുവാനാണു്; ഭയപ്പെടുവാനല്ല, സ്നേഹിക്കുവാനാണു്.

ത്യാഗത്തിൻെറ പര്യായമായിരുന്നു വി. കൊച്ചുത്രേസ്യാ. കഷ്ടപ്പാടുകൾ സത്യത്തിൻെറ കൊടുമുടിയിലേക്കു നയിക്കുന്ന ഒററയടിപ്പാതകളാണു്. ഏററവും നിസ്സാരങ്ങളിൽക്കൂടിയാണു അവൾ ത്യാഗമഭ്യസിച്ചതു്. "ലോകത്തെ വിശ്വസിക്കരുതു്, എന്തുകൊണ്ടെന്നാൽ അതു വാഗ്ദാനം പാലിക്കുന്നില്ല," എന്ന സെൻറു് അഗസ്റ്റിൻെറ വാക്യം അവളുടെ കർണ്ണപുടങ്ങളിൽ ആത്മത്യാഗത്തിൻെറ പടഹധ്വനി മുഴക്കിയിരുന്നു. നീ നിൻെറ സഹനങ്ങളെക്കുറിച്ചു ആരോടും ആവലാതിപ്പെടരുതെന്നു് വിശുദ്ധതന്നെ പ്രഖ്യാപിച്ചിട്ടുണ്ടു്. ആശയെ കടിഞ്ഞാണിട്ടു പിടിച്ചെങ്കിലേ, ക്ഷമയോടെ എല്ലാം സഹിച്ചെങ്കിലേ, യഥാർത്ഥ മനഃശാന്തികൈവരുകയുള്ളു. അതാകട്ടെ മരുഭൂമിയിൽ പൂഞ്ചോല സൃഷ്ടിക്കും. വിശുദ്ധ ആ രഹസ്യം മനസ്സിലാക്കി.

വാനദൂതർക്കുപോലും അസൂയ ജനിക്കത്തക്കവിധത്തിൽ അവൾ പരിശുദ്ധിയുടെ പരിപൂർണ്ണതയിലെത്തി. അനേകവർഷം ഒരു ഓക്കുവൃക്ഷത്തെപ്പോലെ നീണ്ടു ജീവിക്കുന്നതിലും എത്ര അഭികാമ്യമല്ല ഒരു ചെറിയ ലില്ലിപ്പുഷ്പത്തെപ്പോലെ ജീവിച്ചുമരിക്കുന്നതു്. അതായിരുന്നു അവ

ളുടെ ആദർശം. ഹിമകണങ്ങളിലെ കുളിർമ്മയോടും പുതുപുഷ്പത്തിലെ സൗരഭ്യത്തോടും അഗ്നിയിലെ പരിശുദ്ധിയോടും ഒത്തിണങ്ങിയ ഒരു മാധുര്യം ആ കൊച്ചു ജീവിതത്തിലങ്ങോളമിങ്ങോളം അലതല്ലി. സ്നേഹത്തിന്റെ ഉരകല്ലാണ് വിശുദ്ധി. ചെറുപുഷ്പം ശുദ്ധതയുടെ മേദുരാകാരമായിരുന്നു.

വിശുദ്ധ ഒരു ചിന്തകയായിരുന്നു; അനശ്വരതയെപ്പററിയുള്ള ചിന്ത. സമുദ്രതീരത്തും ശ്മശാനത്തിലും ഏകാന്തമായിരുന്നവൾ ചിന്തിക്കാറുണ്ട്; സുന്ദരമായ പ്രകൃതിയേയും അതിനു നിദാനമായ ഈശ്വരവൈഭവത്തേയുംപററി.



എപ്പോഴും ശാശ്വതികതയിലേക്ക് കൈ നീട്ടുന്ന ദുർഗ്ഗമമായൊരു തൃഷ്ണയുണ്ട് മനുഷ്യനു്; പൂമ്പാററയ്ക്കു നക്ഷത്രത്തിലെത്താനുള്ളതുപോലൊരഭിവാഞ്ഛ— അവന്റെ സ്രഷ്ടാവിനെപ്പററി അറിയുവാനുള്ള ആഗ്രഹം. വിശുദ്ധ പ്രകൃതിയെ നിരീക്ഷിച്ചപ്പോളെല്ലാം ദൈവത്തിന്റെ ശക്തിവിശേഷമാണ് കണ്ടതു്. മേഘമാലയിലും മഴവില്ലിലുമെല്ലാം മാധുര്യമുള്ള നിറങ്ങൾ കലത്തിയിരിക്കുന്നതും പൂവിതളുകളിൽ ചായപ്പണി ചെയ്തിരിക്കുന്നതുമായ കരങ്ങളെ അവൾ ദശിച്ചു. പൂക്കളുടെ ഉള്ളറകളിൽ പൂന്തേൻ നിറച്ചിരിക്കുന്നതും, നറുംപഴങ്ങളുടെ ഹൃദയത്തിൽ മധുരരസം പകന്നിരിക്കുന്നതും ആരെന്നു് അവൾ ചിന്തിച്ചു. സമുദ്രമദ്ധ്യത്തിൽനിന്നും അലറിയടിക്കുന്ന തിരമാലകൾ അന്തരീക്ഷത്തിന്റെ ഹൃദയത്തിലേക്കയത്തിവിടുന്ന കാഹളധ്വനിയുടെയും ഇമ്പകരമായ കോകിലകൂജനത്തിന്റെയും അത്ഥം അവൾ മനസ്സിലാക്കി. പ്രഭാതത്തിൽ അരികിലെത്തി ഉടലിൽ ഉമ്മവയ്ക്കുന്ന സൗരഭ്യവാഹിയായ വസന്തമാരുതന്റെയും, ഭൂമിയെ ചുംബിക്കുന്ന ബാലാർക്കകിരണങ്ങളുടെയും ആനന്ദം അവൾ അനുഭവിച്ചു. ഇവയിൽക്കൂടിയെല്ലാം അനന്തവല്ലഭനായ വിശ്വൈകശില്പിയെ അവൾ കണ്ടറിഞ്ഞു, ആരാധിച്ചു.

ഒരു സാഹിത്യകാരിയായിരുന്നു ലിസ്യൂവിലെ ചെറുപുഷ്പം. വിശ്വസാഹിത്യത്തിൽ ഒരുപക്ഷേ സ്ഥിരപ്രതിഷ്ഠ നൽകിയില്ലെന്നുവരാം. എങ്കിലും അക്ഷയമായ ഒരു നിധിയെ നിക്ഷേപിച്ചിട്ടാണവൾ സ്ഥലംവിട്ടതു്. ഏതൊരു മഹാചിന്തകനേയും പിടിച്ചുനിത്തുന്ന ഈ ടുററ ആശയഗതിയല്ലേ, ലളിതമെങ്കിലും അത്ഥഗംഭീരമായ ആത്മകഥാകഥനത്തിൽ ഉടനീളം നിഴലിച്ചുകാണുന്നതു്. മനുഷ്യജീവിതത്തിന്റെ ഇരുളടഞ്ഞ അന്തർമണ്ഡലങ്ങളെ സുകൃതപരവും മതബോധപരവുമായ തേജഃപ്രസരത്താൽ ജ്വലിപ്പിക്കുവാനുള്ള ധീരവും സുദൃഢവുമായ വിചിന്തനങ്ങളെയും വികാരങ്ങളെയും ഉള്ളടക്കിക്കൊള്ളുന്ന ഒരക്ഷയഭണ്ഡാഗാരമാണതു്. ജഡികവും മാംസനിഷ്ഠവുമായ ആദശങ്ങളും വീക്ഷണങ്ങളും കൊണ്ടു് ജീവിതം വികസിക്കയില്ലെന്നും യഥാത്ഥ പുരോഗതിയും ശാന്തിയും സംതൃപ്തിയും ആത്മാവിന്റെ അന്തർലീനമായ ശക്തിവിശേഷങ്ങളുടെ പരിപോഷണത്തിലാണടങ്ങിയിരിക്കുന്നതെന്നും ആ കൊച്ചു ജീവിതകഥ ലോകത്തെ വിളിച്ചറിയിക്കുന്നു. ആത്മീയാദശങ്ങളുടെ പ്രേരണയിലും നിയന്ത്രണത്തിലും മനുഷ്യഗണത്തിന്റെ ആന്തരശക്തികളെ വളത്തുവാനുള്ള തീവ്രമായ ഒരാഹ്വാനമാണതു്. കലാകാരനും കവിയും സാഹിത്യോപാസകനുമെല്ലാം തത്വചിന്താമണ്ഡലത്തിൽക്കിടന്നു തപ്പിത്തടയുമ്പോൾ, അവർക്കു നേർവഴി കാട്ടിക്കൊടുത്തമഹത്തായ ജീവിതകഥ. ഇത്ര ലളിതവും ആത്മാത്ഥവുമായ ഒരു സ്വാനുഭവവിവരണം വിശ്വസാഹിത്യത്തിൽ മറെറാന്നുണ്ടായിട്ടില്ല.

വിശുദ്ധ ഇന്നു നമ്മോടുകൂടിയില്ല. അനർഘമായ ആ മൃതമേനിയെ ഭൂമി മൂടിവച്ചുകൊണ്ടിരിക്കയാണു്. എങ്കിലും അനശ്വരമായ ആദ്ധ്യാത്മികചൈതന്യം യുഗങ്ങളിലൂടെ അക്ഷയകാന്തിയോടും പ്രഭാപൂരത്തോടുംകൂടി മിന്നി പ്രകാശിച്ചുകൊണ്ടുതന്നെയിരിക്കും. നമ്മുടെ ജീവിതത്തിനു സ്വരവും രൂപവും കൈവളത്തിയിട്ടുള്ള ശക്തി വിശുദ്ധയുടെ ശക്തിയാണു്. ആ ശക്തി മണ്ണിലും വിണ്ണിലും കാന്തി വീശുന്നു. സാധാരണമനുഷ്യർ മറക്കപ്പെടുവാൻ മരിക്കുമ്പോൾ വിശുദ്ധാത്മാക്കൾ സ്മരിക്കപ്പെടുവാൻ മരിക്കുന്നു. മരണമാണവരുടെ ജീവിതം. വിശുദ്ധയുടെ ജീവിതത്തിൽ നാം ഉറങ്ങിക്കിടന്നു. അവിടുത്തെ അസ്തമയത്തിൽ നാം ഉണന്നു. ഹാ! ഈ ഉണർച്ച എക്കാലവും നമ്മിൽ ചൈതന്യത്തിന്റെ പ്രകർഷമുളവാക്കിയിരുന്നെങ്കിൽ!

അവൾ ഉദ്യാനത്തിൽ പിറന്നു. ഉദ്യാനത്തിൽ വളന്നു. ഇന്നും അവിടെത്തന്നെ വിരാജിക്കുന്നു. നാമാകട്ടെ ഫലശൂന്യമായ തറയിൽ പൊട്ടിക്കിളുത്തുനില്ക്കുന്നതേയുള്ളൂ. മരുഭൂമിപോലെ ശൂന്യമായ നമ്മുടെ ഹൃദയതലത്തിൽ ദൈവാനുഗ്രഹത്തിന്റെ കുസുമവൃഷ്ടിയുണ്ടാകുന്നതിനു് അനവരതം പ്രാത്ഥിക്കാം. അതിനായി ഉദ്യാനത്തിലേക്കു കണ്ണുകളെ തിരിക്കാം.

# മാർ ഈവാനിയോസ് തിരുമേനിയുടെ കത്തുകളും പ്രസംഗങ്ങളും

## III. മി. മാമ്മൻ മാപ്പിളയ്ക്കു് അയച്ച കത്തു്

(ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി)

1907-ൽ മദ്രാസ് ക്രിസ്ത്യൻ കോളേജിൽനിന്നും പ്രശസ്തനിലയിൽ എം. എ. ഡിഗ്രി സമ്പാദിച്ചശേഷം കോട്ടയത്തു മടങ്ങിയെത്തിയ ഗീവറുഗീസ് ശമ്മാശനെ (മാർ ഈവാനിയോസു മെത്രാപ്പോലീത്താ) എം. ഡി. സെമ്മിനാരി ഹൈസ്കൂൾ പ്രിൻസിപ്പാളായി വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ഉപദേശാനുസരണം പുലിക്കോട്ടു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ നിയമിക്കയുണ്ടായി. അന്നു് പ്രസ്തുത ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്ന മി. കെ. സി. മാമ്മൻ മാപ്പിളയുടെ കീഴിൽ അദ്ധ്യാപകനായി ഗീവറുഗീസ് ശമ്മാശനെ നിയമിക്കുന്നതിനും, മി. മാമ്മൻ മാപ്പിളയെ മാററി പകരം ഹെഡ്മാസ്റ്ററായി ശമ്മാശനെ നിയമിക്കുന്നതിനും മാറുമുണ്ടായ വൈമനസ്യംനിമിത്തമാണു് "പ്രിൻസിപ്പാൾ" എന്ന പുതിയ ഉദ്യോഗം സൃഷ്ടിച്ചു് ശമ്മാശനെ ആ സ്ഥാനത്തു നിയമിക്കയുണ്ടായതു്. എന്നാൽ പ്രസ്തുത നിയമനത്തിൽ ആദ്യംതന്നെ അസുഖം പ്രദശിപ്പിച്ചിരുന്ന മി. മാമ്മൻമാപ്പിള ഏതാനും മാസങ്ങൾക്കകം പ്രിൻസിപ്പാളുമായി അഭിപ്രായവ്യത്യാസമുണ്ടാകയും തൽഫലമായി ഹെഡ്മാസ്റ്റർ സ്ഥാനം രാജിവെച്ചു് "മലയാളമനോരമ" പത്രപ്രവത്തനത്തിൽ പ്രവേശിക്കയുമാണുണ്ടായതു്. അതിനുശേഷം പ്രിൻസിപ്പാൾ എന്ന നിലയിൽ ശമ്മാശന്റെ ചില പ്രവത്തനങ്ങളെ കഠിനമായി വിമശിച്ചുകൊണ്ടുള്ള ഏതാനും കത്തുകൾ ശമ്മാശനു് അയച്ചുകൊടുക്കയുണ്ടായി. തന്നിമിത്തം ശമ്മാശനും മാമ്മൻമാപ്പിളയുമായി ഏതാനും മാസക്കാലം അസുഖത്തിൽത്തന്നെ വത്തിച്ചുകൊണ്ടിരുന്നു.

കോട്ടയം പള്ളിയിൽവെച്ചു് 1909-ൽ ശമ്മാശൻ വൈദികപദവിയിലേക്കു് ഉയത്തപ്പെടുകയും അന്നുമുതൽ "എം. എ. അച്ചൻ" എന്ന നാമത്താൽ അറിയപ്പെടുകയുംചെയ്തു. വൈദികനായിത്തീന്നശേഷം മി. മാമ്മൻമാപ്പിളയുമായി എം. എ. അച്ചൻ രമ്യപ്പെടുകയും അനന്തരകാലഘട്ടത്തിൽ ആത്മസുഹൃത്തുക്കളായി അവർ സഹകരിച്ചുവത്തിക്കയും ചെയ്തുകൊണ്ടിരുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ ഹൃദയവിശാലതയേയും സഹനശക്തിയേയും ക്ഷമാശീലത്തേയും പ്രസ്പഷ്ടമാക്കുന്ന ഒരു സംഭവം വട്ടശ്ശേരിൽ മി. വി. എ. വറുഗീസ് ബി. എ. എൽ. ററി. അവർകളോടു് അക്കാലത്തു തിരുമേനിതന്നെ പറഞ്ഞതു് ഇപ്രകാരമായിരുന്നു: "എന്നെ അധിക്ഷേപിച്ചുകൊണ്ടു് എന്നിൽ വൈരാഗ്യം ഉളവാക്കുന്നതിനു പയ്യാപ്തമായ ഏതാനും കത്തുകൾ മി. മാമ്മൻമാപ്പിള എനിക്കു് അയച്ചുതരുകയുണ്ടായി. ഞാൻ ശമ്മാശനായിരുന്നപ്പോൾ പ്രസ്തുത കത്തുകളെല്ലാം ഭദ്രമായി സൂക്ഷിച്ചുകൊണ്ടിരുന്നു. എന്നാൽ ഞാൻ വൈദികനായിത്തീന്നശേഷം ആ കത്തുകൾ സൂക്ഷിക്കുന്നതു് ഒരുകാലത്തും നല്ലതല്ല എന്ന ബോദ്ധ്യംനിമിത്തം അവയെല്ലാം ഞാൻ ദഹിപ്പിച്ചുകളഞ്ഞു. അങ്ങനെ മി. മാമ്മൻമാപ്പിളയോടു് എന്റെ മനസ്സിൽ ഉണ്ടായിരുന്ന വിദ്വേഷം ആ കത്തുകൾ ദഹിപ്പിച്ചതിനോടുകൂടെ നിശ്ശേഷം നീങ്ങുകയും ചെയ്തു."

ഈ സംഭവത്തിനുശേഷം സഭാസംബന്ധമായും മറുമുള്ള എല്ലാ കാര്യങ്ങളിലും എം. എ. അച്ചനും മി. മാമ്മൻമാപ്പിളയും പരസ്പരം ആലോചിച്ചാണു് പ്രവത്തിച്ചുകൊണ്ടിരുന്നിട്ടുള്ളതു്. പത്രപ്രവത്തനത്തിലും രാഷ്ട്രീയകാര്യത്തിലും ബാങ്കിംഗ് ബിസ്സിനസ്സിലും പ്രവേശിക്കുന്നതിനും തൽഫലമായി രാജ്യത്തിനും പൊതുജനങ്ങൾക്കും പ്രയോജനപ്രദമായ നിരവധി കാര്യങ്ങൾ പ്രവത്തിക്കുന്നതിനും തനിക്കു് പ്രേരണനൽകിയതു് പ്രിൻസിപ്പാളുമായുണ്ടായ അഭിപ്രായവ്യത്യാസങ്ങളും, ഹെഡ്മാസ്റ്റർ ഉദ്യോഗത്തിൽനിന്നുമുണ്ടായ രാജിവയ്പുമാണെന്നു് പലപ്പോഴും പലരോടും മി. മാമ്മൻമാപ്പിള പ്രസ്താവിച്ചിട്ടുണ്ടു്. യാക്കോബായസഭയിലെ അന്തരീക്ഷം പ്രക്ഷുബ്ധമായിരുന്ന അക്കാലയളവിൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിക്കു് വേണ്ട ആലോചനകൾ നൽകിക്കൊണ്ടിരുന്നതു് എം. എ. അച്ചൻ, മെ. കെ. സി. മാമ്മൻമാപ്പിള ബി. എ., എ. പീലിപ്പോസ് എം. എ. ബി. എൽ., കെ. വി. ചാക്കോ ബി. എ. എൽ. ററി. എന്നിവരായിരുന്നു. ഈ നാലുപേരിൽ മി. മാമ്മൻമാപ്പിള ഒഴിച്ചുള്ള മൂന്നുപേരും പില്ക്കാലത്തു കത്തോലിക്കാസഭയെ ആശ്ലേഷിക്കയുണ്ടായി എന്നുള്ളതു ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രെ.

മാർ ഈവാനിയോസു തിരുമേനിയെ പ്രധാനായുധമാക്കിക്കൊണ്ടു് ഓർത്തഡോക്സുസഭയിലെ ഇതരമെത്രാന്മാർ നടത്തിക്കൊണ്ടിരുന്ന കത്തോലിക്കാപുനരൈക്യാലോചനകൾ മി. മാമ്മൻമാപ്പിളയും യഥാകാലം അറിഞ്ഞുകൊണ്ടാണു് ഇരുന്നിട്ടുള്ളതു്. എങ്കിലും അതിനു് എതിരായോ അനുകൂലമായോ എഴുതുന്നതിനോ പ്രവത്തിക്കുന്നതിനോ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയായിരുന്നു മി. മാമ്മൻമാപ്പിളയ്ക്കു് അന്നുണ്ടായിരുന്നതു്. നിഷ്പക്ഷനിലയിലുള്ള പത്രപ്രവത്തനവും വിവിധസഭകളിൽപ്പെട്ട ക്രൈസ്തവരായ സകലരുടേയും പരിപൂണ്ണസഹകരണത്തെ ആശ്രയിച്ചുനടത്തിക്കൊണ്ടിരുന്ന ബാങ്കിംഗും ശ്രേയസ്കരമായി പുരോഗമിക്കണമെങ്കിൽ ഏവംവിധമുള്ള ആലോചനകളിൽ പങ്കെടുക്കാതെയിരിക്കേണ്ടതാണെന്നു് ബുദ്ധിമാനായ മി. മാമ്മൻ മാപ്പിളയ്ക്കറിയാമായിരുന്നു. പുനരൈക്യപ്രസ്ഥാനം ആരംഭിച്ചിട്ടു് ഇരുപതിൽപ്പരം വർഷങ്ങൾ കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിലും മി. മാമ്മൻമാപ്പിളയുടെ ആ മനസ്ഥിതിക്കു് അല്പംപോലും വ്യതിചലനം സംഭവിച്ചിട്ടില്ലെന്നുള്ള പരമാത്ഥവും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

മാർ ഈവാനിയോസു തിരുമേനി ആശ്രമസ്ഥരുമൊന്നിച്ചു് ബഥനിമലയിൽനിന്നും ഇറങ്ങി വെണ്ണിക്കുളത്തു താമസിക്കുന്നുവെന്നും കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുവാൻ നിശ്ചയിച്ചുകഴിഞ്ഞുവെന്നും അറിഞ്ഞുകൊണ്ടു് മി. മാമ്മൻമാപ്പിള തിരുവല്ലായിൽചെന്നു് അഭിവന്ദ്യ തിരുമേനിയെ കാൺകയുണ്ടായി. കത്തോലിക്കാ പുനരൈക്യത്തിനു് തനിക്കു് പ്രേരണനൽകിയ ഒട്ടനേകം കാരണങ്ങളും സംഭവവികാസങ്ങളും മി. മാമ്മൻമാപ്പിളയോടു് വന്ദ്യതിരുമേനി തദവസരത്തിൽ പറയുകയുണ്ടായി. ഇതെപ്പററി വന്ദ്യതിരുമേനി തന്റെ മരണത്തിനു് രണ്ടു വർഷങ്ങൾക്കുമുമ്പു് എഴുതിയതും എന്റെ കൈവശം വന്നുചേർന്നിട്ടുള്ളതുമായ ആത്മകഥാകഥനത്തിൽ (കൈയെഴുത്തുപ്രതി) എഴുതിയിരിക്കുന്നതു് ഇപ്രകാരമാണു്:-

"ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ മി. കെ. സി. മാമ്മൻമാപ്പിള നമ്മെ കാണുവാനായി തിരുമൂലപുരം ആശ്രമത്തിൽ വന്നു. നാം കത്തോലിക്കാസഭയിൽ ചേരുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം അറിഞ്ഞുകൊണ്ടാണു് മാമ്മൻമാപ്പിള അവിടെ വന്നതു്. കത്തോലിക്കാസഭയോടു് പുനരൈക്യപ്പെടണമെന്നു നിശ്ചയിക്കുവാൻ നമ്മെ പ്രേരിപ്പിച്ച കാരണങ്ങൾ നാം മി. മാമ്മൻമാപ്പിളയോടു പറഞ്ഞപ്പോൾ അദ്ദേഹം മറുപടിയായി നമ്മോടു പറഞ്ഞതു് ഇപ്രകാരമാണു്:- "ഇപ്പറഞ്ഞ കാരണങ്ങളാൽ കത്തോലിക്കാസഭയുമായി യോജിക്കുവാൻ നിശ്ചയിച്ചിരിക്കുന്നുവെങ്കിൽ അതിനു് എതിരായി എനിക്കു് ഒന്നും പറയുവാനില്ല. എന്റെ മൂക്കിൽ ശ്വാസമുള്ള കാലത്തോളം ഞാനാകട്ടെ മനോരമപ്പത്രമാകട്ടെ തിരുമനസ്സിലെ പ്രസ്ഥാനത്തെ എതിക്കുന്നതുമല്ല." ഓർത്തഡോക്സുസഭയിൽ പ്രമുഖരായ പല ആളുകളും നമ്മെ വന്നു കാൺകയും അവരെല്ലാവരോടും നമ്മുടെ മനോബോദ്ധ്യം നാം വെളിപ്പെടുത്തുകയുംചെയ്തു." (ആത്മകഥാകഥനം)

കത്തോലിക്കാസഭയേയും പാപ്പാസിംഹാസനത്തേയും പററി ഇത്രമാത്രം അറിവും ബഹുമാനവുമുള്ള വേറൊരു വ്യക്തി കേരളത്തിലെ അകത്തോലിക്കാസഭാനേതാക്കന്മാരിൽ ഉണ്ടോ എന്നു സംശയിക്കത്തക്ക നിലയിലുള്ള ലേഖനങ്ങളും പത്രാധിപപ്രസംഗങ്ങളുമത്രേ വയോവൃദ്ധനും വിദ്യാവൃദ്ധനുമായ മി. മാമ്മൻമാപ്പിളയുടെ വിദഗ്ദ്ധമായ തൂലികയിൽനിന്നും പലപ്പോഴും നിഗ്ഗളിച്ചിട്ടുള്ളതു്. ഉദാഹരണാത്ഥം 1929 ജൂൺമാസം 4-ാം തീയതിയിലെ "മലയാളമനോരമ"യിൽ എഴുതിയിരുന്ന മുഖപ്രസംഗത്തിലെ ഒരു ഭാഗം താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"ക്രിസ്തുമതാരംഭംമുതൽക്കുതന്നെ ഒരു ക്രൈസ്തവകേന്ദ്രമായിത്തീന്നിട്ടുള്ള റോമാനഗരത്തിൽ ആദ്യകാലംമുതൽ അദ്യാപി നിലനിന്നുപോരുന്ന പാപ്പാസിംഹാസനം എത്രയോ പ്രാചീനമായ ഒരു സ്ഥാപനമാണെന്നു വിശേഷാൽ പറയേണ്ട ആവശ്യമില്ല. അനേക പ്രബലരാജ്യങ്ങളും സാമ്രാജ്യങ്ങളും അതിൽപ്പിന്നീടു് ലോകത്തിൽ ഉദിക്കുകയും അസ്തമിക്കുകയും ചെയ്തിട്ടുണ്ടു്. അവയുടെയൊക്കെ ഉയച്ചയേയും താഴ്ച്ചയേയും കണ്ടുകൊണ്ടു് ഇന്നും നിസ്തുലശോഭയോടും കീത്തിധാവള്യത്തോടുംകൂടെ പരിലസിക്കുന്നതിനുള്ള ഭാഗധേയം കത്തോലിക്കാസഭയ്ക്കും ആ സഭയുടെ അദ്ധ്യക്ഷപദത്തിനും മാത്രമേ സിദ്ധിച്ചിട്ടുള്ളു. ഭൂലോകം വിവിധജാതികളായും രാഷ്ട്രങ്ങളായും വേർതിരിക്കപ്പെട്ടിരിക്കുന്ന ഈ ആധുനികകാലത്തു് സാക്ഷാൽ സവ്വജാതികളുടെ ഭക്തിക്കും ബഹുമാനത്തിനും പാത്രീഭവിച്ചിട്ടുള്ള ഇതരസ്ഥാപനങ്ങളും വ്യക്തികളും ഇല്ലാതെയാണിരിക്കുന്നതു്. ജാതീയബോധമെന്നുള്ളതു് എത്രതന്നെ സ്പൃഹണീയമായ ഒരു ഗുണമായിരുന്നാലും സവ്വജാതീയബോധവും, സവ്വരാജ്യമൈത്രിയും ഭൂലോകസമാധാനത്തിനു് എത്രയും അത്യാവശ്യമാണെന്നുള്ള തത്വം പരിഷ്കൃതലോകത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഒരു സവ്വജാതീയധാമ്മികശക്തി ഇന്നു ലോകത്തിൽ ഉണ്ടെങ്കിൽ അതു മാപ്പാപ്പാ തിരുമനസ്സുകൊണ്ടല്ലാതെ മറെറാരുമല്ല. ഇംഗ്ലീഷുകാരനും ജമ്മൻകാരനും, പാശ്ചാത്യനും പൗരസ്ത്യനും എല്ലാം മാപ്പാപ്പാ തിരുമേനിയെ ഭക്ത്യാദരപൂവ്വം പരിഗണിക്കുകയും അദ്ദേഹത്തിന്റെ നീതിബോധത്തിലും നിഷ്പക്ഷതയിലും പരിപൂണ്ണമായി വിശ്വസിക്കുകയും ചെയ്യുന്നു. ഗ്രേററുബ്രിട്ടൻ, ഫ്രാൻസ്, ജമ്മനി, യൂണൈറെറഡ് സ്റ്റേററ്സ്, ആസ്ട്രേലിയാ, ബൽജിയം, ഇററലി തുടങ്ങി ലോകത്തിലുള്ള 40 രാജ്യങ്ങളിലെ പ്രതിനിധികൾ ഇപ്പോൾ മാപ്പാപ്പായുടെ തലസ്ഥാനത്തു വസിക്കുന്നുണ്ടു്. ആ രാജ്യങ്ങളിലേക്കും ഇതരരാജ്യങ്ങളിലേക്കും മാപ്പാപ്പാ തിരുമനസ്സിലെ പ്രതിനിധികൾ അയക്കപ്പെട്ടിട്ടുണ്ടു്.

ഇപ്രകാരമുള്ള രാഷ്ട്രീയബന്ധങ്ങൾ മാർപ്പാപ്പാ തിരുമേനിയുമായി ചെയ്തിട്ടുള്ളതു കത്തോലിക്കാ രാജ്യങ്ങളായ സ്പെയിനോ ഇററലിയോ ആസ്ത്രിയായോ മാത്രമല്ലെന്നും കത്തോലിക്കാജനസംഖ്യ കുറവായുള്ള ഇംഗ്ലണ്ട്, ജർമ്മനി, യുണൈറ്റഡ് സ്റ്റേറ്റ്സ് മുതലായ രാജ്യങ്ങൾക്കൂടെ ഉണ്ടെന്നും ഓർക്കുമ്പോഴാണ് മാർപ്പാപ്പാ തിരുമേനിയുടെ ധാർമ്മികശക്തിക്ക് ലോകം എത്രത്തോളം വില കല്പിക്കുന്നുണ്ടെന്ന് മനസ്സിലാകുന്നത്."

ഏവംവിധം കത്തോലിക്കാസഭയേയും പാപ്പാസിംഹാസനത്തേയുംപററി സമ്യക്കായ വിജ്ഞാനവും അത്യധികമായ ബഹുമാനവുമുള്ള മി. മാമ്മൻമാപ്പിള എന്തുകൊണ്ടാണ് കത്തോലിക്കാസഭയോട് പുനരൈക്യപ്പെടാതെ, ഇപ്പോഴും ഓർത്തഡോക്സ് സഭയിൽത്തന്നെ നിന്നുകൊണ്ട് പ്രസംഗങ്ങളാലും ലേഖനങ്ങളാലും സമുദായഭിന്നതകളെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്നുള്ള ചോദ്യം അനേകായിരങ്ങളുടെ നാവിൽനിന്നും പുറപ്പെടുന്നെങ്കിൽ അതിൽ തെല്ലും അത്ഭുതത്തിനവകാശമില്ല.

മാർ ഈവാനിയോസു തിരുമേനി ബഥനിമലയിൽനിന്നും ഇറങ്ങി വെണ്ണിക്കുളത്തു താമസിച്ചുകൊണ്ടിരുന്ന കാലയളവിൽ (കത്തോലിക്കാ പുനരൈക്യത്തിനുമുമ്പു) തൻെറ ആത്മസുഹൃത്തായ മി. മാമ്മൻമാപ്പിളയ്ക്ക് അയച്ച ഒരു കത്തിൻെറ പരിഭാഷ ചുവടെ ചേർത്തുകൊള്ളുന്നു.

My dear Sir,

നിങ്ങളെപ്പററിയുള്ള സ്മരണ ഈ ദിവസങ്ങളിൽ പലപ്രാവശ്യം എൻെറ മനസ്സിൽ ഉണ്ടായിട്ടുണ്ട്. ഒരു മഹത്തായ ആദർശത്തെ സ്വീകരിക്കുന്നതിനുവേണ്ടി പെരുനാട്ടിലുള്ള ബഥനീസ്ഥലങ്ങൾ ഉപേക്ഷിക്കുന്നതിനുള്ള പരിപൂർണ്ണസന്നദ്ധതയോടുകൂടെ അവിടെനിന്നും ഞാൻ ഇറങ്ങിപ്പോരുകയാണുണ്ടായത്. സന്യാസസമൂഹാംഗങ്ങളായ ആശ്രമസ്ഥരും എന്നോടൊന്നിച്ച് ഇറങ്ങി ഇവിടെവന്നു താമസിക്കുന്നു, ഇക്കാര്യത്തിൽ ഞാൻ വയ്ക്കുന്ന ഓരോ അടിയിലും നല്ലവനായ ദൈവം എന്നെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള പരിപൂർണ്ണ വിശ്വാസം ആണ് എനിക്കുള്ളത്. ഞാൻ ഉൾപ്പെട്ടുനില്ക്കുന്ന സമുദായത്തിൻെറ പുനരുജ്ജീവനവും സമുദ്ധാരണവും വഴിയായി അതിനെ ദൈവത്തിങ്കലേക്ക് ആനയിക്കണം എന്നുള്ളതത്രെ എൻെറ അതിപ്രധാനമായ ആഗ്രഹം. സ്വാർത്ഥപരമായ യാതൊരു ഉദ്ദേശവും ഇക്കാര്യത്തിൽ എനിക്കില്ലെന്നു ഞാൻ ഇതാ ഉറപ്പു നൽകിക്കൊള്ളുന്നു. ചരിത്രപരമായ ക്രിസ്തുമതത്തിൻെറ അടിസ്ഥാനത്തിന്മേലുള്ള ക്രിസ്തുസഭകളുടെ പുനരൈക്യത്തിൽ ഞാൻ യഥാർത്ഥമായി വിശ്വസിക്കുന്നു. ഇതിലെ പ്രധാന ഘടകം റോമാ ആകയാൽ റോമിനെ പരിത്യജിച്ചുകൊണ്ടുള്ള പുനരൈക്യം യഥാർത്ഥപുനരൈക്യമാകുന്നതല്ല. ഈ ഉദ്ദേശ്യസാദ്ധ്യത്തിനായി എന്നെത്തന്നെ സമർപ്പിക്കുന്നതിനു ദിവ്യാരൂപി എന്നെ ശക്തിമത്തായി നിർബന്ധിച്ചുകൊണ്ടിരിക്കുന്നു. ഏതൊരു സമുദായത്തേയും സമുദ്ധരിക്കുന്നതിനു മഹത്തമമായ ആദർശത്തിനുവേണ്ടിയുള്ള ഒരു പ്രേരകശക്തി അത്യന്താപേക്ഷിതമത്രേ. അപ്രകാരമുള്ള ഒരു ആദർശത്തിനുവേണ്ടിയുള്ള ദിവ്യാഹ്വാനമാണ് എനിക്കുള്ളത് എന്നു ഞാൻ സുദൃഢം വിശ്വസിക്കുന്നു......

യാക്കോബായസഭ ഇതേവരെ സ്വീകരിച്ചിട്ടുള്ള ആദർശങ്ങളും മാർഗ്ഗങ്ങളും ആ സമുദായത്തെ അധഃപതിപ്പിക്കുന്നതിനു മാത്രമേ പര്യാപ്തമായിട്ടുള്ളു എന്നത്രേ എൻെറ വിശ്വാസം. കത്തോലിക്കാസഭാപുനരൈക്യത്തെപ്പററിയുള്ള എൻെറ അഭിപ്രായങ്ങളുമായി യോജിക്കുവാൻ നിങ്ങൾക്ക് ഇപ്പോൾ നിവൃത്തിയില്ലെന്നുള്ള പരമാർത്ഥം എനിക്ക് അറിയാം. ആകയാൽ "പരസ്പരം ഭിന്നിക്കുന്ന എന്ന കാര്യത്തിൽ മാത്രം യോജിക്കുകയും എന്നാൽ അതേസമയം ഉത്തമസുഹൃത്തുക്കളെപ്പോലെ നമുക്ക് വർത്തിക്കുകയും ചെയ്യാം" എന്ന പ്രമാണത്തിൽ തല്ക്കാലം നമുക്ക് തൃപ്തിപ്പെടാം. ഇക്കഴിഞ്ഞ മാസങ്ങളിൽ പലപ്രാവശ്യം നിങ്ങൾ എന്നെ സന്ദർശിക്കുകയും, വിഷമങ്ങളിൽ എന്നെ സമാശ്വസിപ്പിക്കുകയും, വേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും ചെയ്തതിനു നിങ്ങളോട് ഞാൻ ഏററം കൃതജ്ഞനായിരിക്കുന്നു.

തൻെറ സ്നേഹമാകുന്ന മഹാസമുദ്രത്തിലേക്കു ചാടുവാൻ സർവ്വശക്തനായ ദൈവം എന്നെ വിളിക്കുന്നു എന്ന് എൻെറ അന്തഃകരണം എന്നെ ഉദ്ബോധിപ്പിക്കുന്നു. അതേ, അതുമാത്രമാണ് ഈ വിഷയത്തിൽ എനിക്കുള്ള ഏകകാരണം. റോമായുമായി നടത്തിയിട്ടുള്ള എഴുത്തുകുത്തുകളിൽ സ്വാർത്ഥപരമായ എന്തെങ്കിലും ഉദ്ദേശത്തോടുകൂടെ ഒരൊററ വാക്കുപോലും ഞാൻ എഴുതിയിട്ടില്ല. ദൈവമഹത്വവും യാക്കോബായസമുദായത്തിൻെറ അഭ്യുന്നതിയും മാത്തോമ്മാശ്ലീഹായുടെ ആത്മീയസന്താനങ്ങളുടെ പുനരൈക്യവും മാത്രമേ ഇക്കാര്യത്തിൽ എനിക്കു പ്രേരകമായിരുന്നിട്ടുള്ളു. നമ്മുടെ ആരാധനാരീതികളും കർമ്മാചാരങ്ങളും അനുവദിക്കുകയും, പട്ടത്വത്തിൻെറ സാധുത്വം അംഗീകരിക്കുകയും ചെയ്യണമെന്നാണ് ഞാൻ റോമിലേക്ക് അപേക്ഷിക്കയുണ്ടായത്. അവയെല്ലാം അനുവദിച്ചുകൊണ്ടുള്ള കല്പന ലഭിച്ചിരിക്കുന്നു. റോമുമായി നടത്തിയ എഴുത്തുകുത്തുകളിൽ കാതോലിക്കാസിംഹാസനത്തിൻെറ നിലനിൽപും, മെത്രാൻകക്ഷിയുടെ ഒന്നടങ്കമുള്ള പുനരൈക്യവും തദ്വാരാ പുത്തൻകൂർ പഴയകൂർ യോജിപ്പും ഞാൻ പ്രധാനലക്ഷ്യമാക്കിയിരുന്നു. ഏവംവിധം നമ്മുടെ സമുദായത്തിൻെറ നന്മയ്ക്കുവേണ്ടി ഞാൻ പ്രവർത്തിച്ചതുനിമിത്തം നിർദ്ദയമായ നിരവധി പീഡനങ്ങളെ അഭിമുഖീകരിക്കേണ്ടതായിവന്നുകൂടിയിരിക്കുന്നു. ഏതാദൃശപീഡനങ്ങൾ പുണ്യവർദ്ധനവിനു പ്രയോജകീഭവിക്കുന്നതാകയാൽ അവയെല്ലാം ഞാൻ ക്ഷമാപൂർവ്വം സഹിക്കുകയും അവയുടെ കർത്താക്കളോടു കൃതജ്ഞനായിരിക്കയും ചെയ്യുന്നു. ഇക്കഴിഞ്ഞ ശനിയാഴ്ച മാർ ദിവന്നാസ്യോസു തിരുമേനി എന്നെ കാണുന്നതിനായി തിരുവല്ലായിൽ എഴുന്നെള്ളുകയുണ്ടായി. തദവസരത്തിൽ, ഏററം മഹത്തായതെന്നു പരിപൂർണ്ണമായി ഞാൻ വിശ്വസിക്കുന്ന ഒരു ആദർശത്തെ പിൻചെല്ലുന്നതിനു ദൈവം എന്നെ വിളിക്കുന്നു എന്ന മനോബോദ്ധ്യം ഞാൻ അദ്ദേഹത്തെ അറിയിക്കയുണ്ടായി എന്ന വിവരവും എഴുതിക്കൊള്ളുന്നു.

എന്നു,

സ്നേഹബഹുമാനപുരസ്സരം

മാർ ഈവാനിയോസ്

മെത്രാപ്പോലീത്താ (ഒപ്പ്)

—

ഒരു കഥ

# ചെങ്കുപ്പായം

(എം. ഒ. ജോസഫ്, നെടുങ്കുന്നം)

എ. ഡി. 64-ലെ നിശാപൂർണ്ണമായ ഒരു രാത്രി. റോമയിലെ ഏഴു കുന്നുകളിൽ ഒന്നിലേക്കു ഒരു മനുഷ്യൻ കയറിക്കൊണ്ടിരിക്കുകയായിരുന്നു. ആയാളുടെ വലത്തെ കൈമേൽ സിംഹനഖങ്ങളുടെ പാടുകൾ ഉണ്ടായിരുന്നു. അതിൽനിന്നു പ്രവഹിച്ചിരുന്ന രക്തം അയാളുടെ വസ്ത്രങ്ങളെ ചെഞ്ചായം പൂശിക്കൊണ്ടിരുന്നു.

കുന്നിൻെറ മുകളിലെത്തിയപ്പോൾ, അയാൾ ഒന്നു തിരിഞ്ഞ്, താൻ വിട്ടുപോന്ന പട്ടണത്തിലേക്കു നോക്കി. അവിടം



ധൂമാവൃതമായിരിക്കുന്നു. അതിനിടയിൽ നിന്ന്, അഗ്നിശിഖകൾ ആകാശത്തെ എത്തിപ്പിടിക്കുവാൻ വെമ്പിക്കൊണ്ടിരുന്നു. അതേ, റോമാപ്പട്ടണം അഗ്നിക്കിരയായിരിക്കുന്നു. ആ പ്രാചീനപരിഷ്കാരകേദാരം ബുഭുക്ഷുവായ അഗ്നിയുടെ ആലിംഗനത്താൽ കരിയും ചാമ്പലുമായി തെരുവീഥിയിലേക്കു ഇടിഞ്ഞുവീണുകൊണ്ടിരുന്നു.

ആ യാത്രക്കാരൻ ക്ഷീണം തീർക്കുവാനെന്നപോലെ ഒന്നു നിശ്വസിച്ചു. അപ്പോഴേക്കും ആയാളുടെ അടുക്കലേക്ക്, ആയാളെപ്പോലെയുള്ള അഭയാർത്ഥികളുടെ ഒരു പ്രവാഹം ഓടിയടുത്തു. കാൽനടയായി എത്തിയവരും വണ്ടിയിൽ വന്നവരും അക്കൂട്ടത്തിലുണ്ടായിരുന്നു. അവരുടെ ദീർഘനിശ്വാസങ്ങൾ, ആക്രോശങ്ങൾ, ശാപവചസ്സുകൾ, ആയാൾക്കു ചുററും അലയടിച്ചു.

അവർ ആയാളെ ഉററുനോക്കി. ആ ചിന്താക്രാന്തമായ മുഖം; വെട്ടിത്തിളങ്ങുന്ന കണ്ണുകൾ; ആർദ്രഭാവം സ്ഫുരിക്കുന്ന അധരങ്ങൾ. നീളം കുറഞ്ഞ ഒരു ഖഡ്ഗം ആയാളുടെ അരക്കെട്ടിൽ തൂങ്ങിക്കിടന്നു.

പട്ടണത്തിലേക്കുതന്നെ നോക്കിക്കൊണ്ട് ആയാൾ വളരെനേരം നിന്നു. ആരും അലോസരപ്പെടുത്തിയില്ല. ഒടുവിൽ സമീപം നിന്നിരുന്ന മറെറാരു അഭയാർത്ഥി—സംസാരംകൊണ്ട് ഒരു ഗ്രീക്കുകാരനാണെന്നു തോന്നുന്നു—പറഞ്ഞു:

"ഇന്ന് എത്ര കുടുംബങ്ങൾ ഈ കുന്നിൻപുറത്തു വെളിംപ്രദേശത്തു കഴിച്ചുകൂട്ടേണ്ടിവന്നിരിക്കുന്നു. നിങ്ങളും എന്നെപ്പോലെ ഒരു വിദേശിയാണെന്നു തോന്നുന്നു. അതുകൊണ്ട്, മുൻവിധി കൂടാതെ ഇതിനെപ്പററി ചിന്തിക്കാമല്ലോ..... അല്ലാ, നിങ്ങളുടെ കൈമേൽ എന്താണ്? മുറിവുകൾ; പുതിയ മുറിവുകൾ. വല്ല വന്യമൃഗങ്ങളും നിങ്ങളെ ആക്രമിച്ചിരിക്കണം."

"സാരമില്ല. അത്ര ആഴത്തിലുള്ള മുറിവുകളല്ല. അവ കരിഞ്ഞുതുടങ്ങിയിട്ടുമുണ്ട്." ആ യാത്രക്കാരൻ പ്രതിവചിച്ചു. എതിർചോദ്യം ഉണ്ടാകാത്തവിധത്തിൽ പഴുതടച്ചുള്ള ഒരു മറുപടി. എങ്കിലും ആ യവനൻ തൃപ്തിപ്പെട്ടില്ല. ആയാൾ മുന്നോട്ടു കുനിഞ്ഞ് ആ യാത്രക്കാരൻെറ മുഖത്തു സൂക്ഷിച്ചുനോക്കി.

"അല്ലല്ല. ഞാൻ ഇന്നു വൈകുന്നേരം നിങ്ങളെ മല്ലയുദ്ധരംഗത്തിൽവെച്ചു കണ്ടല്ലോ. നിങ്ങളായിരുന്നില്ലേ അതു? രക്തപങ്കിലമായ ആ യുദ്ധരംഗം. നിങ്ങളുടെ ഏതോ ഒരു ക്യാപ്ററൻെറ ശവസംസ്കാരത്തിനു മോടികൂട്ടാനല്ലേ ആ മല്ലയുദ്ധം നടത്തപ്പെട്ടതു? അവിടെ ഒരു പടയാളി—എന്തോ അത്ഭുതത്താൽ—ചീറിപ്പാഞ്ഞണഞ്ഞ സിംഹത്തിൻെറ ആക്രമണത്തിൽനിന്നു രക്ഷപെടുന്നതു ഞാൻ കണ്ടു."

"അത്ഭുതത്താൽ തന്നെ." ധ്യാനനിമഗ്നനായിരുന്ന ആ യാത്രക്കാരൻ സമ്മതിച്ചു.

"അത്ഭുതത്താൽ തന്നെ." ആ യവനൻ തുടർന്നു. "എന്തെന്നാൽ പടയാളിയെ മാന്തിപ്പൊളിക്കുന്നതിനായി സിംഹം തൻെറ കൂർത്ത നഖങ്ങൾ ആയാളുടെമേൽ പതിച്ചു. പക്ഷെ തൽക്ഷണം അതു മരിച്ചുവീഴുന്നതാണു ഞാൻ കണ്ടതു്. അദൃശ്യനായ ഏതോ ഭടൻെറ വാൾപ്രയോഗത്താലെന്നപോലെ. വിനോദപ്രകടനങ്ങളിൽ വിരക്തി തോന്നിയ നീറോ ചക്രവർത്തി തൽക്ഷണം തന്നെ അതു് അവസാനിപ്പിക്കുവാൻ കല്പനയുമായി. അപ്പോൾ ആ പടയാളി നിങ്ങളായിരുന്നോ?"

"ആണെങ്കിൽ..." യാത്രക്കാരൻ ചോദിച്ചു.

"ഞാൻ നിങ്ങളെ സഹായിക്കാം." ആ യവനൻ സ്വരം താഴ്ത്തി പറഞ്ഞു. "ഭീരുവായ നീറോ, തൻെറ മൃഗീയമായ ആനന്ദത്തിനുവേണ്ടി ക്രിസ്ത്യാനികളെയും അടിമകളെയും വന്യമൃഗങ്ങൾക്കിട്ടുകൊടുക്കുന്നു. എന്തിന് ആയാൾതന്നെയല്ലേ ഇപ്പോൾ ഈ പട്ടണത്തിനു തീവച്ചിരിക്കുന്നതു!! അങ്ങനെയാണു ജനസംസാരം. ആയാളിൽനിന്നു രക്ഷപ്രാപിക്കുവാൻ നിങ്ങളെ സഹായിക്കുന്നതിലാണ് എൻെറ ആനന്ദം."

ആ യാത്രക്കാരൻ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു: "വന്ദനം സ്നേഹിതാ! പക്ഷെ ഞാൻ രക്ഷപെട്ടുകഴിഞ്ഞല്ലോ. തീപിടുത്തത്തിൻെറ ആ ബഹളത്തിൽ ഒരു കാവൽക്കാരൻ എന്നെ മോചിപ്പിച്ചു. മാത്രമല്ല, എൻെറ രക്ഷാസൂത്രം എപ്പോഴും ഞാൻ എന്നോടുകൂടിത്തന്നെ കൊണ്ടുനടക്കുന്നുമുണ്ട്."

ആ യാത്രക്കാരൻ, വളരെ ശ്രദ്ധാപൂർവ്വം, ആദരവോടുകൂടി, തൻെറ മേലങ്കിയുടെ ഉള്ളിൽനിന്നും എന്തോ ഒരു സാധനം വലിച്ചെടുത്തു. ആ യവനൻ സൂക്ഷിച്ചുനോക്കി. അതൊരു കുട്ടിയുടുപ്പായിരുന്നു. ചുവന്ന പട്ടിൽ അരികിലെല്ലാം സ്വർണ്ണക്കസവു തുന്നിപ്പിടിപ്പിച്ചിട്ടുള്ള മനോഹരമായ ഒരു ഉടുപ്പ്. വളരെ പഴയതാണെന്നുള്ളതു സ്പഷ്ടം.

"കഴിഞ്ഞ 31 കൊല്ലങ്ങളായി ഞാൻ ഇതു എന്നോടുകൂടി കൊണ്ടുനടക്കുന്നു." ആ പടയാളി പറഞ്ഞു. "എനിക്ക് ഏഴുവയസ്സായ കാലത്ത് എൻെറ അമ്മ എനിക്കായി ഇതു തൈച്ചതും ഞാൻ ഇതു് ആദ്യം ധരിച്ചതുമെല്ലാം ഇന്നെന്നപോലെ ഞാൻ ഓർക്കുന്നു....."

* * *

ആദ്യംമുതൽതന്നെ അതൊരു അത്ഭുതകരമായ ഉടുപ്പായിരുന്നു. കായുസിനു്—അതായിരുന്നു ആ പടയാളിയുടെ പേർ—അതിനുമുൻപു് അത്രമനോഹരമോ വിലയേറിയതോ ആയ ഒരുടുപ്പ് ലഭിച്ചിരുന്നില്ല. അതിൻെറ തുണി ബാബിലോണിലെ സിൽക്കുകടകളിൽനിന്നു വാങ്ങിച്ചിട്ടുള്ളതാണ്. സ്വർണ്ണനൂൽകൊണ്ടാണ് അതു തൈച്ചതു്. യൂദായിലെ പ്രൊക്കുറേററായ പീലാത്തോസിൻെറ സൈന്യത്തിലെ ഒരു ക്യാപ്ററൻെറ പുത്രനു യോജിച്ച ഉടുപ്പ്. കായുസിൻെറ പിതാവായ ഗ്ലാക്കുവസ് ഒരു ക്യാപ്ററനായിരുന്നു.

ആ ഉടുപ്പിൽ ഗ്ലാക്കുവസ് അഭിമാനം കൊണ്ടു. അത്ര രാജയോഗ്യമായ ഒരുടുപ്പ് തൻെറ പുത്രനു ലഭിച്ചതിൽ. അതിലധികമായി, തൻെറ പ്രിയഭാര്യയുടെ, അദീനായുടെ, പേലവകരങ്ങളാണ് അതു തൈച്ചതെന്നുള്ളതിൽ. അദീനായുടെ കരകൗശലങ്ങളിൽ അയാൾ എപ്പോഴും അഭിമാനംകൊണ്ടിരുന്നു. ഇരുപതു ദെനാരിനാണയം—ഒരു വലിയ സംഖ്യതന്നെ—അതിനു ചെലവാക്കിയെന്നുള്ളതിലും ആയാൾക്കു അഭിമാനിക്കുവാനുണ്ടായിരുന്നു.

ആയാൾ കായുസിനോടു പറഞ്ഞു: "നോക്കു്. പട്ടാളക്കാരുടെ പിള്ളേരോടുകൂടി കൊട്ടാരമിററത്തു് മണ്ണുവാരിക്കളിക്കുമ്പോൾ ഇടാനുള്ളതല്ലിതു്. അങ്ങനെയിതു കളയുകയുമരുതു്. ഏതെങ്കിലും പ്രധാന സന്ദർഭത്തിലോ ആഘോഷത്തിലോ വേണം ഇതു ധരിക്കുവാൻ. അങ്ങനെയായാൽ നിനക്കും എനിക്കും നിൻെറ അമ്മയ്ക്കും ഒന്നുപോലെ അതു് അഭിമാനകരമായിരിക്കും."

പ്രേമാർദ്രങ്ങളായ കൺകോണുകളാൽ ഭർത്താവിനെ നോക്കി പുഞ്ചിരിച്ചുകൊണ്ടു് അദീന പറഞ്ഞു: "അതേ, മകനേ. അപ്പൻ പറഞ്ഞതു് മറക്കരുതു്. ഏററവും ആഡംബരപൂർണ്ണമായ ഒരു ദിവ



സം വേണം ഇതു് ആദ്യം ധരിക്കുവാൻ. ഇതുപോലെ മറ്റൊന്നു വാങ്ങിത്തരികയെന്നതു് അത്ര എളുപ്പം സാധിക്കുന്നകാര്യമല്ല."

"തിബേരിയസിൽ അടുത്തുതന്നെ കുതിരപ്പന്തയം ഉണ്ടാകുമല്ലോ." ക്യാപ്റ്റൻ ഗ്ലാക്കവസ് പറഞ്ഞു. "അല്ലെങ്കിൽ നാടകം കാണുവാൻ പോകുമ്പോഴോ കായികമത്സരങ്ങൾ കാണുവാൻ പോകുമ്പോഴോ ആകാം."

"ഇവിടെ ഓർശ്ലമിലെ പെരുനാൾ അവസരത്തിലാകാമല്ലോ. അന്നു് ഹേറോദേശുതന്നെ സർവ്വാഭരണവിഭൂഷിതനായി, രാജകീയപ്രൗഢിയോടെ എഴുന്നള്ളും." ഇതു് അദീനായുടെ അഭിപ്രായമാണു്. ഭർത്താവു് അതിനെ ശരിവെച്ചു. "ഉള്ളതുതന്നെ. അതുപോലെ പ്രധാനമായ ഒരു സന്ദർഭത്തിലേക്കു് ഈ ഉടുപ്പു് സൂക്ഷിച്ചുവെക്കേണ്ടതാണു്. ഒരു രാജാവിനുപററിയ ഉടുപ്പാണിതു്."

പക്ഷെ ഈ ഉപദേശങ്ങളൊന്നും കായൂസിനു് ആവശ്യമുണ്ടായിരുന്നില്ല. ഉടുപ്പുകണ്ടപ്പോൾ തന്നെ അതു കാര്യമായി സൂക്ഷിക്കേണ്ട ഒന്നാണെന്നു് അവൻ തീരുമാനിച്ചുകഴിഞ്ഞിരുന്നു. നാടകമോ, കായികാഭ്യാസമോ കാണുവാൻ പോകുമ്പോൾ ധരിക്കേണ്ടതല്ലിതു്. എന്തിനു്, ഹേറോദേശിന്റെ രാജധാനിയിൽ തന്നെ ഇത്തരമൊരു ഉടുപ്പു് ധരിക്കേണ്ട ആവശ്യമില്ല. അതിനുമാത്രമുള്ള ഒരു ബഹുമാനം ആയാൾ അർഹിക്കുന്നില്ല.

ഹേറോദേശു്. വെറും ഒരു ദേശാധിപതി. രാജാവുപോലുമല്ല. ഒരു രാജാവിന്റെ പ്രൗഢിയോടെ, റോമാക്കാരുടെ സഹായംകൊണ്ടു്, ജീവിക്കുന്നുവെന്നേയുള്ളൂ. പക്ഷെ, ഒരു മനുഷ്യനു വേണ്ട ഗുണങ്ങളൊന്നും ആയാൾക്കില്ലെന്നു് അപ്പന്റെ സംസാരത്തിൽനിന്നു കായൂസ് ഗ്രഹിച്ചിട്ടുണ്ടു്.

റോമയിലുള്ള ടിബേരിയസ് സീസർ ആണു് രാജാവു്. ബുദ്ധിമാനും പ്രാപ്തനും പ്രതാപവാനുമായ രാജാവു; അല്ലാ ചക്രവർത്തി. ഈ മനോഹരമായ ഉടുപ്പു ടിബേരിയസ് സീസറിന്റെ മുൻപാകെ ധരിക്കുവാൻ സാധിച്ചെങ്കിൽ. കായൂസിന്റെ ചിന്ത അങ്ങനെയാണു പോയതു്.

മററു പട്ടാളക്കാരുടെ കുട്ടികളുമായി കളിക്കുമ്പോൾ, അവരോടു മല്ലിടുമ്പോൾ, തന്റെ അമൂല്യമായ ഉടുപ്പുംധരിച്ചു സീസറിന്റെ മുൻപാകെ നിൽക്കുന്ന നില അവൻ ഓർത്തുപോകാറുണ്ടു്. "വിലയേറിയ ചുവപ്പുടുപ്പും ധരിച്ചു സീസറിന്റെ കൊട്ടാരം കാത്തുനിൽക്കുന്ന കായൂസിനെ കണ്ടാലും". അവൻ തന്നത്താൻ പറഞ്ഞുപോകും. അല്ലെങ്കിൽ, "സിറിയായിലെയോ ബാബിലോണിയായിലെയോ ഗവർണർ ആക്കപ്പെടുന്നതിനായി സീസറിന്റെ മുൻപിൽ മുട്ടുകുത്തിയിരിക്കുന്ന ചുവപ്പുടുപ്പു ധരിച്ച കായൂസിനെ കണ്ടാലും". അവൻ ഓർത്തുപോകാറുണ്ടു്.

* * *

അവിടെ പല ആഘോഷങ്ങളും നടന്നു. പല ഉത്സവങ്ങളും. പുതിയ ഉടുപ്പു ധരിച്ചു് അതിൽ സംബന്ധിക്കുവാൻ അദീനായും ഗ്ലാക്കവസും അവനെ നിർബന്ധിച്ചു. പക്ഷെ കായൂസ് അതു കൂട്ടാക്കിയില്ല. ഓരോരോ മുടന്തൻന്യായങ്ങൾ പറഞ്ഞു് അതിൽനിന്നൊക്കെ അവൻ ഒഴിഞ്ഞുനിന്നു. രാജാധിരാജനായ ഒരു ചക്രവർത്തിയുടെ സമക്ഷം ആ ഉടുപ്പും ധരിച്ചു് ആദ്യം പ്രത്യക്ഷപ്പെടുക എന്ന ചിന്ത സദാ അവന്റെ മസ്തിഷ്കത്തിൽ ഓളംവെട്ടിക്കൊണ്ടിരുന്നു.


# ദി കാത്തലിക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5,92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,57,573 |
| 1951 | 5,95,750 | 19.39,775 | 25,13,684 | 32,24,250 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കഞ്ചെറിയാ ററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ)


ഗ്ലാക്കവസ് മകന്റെ ഈ മർക്കടമുഷ്ടിയിൽ അസംതൃപ്തനായി. "നിന്റെ മകന്റെ ദുശ്ശീലം കണ്ടോ?" ആ പടയാളി അദീനായോടു പറഞ്ഞു. "അവൻ ഇപ്പോൾ പറഞ്ഞാൽ കേൾക്കില്ല. സ്വന്തം ഇഷ്ടമാണു പ്രമാണം. കാശുമുടക്കി ഉടുപ്പുണ്ടാക്കിയതു് പെട്ടിയിൽ പൂട്ടിവച്ചേക്കാനാണോ?"

ഹേറോദേശിന്റെ ജന്മനക്ഷത്രദിനം, കുതിരപ്പന്തയം, യഹൂദന്മാരുടെ പെരുനാളുകൾ ഇങ്ങനെ എത്രയെത്ര നല്ല സന്ദർഭങ്ങളുണ്ടായി. ബാബിലോണിയന്മാരും ഫിനീഷ്യന്മാരും ഗലീലിയാക്കാരും നയനമോഹനങ്ങളായ വസ്ത്രാംശുകങ്ങൾ അണിഞ്ഞു തെരുവീഥികളെ ആകർഷകമാക്കിത്തീർത്തിരുന്നു. ഒരു റോമൻ പടനായകന്റെ പുത്രൻ അവരെക്കാൾ മോടിയായി നടക്കേണ്ടതല്ലേ? പക്ഷെ എത്രപറഞ്ഞാലും കായൂസ് ആ ഉടുപ്പു ധരിക്കുകയില്ല. "രാജാവിന്റെ മുൻപിൽ മാത്രമേ ഞാൻ അതു ധരിക്കൂ." അവൻ പിന്നെയും ശാഠ്യംപിടിച്ചു.

ഗ്ലാക്കവസിന്റെയും അദീനായുടെയും ക്ഷമ നശിച്ചു. "ആ ഉടുപ്പിനു നാം അമിതമായ പ്രാധാന്യം നൽകി." അയാൾ ഭാര്യയോടു പറഞ്ഞു: "നമ്മുടെ കുററം തന്നെ. അവൻ ഇപ്പോൾ അതൊരു പരിശുദ്ധ വസ്ത്രംപോലെയാണു കരുതുന്നതു്. അവൻ അതൊരിക്കലും ധരിക്കുകയില്ല. അവൻ വളരുന്നതിനു് ഒപ്പിച്ചു് ഉടുപ്പു വളരുകയില്ലല്ലോ."

അദീനാ സമ്മതിച്ചു. "പക്ഷെ എന്തു ചെയ്യുവാൻ കഴിയും? ധീരനായ ഒരു റോമൻ പടനായകനു യോജിച്ച ധീരതയും മനഃസ്ഥൈര്യവും അവനുണ്ടു്. അതേസമയം ഒരു കുഞ്ഞാടിനെപ്പോലെ ശാന്തനും മൃദുലചിത്തനുമാണവൻ. അവനെ എനിക്കു ശിക്ഷിക്കാൻവയ്യ. അവനോടു വാദിച്ചു ജയിക്കാനും എനിക്കു സാധിക്കുന്നില്ല."

"ശരി, ഞാൻ ചെയ്യാം". ഒരു കുടുംബനായകന്റെ അധികാരഗൗരവത്തോടെ ക്യാപ്റ്റൻ ഗ്ലാക്കവസ് പറഞ്ഞു. "ഇനി അടുത്തുവരുന്ന ഒരു വിശേഷദിവസം അവൻ ഈ ഉടുപ്പു ധരിച്ചേ മതിയാവൂ. ഈ തോന്ന്യാസം ഇനിയും അനുവദിക്കാവുന്നതല്ല."

പക്ഷെ ഒന്നിലധികം വിശേഷദിവസങ്ങൾ പിന്നെയും ഉണ്ടായെങ്കിലും, ഗ്ലാക്കവസിനു തന്റെ തീരുമാനം നടപ്പിൽവരുത്തുവാൻ തരപ്പെട്ടില്ല. അയാളുടെ ശ്രദ്ധ മററുകാര്യങ്ങളിൽ പതിക്കേണ്ടിവന്നതാണു് കാരണം.

"എന്തെങ്കിലും കുഴപ്പങ്ങൾ ഉണ്ടായേക്കാമെന്നാണു ശതാധിപന്റെ അഭിപ്രായം." ഒരുദിവസം അയാൾ ഭാര്യയോടു പറഞ്ഞു. "ജറീക്കോയിൽനിന്നു് ഈ യൂദന്മാരുടെ ഒരു പ്രവാചകനോ മറേറാ വരുന്നു. ഈശോയെന്നാണത്രേ പേരു്. ആയാളെപ്പററി വളരെ എതിരഭിപ്രായങ്ങൾ ഉണ്ടു. പട്ടണത്തിൽ അതുതന്നെയാണു സംസാരം."

"ആയാൾ അത്ഭുതങ്ങൾ ചെയ്യുന്ന ആളാണത്രേ. അവശർക്കും ക്ഷീണിതർക്കും രക്ഷ വാഗ്ദാനം ചെയ്തുകൊണ്ടു് അവരെ ഉത്തേജിപ്പിക്കുകയാണു് ആയാൾ ചെയ്യുന്നതു്. ജനങ്ങൾ തങ്ങളുടെ പിടിവിട്ടുപോകുമോയെന്നു പ്രീശേന്മാർ ഭയപ്പെടുന്നു. കന്യകാജാതനും യഹോവായുടെ പുത്രനുമായ താൻ യൂദന്മാരുടെ രാജാവാണെന്നു് ആയാൾ അവകാശപ്പെടുന്നുണ്ടത്രേ. എന്തായാലും തെരുവീഥികളിൽ കാവൽനില്ക്കുവാനും, ആയാൾ വരുമ്പോൾ എന്തെങ്കിലും സംഘട്ടനമുണ്ടാകുന്നപക്ഷം ജനങ്ങളെ പിരിച്ചുവിടുവാനും പീലാത്തോസ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്."

ഈ സംസാരം കായൂസിന്റെ ശ്രദ്ധയെ ആകർഷിച്ചു. പ്രീശേന്മാർ, പ്രവാചകന്മാർ, ദൈവം ഇതെല്ലാം അവന്റെ ചിന്തയെ ഉദ്ദീപിപ്പിക്കുന്ന പദങ്ങളായിരുന്നു. അവൻ അമ്മയോടു് ഇതേപ്പററി പലതും ചോദിച്ചു. തന്റെ ഏകപുത്രന്റെ ജിജ്ഞാസ ശമിപ്പിക്കുന്നതിനു അദീനാ എപ്പോഴും സന്നദ്ധയുമായിരുന്നു.

പട്ടണം മുഴുവൻ ഈ പുതിയ പ്രവാചകൻ ചെയ്യുന്നു പറയുന്ന അത്ഭുതങ്ങളുടെ കഥകൾകൊണ്ടു നിറഞ്ഞിരുന്നു. യൂദന്മാരുടെ പെസഹാ കാലമായിരുന്നതിനാൽ, ഡെക്കാപ്പോലിസ്, ജറീക്കോ മുതലായ പട്ടണങ്ങളിൽനിന്നും ഗലീലായിലെ ഗ്രാമങ്ങളിൽനിന്നും ധാരാളം ആളുകൾ ജറുസലേമിൽ വന്നുകൊണ്ടിരുന്നു. അവരോടൊപ്പം ആ നസ്രായന്റെ കഥകളും. അദ്ദേഹം വെള്ളം വീഞ്ഞാക്കി; അഞ്ചപ്പംകൊണ്ടു് അയ്യായിരംപേരെ തീററിപ്പോററി; ഒരു വിധവയുടെ മരിച്ചുപോയ പുത്രനെ ഉയിർപ്പിച്ചു എന്നിങ്ങനെ.

ചന്തയിൽവെച്ചു ഈ വിവരങ്ങൾ കേൾക്കുവാനിടയായ അദീനാ പറഞ്ഞു: "കഥകൾ. എന്നാൽ യഥാർത്ഥത്തിൽ നടന്നതാണെങ്കിൽ അവ അത്ഭുതങ്ങൾതന്നെ, അല്ലേ മകനേ?"

വൈകുന്നേരം ക്യാപ്റ്റൻ ഗ്ലാക്കവസ് തിരിച്ചുവന്നപ്പോൾ അദ്ദേഹം പറഞ്ഞു: "പട്ടണം മുഴുവൻ കഥകൾകൊണ്ടു നിറഞ്ഞിരിക്കുന്നു. ബാർത്തിമൃസ് എന്ന ഒരു ജന്മാന്ധൻ ജറീക്കോയിൽവെച്ചു കാഴ്ചപ്രാപിച്ചതായി അവർ പറയുന്നു. സക്കേവൂസ് എന്ന ആ ചുങ്കക്കാരൻ— അരുത്തകൈക്കപ്പനൽകാത്ത ആ മഹാപിശുക്കൻ— ഈ ഈശോയുടെ ഒരു പ്രസംഗം കേട്ടതേയുള്ളൂ, സ്വത്തു മുഴുവൻ സാധുക്കൾക്കു വിതരണം ചെയ്തിരിക്കുന്നു. ഈ ഒടുവിൽപ്പറഞ്ഞതു് എന്റെ അദീനായേ, അത്ഭുതങ്ങളിൽ അത്ഭുതമാണു്. അതു നേരാണെങ്കിൽ ദേവാലയത്തിനു ഞാൻ ഒരു കാഴ്ചതന്നെ സമർപ്പിക്കാം. അതു നേരാണെങ്കിൽ ഈ ഈശോ എന്നു പറയുന്നവൻ സീസറിനേക്കാളും വലിയ രാജാവാണു്."

* * *

മൂന്നുദിവസങ്ങൾക്കുശേഷം ഒരു പ്രഭാതത്തിൽ ഗ്ലാക്കവസ് പീലാത്തോസിന്റെ കൊട്ടാരത്തിൽനിന്നു വീട്ടിൽ തിരിച്ചെത്തി, മകനോടു് ആ ചെങ്കുപ്പായം ധരിക്കുവാൻ ആവശ്യപ്പെട്ടു.

"ഇന്നു പട്ടണത്തിൽ വലിയ ഒച്ചപ്പാടാണു്. ആ ഈശോ എന്നു വിളിക്കപ്പെടുന്ന പ്രവാചകൻ പട്ടണത്തിലേക്കു വരുന്നു. ശതാധിപന്റെ കീഴിലുള്ള ഭടന്മാർ ജനക്കൂട്ടത്തെ പെരുവഴിയിൽനിന്നും ഇടവഴികളിലേക്കു മാററിനിർത്തിക്കൊണ്ടിരിക്കുന്നു. ജനങ്ങളുടെ ഇടയിൽ ചുററിനടന്നു കുഴപ്പക്കാരെ കണ്ടുപിടിക്കുന്നതിനു എന്നോടും ചില ഭടന്മാരോടും പീലാത്തോസ് ആവശ്യപ്പെട്ടിരിക്കുകയാണു്.

"അതത്ര പററിയ പണിയല്ല. ഞാൻ സാധാരണവേഷത്തിലേ പോകുന്നുള്ളൂ. എന്നാലും അതിനടിയിൽ ആയുധം ഒളിച്ചുകൊണ്ടു നടക്കാൻ വിചാരിക്കുന്നില്ല. മററുള്ള ഭടന്മാർ, യൂദന്മാരുടെ ഇടയിലെ കുഴപ്പക്കാരെ തിരക്കിപ്പിടിച്ചു പീലാത്തോസിനെ തൃപ്തിപ്പെടുത്തട്ടെ. അദീനാ, നമുക്കു് ഇന്നു സൂത്രത്തിൽ ഒരു ഉല്ലാസസവാരി കഴിക്കാം."

ഇംഗിതജ്ഞയായ അദീനാ പെട്ടെന്നു വേഷംധരിച്ചെത്തി. എന്നാൽ കായൂസ് പഴയ മർക്കടമുഷ്ടിയിൽത്തന്നെയാണു്. "എന്റെ ചുവപ്പുടുപ്പു് ഇന്നു ഞാൻ ധരിക്കുന്നില്ല. ടിബേരിയസ് സീസറിന്റെ മുൻപിലല്ലാതെ ഞാൻ അതു ധരിക്കയില്ല."

"ടിബേറിയസ്", ഗ്ലാക്കവസ് ക്ഷോഭമടക്കി പറഞ്ഞു "മകനേ, കായൂസു്, പേർഷ്യായിൽ എതെങ്കിലും ഒരു യുദ്ധത്തിൽ ജയിക്കാതെ, നിനക്കു റോമയിൽ സീസറിന്റെ മുൻപാകെ ചെല്ലുവാൻ എങ്ങനെ സാധിക്കും? നിന്റെ ഉടുപ്പു ധരിക്കുക. ഞാൻ നിന്നെ ദേവാലയത്തിലേക്കു കൊണ്ടുപോകാം. അവിടെ ആദ്യഫലങ്ങൾ കാഴ്ച സമർപ്പിക്കുവാൻ ഹേറോദേശുരാജാവു് എല്ലാ രാജകീയാഡംബരങ്ങളോടുംകൂടി എഴുന്നള്ളുന്നുണ്ടെന്നു് കേട്ടു. ഉടുപ്പു ധരിക്കുവാൻ പററിയ ഒരു സന്ദർഭം."

"ഞാൻ അയാളെ വെറുക്കുന്നു." കായൂസു് മുഖത്തടിക്കുന്നതുപോലെ പറഞ്ഞു. "ഞാൻ അയാളെ വെറുക്കുന്നു. പാവങ്ങളുടെ തല വെട്ടുക ഒരു രസമായി കണക്കാക്കുന്ന ആ ഹേറോദേശിന്റെ സമക്ഷം ഞാൻ ഈ ഉടുപ്പു ധരിക്കുകയില്ല."

ഗ്ലാക്കവസിന്റെ മുഖത്തെ ഭാവം മാറുന്നതു അദീനാ കണ്ടു. അവൾ വേഗം ഉടുപ്പെടുത്തു മകനെ ബലമായി ധരിപ്പിച്ചുതുടങ്ങി. "ഞങ്ങൾക്കുവേണ്ടി നീ ഇതു് ഇന്നു് ധരിക്കണം". അതാണു് അവൾക്കു പറയാനുണ്ടായിരുന്നതു്.

അവർ, ജനപ്പെരുപ്പത്തിനിടയിൽക്കൂടി ദേവാലയത്തെ ലക്ഷ്യമാക്കി നടന്നു. ആൾത്തിക്കൽമൂലം അവർക്കു് അങ്ങോട്ടടുക്കാൻതന്നെ സാദ്ധ്യമല്ലായിരുന്നു. ജറീക്കോവാതിൽക്കലേക്കു തള്ളിനീങ്ങിക്കൊണ്ടിരുന്ന ജനക്കൂട്ടം ഒരു കോട്ടപോലെ അവരുടെ മുന്നോട്ടുള്ള ഗതിയെ തടഞ്ഞു.

കുപിതനായ ഗ്ലാക്കവസ്, ആ ജനാരവത്തിനിടയിൽ ഭാര്യയോടു പറഞ്ഞു: "ഈ മതഭ്രാന്തന്മാരുടെ ആവേശം കണ്ടോ? ഇവർ ആ വാതിൽക്കലേക്കു ഇരച്ചുകയറുന്നതു് ആ ഈശോയെ കാണുവാനാണു്. ഇവരോടുകൂടി പോകുന്നോ? ഹേറോദേശിനെ കാണാൻ ദേവാലയത്തിൽ പോകണമെങ്കിൽ അതിനു് ഇനിയും സമയം ധാരാളമുണ്ടു്."

മാളത്തിൽനിന്നു എറുമ്പുകളെന്നപോലെ, ആ വാതിലിൽക്കൂടി തീർത്ഥകർ കൂടുതൽ കൂടുതലായി വന്നുചേർന്നുകൊണ്ടിരുന്നു. ഇവർ പട്ടണത്തിന്റെ ഉള്ളിൽനിന്നും വന്നുകൊണ്ടിരുന്ന ജനങ്ങളുമായി സമ്മേളിച്ചു്, ചുഴലിക്കാററിൽപെട്ട കരിയിലപോലെ കറങ്ങിക്കൊണ്ടിരുന്നു. ജനത്തിന്റെ തിക്കലിൽ അദീനായും ഗ്ലാക്കവസും കായൂസും, ഒരു ലക്ഷ്യവുമില്ലാതെ അങ്ങോട്ടുമിങ്ങോട്ടും തള്ളിമാററപ്പെട്ടു. അങ്ങനെ ജറീക്കോ വാതിലിന്റെ മുൻപിലുള്ള തെരുവിൽ, ജനക്കൂട്ടത്തിന്റെ മുൻപിൽ, അവർ എത്തിച്ചേർന്നു.

പെട്ടെന്നു് ഒരു പ്രശാന്തത ആ മനുഷ്യമഹാസമുദ്രത്തിനിട

യിൽ വ്യാപിച്ചു. കാരണം അവർക്കു മനസ്സിലായി. വാതലിനു പുറത്തു് ആ വഴിയിലൂടെ ഒരു ഘോഷയാത്ര മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നു. പാട്ടുപാടി ആർത്തുല്ലസിക്കുന്ന ഒരു ജനക്കൂട്ടം. അവർക്കുമുൻപിൽ കഴുതപ്പുറത്തു് ഒരു മനുഷ്യൻ.

മന്ദംമന്ദം ആ ഘോഷയാത്ര മുന്നോട്ടുനീങ്ങുന്നു. അവരുടെ സംഗീതം, ഓരോ കാൽവെപ്പിനുമുള്ള താളമടിപോലെ, അന്തരീക്ഷത്തെ പുളകംകൊള്ളിച്ചു. പട്ടണത്തിനുള്ളിൽ തടിച്ചുകൂടിയിരുന്ന ജനാവലി, ഏതോ മന്ത്രത്തിനു് അധീനരായപോലെ, നിശ്ചലരായി നിൽക്കുകയാണു്. യൂദന്മാരുടെ രാജാവു് എന്നു് സ്വയം വിളിച്ചിരുന്ന ഈശോ ആണു് അപ്പോൾ ഈ കഴുതപ്പുറത്തു വരുന്നതു്.

ഗ്ലാക്കവസ് ഈശോയുടെ മുഖഭാവം നല്ലവണ്ണം ശ്രദ്ധിച്ചു. ഹേറോദേശിന്റെയോ, പീലാത്തോസിന്റെയോ, സീസറിന്റെതന്നെയോ മുഖത്തു കണ്ടിട്ടില്ലാത്ത എന്തോ ഒന്നു് ആ മുഖത്തു് നിഴലിക്കുന്നുണ്ടു്. ആ താടിയിൽ കഴുകന്മാരുടെ ശക്തിയും, ആ നെററിയിൽ പ്രാവുകളുടെ വിനയവും കാണുന്നു; ആ കണ്ണുകളിൽ പരുന്തിന്റെ ദൂരവീക്ഷണവും കുയിലുകളുടെ ഉൽക്കണ്ഠയും പ്രതിഫലിക്കുന്നു. ആ വക്ത്രത്തിൽ സിംഹത്തിന്റെ നിശ്ചയദാർഢ്യവും ആടിന്റെ ശാന്തശീലവും നിഴലിക്കുന്നു; സൂര്യരശ്മികൾ, ഒരു കിരീടമെന്നപോലെ, ആ ശിരസ്സിൽ സുവർണ്ണപ്രഭ ചാർത്തുന്നു.

"തീർച്ചയായും ഈ മനുഷ്യനു വന്യമൃഗങ്ങളെ, തന്റെ അംഗുലസ്പർശത്താൽമാത്രം അടക്കിനിർത്താൻ കഴിയും. തീർച്ചയായും ഈ മനുഷ്യനു് എന്റെ മകനേയും എല്ലാ മനുഷ്യരുടേയും മക്കളേയും മരണത്തിൽനിന്നു രക്ഷിക്കുവാൻ കഴിയും." ഗ്ലാക്കവസ് സ്വഗതമെന്നപോലെ പറഞ്ഞു.

പെട്ടെന്നയാൾ കായുസിനെ നോക്കി. അവന്റെ മുഖം തിളങ്ങുന്നതുപോലെ അയാൾക്കുതോന്നി. കായുസാകട്ടെ, ഒരക്ഷരം ഉരിയാടാതെ, മനോഹരമായ അവന്റെ ആ ചെംകുപ്പായം പെട്ടെന്നു് ഊരി കൈയിൽ പിടിച്ചു. സൂര്യപ്രകാശത്തിൽ അതു മിന്നിത്തിളങ്ങിക്കൊണ്ടിരുന്നു.

ഘോഷയാത്ര വാതിൽ കടന്നപ്പോഴേക്കും ജനക്കൂട്ടത്തിൽ ചിലർ ഈന്തപ്പനകളിൽനിന്നു് ഓലകൾ അടർത്തിത്തുടങ്ങി. പക്ഷെ ഈശോയുടെ പാദത്തിങ്കൽ ആദ്യം ഓടിയെത്തിയതു് കായുസാണു്. അവൻ തന്റെ ചെംകുപ്പായം ആ തറയിൽ വിരിച്ചു

"കായുസ് അരുതു്." അടിമ വിളിച്ചുപറഞ്ഞു. "അരുതു്. നിന്റെ ഉടുപ്പു് അവിടെ വിരിക്കരുതു്. അതു ചീത്തയായിപ്പോകും."

അവൾ ഉൽക്കണ്ഠാപൂർവ്വം ഭർത്താവിന്റെ മുഖത്തേക്കു നോക്കി. ഗ്ലാക്കവസാകട്ടെ, ചിരിച്ചുകൊണ്ടു പറഞ്ഞു: "അവനെ തടയണ്ടാ. അവന്റെ ഇഷ്ടംപോലെ ചെയ്യട്ടെ. ഒരുപക്ഷേ, ഒരു രാജാവിനെ കണ്ടാൽ അതു രാജാവാണെന്നു് നമ്മെക്കാൾ കൂടുതൽ അവനു് അറിയാമായിരിക്കാം. ഒരുപക്ഷെ ഈ പ്രവാചകനിൽ ഒരു അജപാലകനെ, സിംഹജേതാവിനെ, അവൻ കാണുന്നുണ്ടായിരിക്കാം."

ഗ്ലാക്കവസ് ഇങ്ങനെ പറയുമ്പോഴേക്കും ജനക്കൂട്ടം ആർത്തട്ടഹസിച്ചുതുടങ്ങി. "ഓശാനാ, കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവു് അനുഗൃഹീതനാകുന്നു. ഉന്നതങ്ങളിൽ ഓശാനാ."

ഈ സമയംകൊണ്ടു് ഈശോ കയറിയിരുന്ന കഴുത ആ ഉടുപ്പിൽ ചവുട്ടി മുന്നോട്ടുകടന്നു. ഈശോ ധരിച്ചിരുന്ന മേലങ്കിയുടെ അററം ഉടുപ്പിൽ സ്പർശിക്കുന്നതു കായുസ് കണ്ടു.

ആദ്ധ്യാത്മികവീഥി

# മറുപടി (2)

ദൈവത്തിന്റെ വത്സലമക്കളേ,

കഴിഞ്ഞ മറുപടിക്കത്തിൽ നിങ്ങളുടെ അറിവിനായി ഞാൻ ചില സംഗതികൾ പറയുകയുണ്ടായി. ഓരോ എഴുത്തിനും പ്രത്യേകം പ്രത്യേകം മറുപടി എഴുതിത്തുടങ്ങുന്നതിനുമുൻപു മററു ചില കാര്യങ്ങൾകൂടി അറിയിക്കുന്നതു കൊള്ളാമെന്നു കരുതുന്നു.

a) സംശയനിവൃത്തിക്കായി അയക്കുന്ന ചോദ്യങ്ങൾ സ്വന്തം ആദ്ധ്യാത്മികജീവിതത്തെ നേരിട്ടു സ്പർശിക്കുന്നതായിരിക്കണം. കത്തോലിക്കാ വിശ്വാസത്തിലും പഠനത്തിലും അടിയുറച്ചശേഷം പരിപൂർണ്ണതയ്ക്കായി ശ്രമിക്കുന്നവരെ ഉദ്ദേശിച്ചാണു് പ്രധാനമായും ഈ ആദ്ധ്യാത്മികവീഥി തുറന്നിരിക്കുന്നതു്. ഒരു കൊത്തുരൂപപ്പണിയോടു നമ്മുടെ പരിപൂർണ്ണതയ്ക്കുള്ള ശ്രമത്തെ ഉപമിക്കുന്നപക്ഷം, ഉളിപ്പണി മുഴുവൻ തീർന്നിട്ടുള്ള രൂപം മിനുക്കി ചായമിടുക എന്ന ജോലിയാണു് ഇവിടെ ചെയ്യാൻ ഉദ്ദേശിക്കുന്നതു്. അതുകൊണ്ടു് "അവസാനവിധിക്കു് മുൻപു ആരെങ്കിലും സ്വർഗ്ഗത്തിലോ നരകത്തിലോ പോകുമെന്നു വേദപുസ്തകത്തിൽനിന്നു തെളിയിക്കാമോ?" "ശുദ്ധീകരണസ്ഥലമുണ്ടെന്നുള്ളതിനു് എന്താണു തെളിവു്?" എന്നും മററും ഉള്ള ചോദ്യത്തിനു് ഇവിടെ സ്ഥാനമില്ല.

b) ആരോഗ്യസംബന്ധമായ ഒരു മാസികയിൽ ഒരു ചോദ്യോത്തരപംക്തിയുണ്ടു്, "ഡോക്ടർ എന്തു പറയുന്നു?" എന്ന ശീർഷകത്തിൽ. അതിൽ പല ചോദ്യങ്ങൾക്കുമുള്ള മറുപടി "രോഗിയെ നേരിട്ടു കാണാതെ രോഗനിർണ്ണയം ചെയ്യാനോ ചികിത്സ നിർദ്ദേശിക്കാനോ നിവൃത്തിയില്ല. അതിനാൽ സമർത്ഥനായ ഒരു ഡോക്ടറെക്കൊണ്ടു പരിശോധിപ്പിച്ചു ചികിത്സിപ്പിക്കയാണു വേണ്ടതു്" എന്നാണു്. ആദ്ധ്യാത്മികരോഗങ്ങളെ സംബന്ധിച്ചും ഇതുതന്നെ പറയാം. സംഗതികൾ എല്ലാം വേണ്ടവണ്ണം ചോദിച്ചു മനസ്സിലാക്കി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനു് ഒരു നല്ല ആത്മപിതാവുമായി നേരിട്ടു സമ്പർക്കത്തിലേർപ്പെടുകയായിരിക്കും ഉത്തമം. അതിനു തീരെ നിവൃത്തിയില്ലാത്തപ്പോഴേ എഴുത്തുകുത്തുകൊണ്ടു തൃപ്തിപ്പെടാവൂ.

c) "പലതും എഴുതി അറിയിക്കാനുണ്ടു്, അതു് ഈ എഴുത്തിന്റെ മറുപടി കണ്ടതിനുശേഷമാകട്ടെയെന്നു വച്ചിരിക്കുകയാണു്" എന്നു ഏതാനുംപേർ അറിയിച്ചിട്ടുണ്ടു്. അവരെ ഉദ്ദേശിച്ചു മുൻപറഞ്ഞ മാസികയിലെ ഒരു ഭാഗംകൂടി ഉദ്ധരിക്കാം. "ഉത്തരം നേരിട്ടു ലഭിക്കാനാഗ്രഹിക്കുന്നവർ സ്വന്തം വിലാസം എഴുതിയിട്ടുള്ള കവർകൂടി അയക്കണം. മറുപടിക്കു് അല്പകാലതാമസം വന്നേക്കും."

ഇനി ഓരോ എഴുത്തിനുമുള്ള പ്രത്യേകമറുപടി എഴുതിത്തുടങ്ങാം.

1. "ഞാൻ ചെറുപ്പംമുതൽ മഠത്തിൽ ചേരാൻ വളരെ ആഗ്രഹിക്കുകയും അതിനായി പാടുപോലെ ശ്രമിക്കയും ചെയ്തെങ്കിലും പല പ്രതികൂലസാഹചര്യങ്ങളാൽ അതിനു സാധിച്ചില്ല. ഇനി സാധിക്കുമെന്നും തോന്നുന്നില്ല. ഇപ്പോൾ ഒരാത്മഗുരുവിന്റെ നിർദ്ദേശാനുസരം വീട്ടിൽ വച്ചു സാധിക്കുന്ന സുകൃതാഭ്യാസങ്ങൾ അനുഷ്ഠിച്ചുകൊണ്ടു ജീവിക്കുകയാണു്. എങ്കിലും എപ്പോഴും എല്ലാം ചെയ്യാൻ സമയം കിട്ടുന്നില്ല. എപ്പോഴും ഒന്നുപോലെ തീക്ഷ്ണതയുമില്ല. ചിലപ്പോൾ നിരാശപോലും തോന്നുന്നുണ്ടു്. ചില കുടുംബാംഗങ്ങളുമായി സമാധാനത്തിൽ കഴിയാനും പ്രയാസമുണ്ടു്. ദൈവത്തെ സ്നേഹിക്കാൻ വളരെ ആഗ്രഹമുണ്ടെങ്കിലും വേണ്ട സ്നേഹമില്ലെന്നാണു തോന്നുന്നതു്. അതെപ്പററി ഞാൻ ആത്മഗുരുവിനോടു പറയുമ്പോൾ അതുതന്നെ ഒരു നല്ല കാര്യമാണെന്നും കൂടുതൽ കൂടുതൽ സ്നേഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നുവെന്നു് ആ സ്നേഹനാഥനോടു പറഞ്ഞാൽ മതിയെന്നുമാണു് അദ്ദേഹം പറയുന്നതു്. എങ്കിലും മഠത്തിൽ ചേർന്നാലേ എന്റെ ആഗ്രഹംപോലെ ഈശോയെ സ്നേഹിക്കുവാൻ സാധിക്കയുള്ളു എന്നു എനിക്കു തോന്നുന്നു. ഞാൻ എന്താണു് ചെയ്യേണ്ടതു്?"

ഉത്തരം: നിങ്ങൾ ഒരു നല്ല ആത്മഗുരുവിന്റെ നിയന്ത്രണത്തിലാണെന്നു കാണുന്നതുതന്നെ വളരെ സന്തോഷം. അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം വർത്തിച്ചാൽ മതി.

ദൈവതിരുമനസ്സു നിറവേററുകയെന്നതാണല്ലോ ഏററവും വലിയ പുണ്യം. സാഹചര്യങ്ങളെല്ലാം ഇത്ര പ്രതികൂലമായിരിക്കുന്നതിനാൽ, കുറഞ്ഞപക്ഷം തല്ക്കാലം, നിങ്ങൾ മഠത്തിൽ ചേരാൻ ദൈവം തിരുമനസ്സാകുന്നില്ലെന്നുവേണം കരുതാൻ. ആഗ്രഹമുണ്ടെന്നുള്ളതുകൊണ്ടുമാത്രം ദൈവവിളിയുണ്ടെന്നു വിധിക്കാൻ പാടില്ല. ഈശോ പിശാചുബാധയിൽനിന്നു സുഖപ്പെടുത്തിയ ഒരു മനുഷ്യൻ അങ്ങയെ അനുഗമിക്കാൻ ആഗ്രഹിച്ചപേക്ഷിച്ചെങ്കിലും അവിടുന്നു് അതിനു സമ്മതിക്കാതെ അവനെ വീട്ടിലേക്കു പറഞ്ഞയച്ച വിവരം അറിയാമായിരിക്കുമല്ലോ. അതുപോലെ പക്ഷേ വീട്ടിൽ നിന്നാൽ മതിയെന്നായിരിക്കും ഈശോ നിശ്ചയിച്ചിരിക്കുന്നതു്.

മഠത്തിൽ പോകാൻ ആഗ്രഹമുണ്ടായിരുന്നിട്ടും സാധിക്കാതെ കുടുംബത്തിൽത്തന്നെ അവിവാഹിതകളായി ജീവിച്ചു പുണ്യപദവിയിൽ എത്തിയിട്ടുള്ളവർ പലരുണ്ടു്. അവർ കുടുംബത്തിലെ ജോലിത്തിരക്കിനിടയിലും ദൈവസ്മരണ സദാ നിലനിർത്തുകയും ഈശോയുമായി സ്നേഹസല്ലാപത്തിൽ ഏർപ്പെടുകയും ചെയ്തിരുന്നു. വി. അമ്മത്രേസ്യാ പറയുന്നതുപോലെ അടുക്കളയിൽ കലത്തിന്റെയും ചട്ടിയുടെയും ഇടയിലേക്കു് ഇറങ്ങിവരുന്നതിനു നമ്മുടെ സ്നേഹനാഥനു മടിയില്ല.

ജോലിത്തിരക്കുകൊണ്ടു ചില ഭക്ത്യഭ്യാസങ്ങൾ ഉപേക്ഷിക്കേണ്ടിവരുന്നെങ്കിൽ ഒട്ടും സമാധാനക്കേടു വിചാരിക്കേണ്ട. സ്വന്തം കടമ കൃത്യമായി നിർവ്വഹിക്കുകയെന്നുള്ളതു്, ദൈവതിരുമനസ്സു നിറവേററുക എന്ന ഉദ്ദേശത്തോടുകൂടിയാകുമ്പോൾ, സ്വയം തിരഞ്ഞെടുക്കുന്ന ഏതൊരു ഭക്ത്യഭ്യാസത്തെക്കാൾ ദൈവത്തിനു കൂടുതൽ പ്രസാദകരവും നമ്മുടെ ആത്മാവിനു കൂടുതൽ ഉപകാരപ്രദവുമായിരിക്കും. അവശ്യം ചെയ്യേണ്ട വീട്ടുജോലികൾ ഉപേക്ഷിച്ചു്, പള്ളിയിൽ പോകുന്നതുപോലും പുണ്യമല്ല.

പുണ്യവാന്മാർക്കുപോലും എല്ലായ്പോഴും ഒന്നുപോലെ തീക്ഷ്ണത തോന്നിയിരുന്നില്ല. അന്തരീക്ഷത്തിന്റെ ശീതോഷ്ണാവസ്ഥയുടെ വ്യത്യാസമനുസരിച്ചും ശരീരാരോഗ്യത്തിലുണ്ടാകുന്ന മാററങ്ങളനുസരിച്ചും തോന്നലുകൾ മാറിമാറിവരും. അതുകൊണ്ടു പരിഭ്രമിക്കാനൊന്നുമില്ല. തോന്നലിലല്ല, പ്രത്യുത ദൈവതിരുമനസ്സു് അന്യൂനമായി നിറവേററിക്കൊള്ളാമെന്നുള്ള മനസ്സിന്റെ സ്ഥിരനിശ്ചയത്തിലാണു് പുണ്യം നിലകൊള്ളുന്നതു്. യാതൊരു ജ്ഞാനമാധുര്യവും തോന്നാതെ, വെറുപ്പിനെപ്പോലും ജയിച്ചുകൊണ്ടു് ചെയ്യുന്ന പുണ്യപ്രവൃത്തിയാണു് ഏററവും വിശേഷമായിട്ടുള്ളതു്. അതു യാതൊരു കലർച്ചയുമില്ലാത്ത തനി ദൈവസ്നേഹപ്രകരണമായിരിക്കും. മനസ്സു എത്ര ശുഷ്കമായി തോന്നിയാലും നിരാശപ്പെടരുതു്. നിരാശ പുണ്യാഭിവൃദ്ധിയുടെ വേരുതന്നെ അറുത്തുകളയും.


നിങ്ങളുടെ സ്വഭാവത്തോടു യോജിക്കാത്ത ചിലർ കുടുംബത്തിലുള്ളതു നിങ്ങളുടെ പുണ്യാഭിവൃദ്ധിക്കു വളരെ നല്ലതാണു്. അവർ ക്ഷമ അഭ്യസിക്കുന്നതിനു ധാരാളം അവസരം തരും. വീട്ടിലുള്ളവരെല്ലാം വളരെ സൽസ്വഭാവികളാണെങ്കിൽ ക്ഷമ അഭ്യസിക്കാനുള്ള അവസരം നൽകുന്നതിനു വല്ല ദുസ്സ്വഭാവികളേയും പണംകൊടുത്തെങ്കിലും കൂട്ടിക്കൊണ്ടുവന്നു താമസിപ്പിക്കണമെന്നു, ഫ്രാൻസിസ് സാലസ് പുണ്യവാനാണെന്നു തോന്നുന്നു, ഉപദേശിക്കുന്നുണ്ടു്. നിങ്ങൾക്കു കാശുമുടക്കാതെതന്നെ അങ്ങനെയുള്ള ആളുകളെ നൽകിയിരിക്കുന്നതിനാൽ ദൈവത്തിനു പ്രത്യേകം നന്ദിപറയണം. എത്ര ശ്രമിച്ചിട്ടും വല്ലപ്പോഴുമെല്ലാം ക്ഷമകേടു വരുന്നതുകൊണ്ടു കലങ്ങേണ്ടാ. ആ തോൽവി എളിമയുടെ അഭ്യാസത്തിനു വളരെ സഹായിക്കും. ആയുധംവച്ചു കീഴടങ്ങാതെ തുടർന്നു യുദ്ധം ചെയ്തുകൊണ്ടാൽ മതി.

ദൈവസ്നേഹത്തെക്കുറിച്ചു നിങ്ങളുടെ ആത്മഗുരു പറയുന്നതിനോടു ഞാനും പൂർണ്ണമായി യോജിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നതു മതിയാകുന്നില്ലെന്നുള്ള വിചാരം മരണംവരെയും നമുക്കുണ്ടായിരിക്കേണ്ടതാണു്. എങ്കിലേ ദിവസേന കൂടുതൽ കൂടുതൽ പുണ്യത്തിൽ അഭിവൃദ്ധിപ്പെടുവാൻ നാം ശ്രമിക്കയുള്ളു.

എപ്പോഴും ദൈവതിരുമനസ്സു നിറവേററുന്നതിനുള്ള സന്നദ്ധതയോടുകൂടി ജീവിക്കുക. നാളത്തെക്കാര്യത്തെക്കുറിച്ചു അധികം ചിന്തിക്കേണ്ട. കുടുംബത്തിലെ സാഹചര്യങ്ങളെല്ലാം മാറിവന്നു സൗകര്യം കിട്ടുന്നപക്ഷം ഒരു തുണസഹോദരിയായിട്ടെങ്കിലും മഠത്തിൽ ചേരാൻ പക്ഷേ സാധിച്ചേക്കും, അതാണു് ദൈവതിരുമനസ്സെങ്കിൽ. തല്ക്കാലം നിങ്ങളെത്തന്നെ മുഴുവനായി നമ്മുടെ കർത്താവിന്റെ തൃക്കരങ്ങളിൽ കയ്യാളിച്ചുകൊണ്ടു് ഇപ്പോഴത്തെപ്പോലെ ആത്മഗുരുവിന്റെ നിർദ്ദേശാനുസരണം ജീവിച്ചുകൊൾക. ഇത്രയുമേ എനിക്കു പറയുവാനുള്ളു.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്.

✠
ഈശോ, മറിയം, യൗസേപ്പേ!



കീരിയാന്തൻ ദേവസ്സി മകൾ
അച്ചുമ്മണ്ണി
നായരമ്പലം, ഞാറക്കൽ.
ജനനം 10 11 1911
മരണം 20 9 1953
ദയാപരനായ ഈശോയെ, ഈ ആത്മക്കു നിത്യാശ്വാസം നൽകേണമെ.
R. I. P.

## മരിയൻ വത്സരം

പരി. മാതാവിന്റെ അമലോത്ഭവം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചിട്ടു് നൂറു സംവത്സരം പൂർത്തിയാകുന്നതുപ്രമാണിച്ചു് മാർപ്പാപ്പാതിരുമേനി 1954 ഒരു ജൂബിലിവർഷമായി പ്രഖ്യാപിച്ചിരിക്കുന്നു. ഇതുപ്രമാണിച്ചു് തിരുമനസ്സുകൊണ്ടു് പ്രസിദ്ധം ചെയ്തിരിക്കുന്ന ഒരു ചാക്രികലേഖനത്തിൽ അടുത്ത വത്സരം ഒരു "മരിയൻ വത്സര"മായി ആഘോഷിക്കുവാൻ എല്ലാ കത്തോലിക്കരേയും ആഹ്വാനം ചെയ്തിരിക്കുന്നു.

## ക്രോസിയർ ദണ്ഡവിമോചനം

ചോ. ക്രോസിയർ ദണ്ഡവിമോചനമെന്നാൽ എന്തു്?

ഉ. പത്താം ലെയോൻമാർപ്പാപ്പാ അനുവദിച്ചുകൊടുത്തിട്ടുള്ളതും കൊന്ത ജപിക്കുന്നതുമൂലം ലഭിക്കാവുന്നതുമായ ഒരു പ്രത്യേകദണ്ഡവിമോചനമാണിതു്. അധികാരമുള്ള വൈദികരെക്കൊണ്ടു് ഈ ദണ്ഡവിമോചനത്തിനു് ആശീർവ്വദിപ്പിച്ച കൊന്തയുപയോഗിച്ചു് "നന്മനിറഞ്ഞമറിയ"മോ "ആകാശങ്ങളിലിരിക്കുന്ന" ജപമോ ചൊല്ലുന്ന ഓരോ തവണയും 500 ദിവസത്തെ ദണ്ഡവിമോചനം ലഭിക്കാവുന്നതാണു്.

ചോ: ക്രോസിയർ ദണ്ഡവിമോചനം ലഭിക്കത്തക്കവണ്ണം കൊന്ത ആശീർവ്വദിക്കേണ്ടതെങ്ങനെ?

ഉ: Simple Formula ഉപയോഗിച്ചാൽ മതി; അതായതു് "ബെ്ശേം ആബാ വവ്റാ ✠ ഊഹാദക്കുദശാ ആമ്മേൻ" (J. M.)

## അടുത്തയാഴ്ചയിൽ

ഒക്ടോബർ

4 ഞാ: പന്തക്കുസ്താ 19-ാം ഞായർ. കൊന്തമാതാവു്
5 തി: പ്ലാസിദോസ്
6 ചൊ: ബ്രൂനോ
7 ബു: മർക്കോസ്
8 വ്യാ: ബ്രിജീത്താ
9 വെ: ദ്യാനോസിസ്
10 ശ: ഫ്രാൻസിസ് ബോർജിയാ

### ജപാപ്പസ്തോലസഖ്യം

(ഒക്ടോബർ)

പൊതുനിയോഗം: അൽമേയർ തങ്ങളുടെ പ്രേഷിതത്വത്തിനുള്ള ആഹ്വാനം സ്വീകരിച്ചു് അതിനെ പിഞ്ചെല്ലുവാൻ.

മിഷൻനിയോഗം: തങ്ങളുടെ രാജ്യത്തിനുപുറമെ നിവസിക്കുന്ന ചൈനാക്കാരുടെ മാനസാന്തരത്തിനുവേണ്ടി.

## സൗജന്യവിതരണഫണ്ടു്

റവ. ഫാ. ജോസഫ് തെക്കേമുറിയിൽ, ഡയറക്ടർ, L.F. ലിഗ്ഗ്, പൈകപള്ളി ക. 6—0—0

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 || ERNAKULAM, SEPTEMBER 30, 1953 || No. 7


# ഒസ്സാനാമിന്റെ

## ബുദ്ധിവിഷയകമായ പ്രേഷിതവൃത്തി

1953 സെപ്റ്റംബർ 5-ാം നു-യിലെ "എക്സാമിനർ" പത്രത്തിൽ ഒസ്സാനാമിന്റെ ശതാബ്ദജൂബിലിയെപ്പററി ഒരു ലേഖനമുണ്ടു്. അതു് ഉപസംഹരിച്ചിരിക്കുന്നതു് ഇപ്രകാരമാണു്: "ഒസ്സാനാമിന്റെ പരോപകാരസംഘടന അദ്ദേഹത്തിന്റെ മററു വേലകളെ അപേക്ഷിച്ചു് കൂടുതൽ പ്രത്യക്ഷവും ചിരസ്ഥായിയുമായിരുന്നുവെന്നതു വാസ്തവം. എന്നുവരികിലും അദ്ദേഹം നിർവ്വഹിച്ച ബുദ്ധിവിഷയകമായ പ്രേഷിതവൃത്തിയുടെ പ്രാധാന്യം വിസ്മൃതകോടിയിൽ തള്ളാവുന്നതല്ല. പാഠനക്കളരികളിലെ തന്റെ പ്രവർത്തനങ്ങളിലും, ഒരു സർവ്വകലാശാലാപ്രൊഫസ്സർ എന്ന നിലയിലുള്ള തന്റെ പ്രസംഗങ്ങളിലും, ചരിത്രം, രാജ്യതന്ത്രം, സാമൂഹികശാസ്ത്രം, സാഹിത്യം എന്നിവയെ അധികരിച്ചുള്ള തന്റെ ഗ്രന്ഥങ്ങളിലും അദ്ദേഹത്തിനുണ്ടായിരുന്ന ഏകലക്ഷ്യം, ദൈവം തന്നെയാകുന്ന പരമസത്യത്തിന്റെ ഒരു പ്രതിഫലനമാണു് എല്ലാസത്യവുമെന്നു ചൂണ്ടിക്കാണിക്കുകയാണു്. അന്നത്തെ ബുദ്ധിജീവികളുടെമുമ്പിൽ അദ്ദേഹം ക്രിസ്തുമതത്തിന്റെ അവകാശവാദങ്ങളെ സാധൂകരിച്ചു. വിദ്യാർത്ഥികളുടെ ഇടയിലാകട്ടെ, വിശ്വാസം യുക്തിയിന്മേൽ ഭദ്രമായി അധിഷ്ഠിതമാണെന്നു കാണിച്ചുകൊണ്ടു്, അവരുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുവാൻ പരിശ്രമിക്കുകയും ചെയ്തു."

ലേഖനകർത്താവു് സൂചിപ്പിച്ചിരിക്കുന്നതുപോലെ ഒസ്സാനാമിന്റെ ബുദ്ധിവിഷയകമായ പ്രേഷിതവൃത്തി യഥായോഗ്യം അറിയപ്പെട്ടിട്ടില്ല. "സാന്മാർഗ്ഗികവും മതപരവുമായ പുസ്തകങ്ങൾ വിതരണംചെയ്യുക" വിൻസെന്റു് ഡി പോൾ സംഘത്തിന്റെ കർമ്മപരിപാടികളിലെ ഒരു പ്രധാന ഘടകമാണെങ്കിലും, പല കോൺഫറൻസുകളും അതിൽ വേണ്ടത്ര ശ്രദ്ധ പതിക്കുന്നുണ്ടോ എന്നും സംശയമായിരിക്കുന്നു. അതിനാലത്രെ ഫ്റെഡറിക് ഒസ്സാനാമിന്റെ ബുദ്ധിവിഷയകമായ പ്രേഷിതവൃത്തിയെപ്പററി പ്രതിപാദിക്കേണ്ടതു് അവശ്യാവശ്യകമായി ഞങ്ങൾക്കു തോന്നിയതു്.

### അവിശ്വാസവുമായി നടത്തിയ മല്ലയുദ്ധം

ആദ്ധ്യാത്മികമൂല്യങ്ങളും ധാർമ്മികതത്വങ്ങളും ക്രിസ്തുമതസിദ്ധാന്തങ്ങളും പരിരക്ഷിക്കുന്നതിനുവേണ്ടി ആയുരന്തം അടരാടിയ ഒരു വീരയോദ്ധാവാണു് ഒസ്സാനാം. അദ്ദേഹത്തിനുപോലും ആദ്യകാലങ്ങളിൽ അവിശ്വാസവുമായി ഒരു മല്ലയുദ്ധം നടത്തേണ്ടിവന്നുവെന്നതു് ആശ്ചര്യകരമായി തോന്നിയേക്കാം. എന്നാൽ അദ്ദേഹം അന്നു നടത്തിയ ആ പോരാട്ടമാണു്, പില്ക്കാലത്തു്, അവിശ്വാസത്തിനു് അധീനരായ ഹതഭാഗ്യരോടു കൂടുതൽ അനുകമ്പയോടെ വർത്തിക്കുവാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയതു്.

അന്നദ്ദേഹത്തിനു പതിനേഴു വയസ്സു പ്രായമായിരുന്നു. സംശയങ്ങളുടെ ഒരു ഭീകരകൊടുങ്കാററു് അദ്ദേഹത്തിന്റെ മനസ്സിൽ അലയടിക്കാൻതുടങ്ങി. നിത്യത്വത്തിൽ, വിശിഷ്യ നിത്യശിക്ഷയിൽ എങ്ങനെ വിശ്വസിക്കാം? ഇതായിരുന്നു അദ്ദേഹത്തെ അലട്ടിയ പ്രധാനപ്രശ്നം. പുസ്തകങ്ങൾ വായിച്ചും ശാന്തമായി ചിന്തിച്ചും ഒരു സംശയത്തെ ആട്ടിയോടിച്ചുകഴിയുമ്പോൾ മററൊന്നു തലപൊക്കും. തന്റെ വിശ്വാസം അഭംഗം സംരക്ഷിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. അതിനായി "വിശ്വാസപ്രകരണം" അദ്ദേഹം ആവർത്തിച്ചു ചൊല്ലി. എന്നിട്ടും കൊടുങ്കാററു് ശമിച്ചില്ല. സ്വന്തം അസ്തിത്വത്തെപ്പററിയുള്ള സംശയംപോലും അദ്ദേഹത്തിന്റെ മനസ്സിൽ ഉദയംചെയ്തു. രാത്രികാലങ്ങളിൽ കൺപോള കൂട്ടാതെ, കിടക്കയിൽ കിടന്നു തന്റെ നിസ്സഹായാവസ്ഥ ഓർത്തു് അദ്ദേഹം കരയുമായിരുന്നുവത്രെ. ശംശോന്റെ ചരിത്രത്തെ ഉപജീവിച്ചു്, തന്റെ ചിത്തവൃത്തിയുടെ ഒരു സജീവചിത്രം അദ്ദേഹം നൽകിയിരിക്കുന്നതു് ഇപ്രകാരമാണു്: "സംശയത്താൽ ഉലക്കപ്പെട്ട ഞാൻ, എന്റെ സർവ്വശക്തിയുമുപയോഗിച്ചു് ദേവാലയത്തിന്റെ തൂണുകളെ (സഭാസിദ്ധാന്തങ്ങളെ) മുറുകെപ്പിടിച്ചു. ദേവാലയം നിലംപതിച്ചു് എന്നെ ഞെരിച്ചുകളഞ്ഞാലും ഞാനതു വകവയ്ക്കുകയില്ലായിരുന്നു."

ഈ മനസ്സമരം ശരീരത്തിന്റെ ആരോഗ്യത്തിലും പ്രതിഫലിക്കാതിരുന്നില്ല. പ്രസ്തുതഘട്ടത്തിൽ ഒരു ദിവസം അദ്ദേഹം പരിശുദ്ധ കുർബാനയുടെ മുമ്പാകെ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു് ഹൃദയമുരുകി പ്രാർത്ഥിച്ചു. വീണ്ടും വിശ്വാസദീപം തന്റെ ഹൃദയത്തിൽ പ്രോജ്ജ്വലിക്കുവാൻ ഇടവരുന്നപക്ഷം, അതിന്റെ സംരക്ഷണത്തിനുവേണ്ടി ആയുശ്ശേഷം ചെലവഴിക്കുന്നതാണെന്നു് അദ്ദേഹം കർത്താവിനോടു വാഗ്ദാനംചെയ്തു. ഒസ്സാനാമിന്റെ പ്രാർത്ഥന സ്വീകൃതമായി. പ്രശാന്തചിത്തനായി അദ്ദേഹം അവിടെനിന്നെഴുന്നേററു. ദൈവഗത്യാ അദ്ദേഹം കണ്ടുമുട്ടാനിടവന്ന ഒരു വൈദികൻ അദ്ദേഹത്തിന്റെ സകല സംശയങ്ങളേയും ദൂരീകരിച്ചു. അതിനുശേഷം അവിശ്വാസം ഒസ്സാനാമിന്റെനേർക്കു് അസ്ത്രങ്ങൾ പ്രയോഗിച്ചിട്ടില്ല. താൻ ദിവ്യകാരുണ്യനാഥനോടു് ചെയ്ത വാഗ്ദാനം അക്ഷരംപ്രതി പാലിക്കുവാൻ അദ്ദേഹം ലേഖനങ്ങളാലും പ്രസംഗങ്ങളാലും സാഹിത്യകൃതികളാലും പരിശ്രമിക്കുകയുംചെയ്തു.

### തൂലികാസമരം

പ്രാർത്ഥനവഴി പ്രാപിച്ച വിശ്വാസസ്ഥിരതയോടും നവചൈതന്യത്തോടുംകൂടി ഒസ്സാനാം പതിനെട്ടാമത്തെ വയസ്സിൽ തൂലികാസമരം ആരംഭിച്ചു. പ്രകൃത്യതീതസത്യങ്ങളെ ചോദ്യംചെയ്യുന്ന ഒരുതരം സ്വാഭാവികമാത്രമായ തത്വശാസ്ത്രം പാരീസിലും ലയൺസിലും പടർന്നുപിടിച്ചുവന്ന ഒരു കാലഘട്ടമായിരുന്നു അതു്. ആ തത്വശാസ്ത്രത്തിനെതിരായി ഒസ്സാനാം രണ്ടു ലേഖനങ്ങളെഴുതി ഒരു പത്രത്തിനയച്ചുകൊടുത്തു. പത്രം അതു പ്രസിദ്ധം ചെയ്തെങ്കിലും, അതിനു മറുപടി നൽകുന്നതാണെന്നു് പ്രഖ്യാപിച്ചിരുന്നു. പക്ഷെ യാതൊരു മറുപടിയും പ്രസിദ്ധീകൃതമായില്ല. വിനയസമന്വിതം ഒസ്സാനാം തന്റെ ആദ്യലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു: "പതിനെട്ടുവയസ്സുമാത്രം പ്രായമായ ഒരു യുവാവിൽനിന്നു പണ്ഡിതോചിതമായ ഒരു കൃതി പ്രതീക്ഷിക്കാവുന്നതല്ല. ആകയാൽ ഞാൻ വല്ല പിശകുകളും വരുത്തിയിട്ടുണ്ടെങ്കിൽ, അവയെ ആരോപിക്കേണ്ടതു ഞാൻ പിന്താങ്ങുന്ന മതത്തിലല്ല, പ്രത്യുത എന്റെ പ്രായക്കുറവിലും പരിചയക്കുറവിലുമാണു്. നേരെമറിച്ചു്, ആദ്യസംഘട്ടനത്തിൽ, അല്പമെങ്കിലും വിലമതിക്കത്തക്കവിധത്തിൽ എന്റെ പക്ഷം സ്ഥാപിച്ചിട്ടുണ്ടെന്നു തോന്നുന്നതായാൽ, പ്രായമായവർക്കു് ഈ വിഷയത്തിൽ എന്തു സാദ്ധ്യമാണെന്നു് അനുമാനിച്ചുകൊള്ളുക..." ഏതാനും മാസങ്ങൾക്കുശേഷം, സ്നേഹിതന്മാരുടെ നിർബന്ധം നിമിത്തം ഒസ്സാനാം ആ രണ്ടു ലേഖനങ്ങളെയും കുറച്ചുകൂടി വിപുലപ്പെടുത്തി, നൂറുപേജു് വരുന്ന ഒരു ലഘുഗ്രന്ഥമായി പ്രസിദ്ധംചെയ്തു. ക്രിസ്തുമതമാണു് അതീതകാലങ്ങളിൽ സംസ്കാരത്തിന്റെ ആണിക്കല്ലായിരുന്നിട്ടുള്ളതെന്നും ക്രിസ്തീയാദർശങ്ങളിലേക്കു പിന്തിരിയുകയല്ലാതെ മനുഷ്യസമുദായത്തിനു മറെറാരു മാർഗ്ഗമില്ലെന്നും അദ്ദേഹം ആ കൃതിയിൽ സമർത്ഥിച്ചിരുന്നു. പത്രലേഖനങ്ങൾമുഖേനയുള്ള പ്രേഷിതവൃത്തിക്കു് അദ്ദേഹമൊരിക്കലും വിരാമമിട്ടില്ല.

### ഗ്രന്ഥരചന

ഒസ്സാനാം ഒരു പ്രൊഫസ്സറായിരുന്നപ്പോൾ ഒഴിവുകാലം ഗ്രന്ഥരചനയ്ക്കായിട്ടാണു വിനിയോഗിച്ചിരുന്നതു്. അദ്ദേഹം രചിച്ചിട്ടുള്ള പ്രധാനഗ്രന്ഥങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു: (1) സെൻറു് സീമോണിന്റെ സിദ്ധാന്തത്തെപ്പററിയുള്ള വിചിന്തനങ്ങൾ. 18-ാമത്തെ വയസ്സിൽ ഇദ്ദേഹം പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തെക്കുറിച്ചാണു മുകളിൽ പ്രസ്താവിച്ചതു്. (2) ജർമ്മനിയെ സംബന്ധിച്ച പഠനങ്ങൾ—2 വാല്യങ്ങൾ (1847) (3) ഇററലിയിലെ ഫ്റാൻസിസ്കൻ കവികൾ (1848). (4) ഫ്റാങ്കുജാതിക്കാരുടെ ക്രിസ്ത്യൻ നാഗരികത (1849). ഇതാണു് ഒസ്സാനാമിന്റെ ഏററവും പ്രധാനപ്പെട്ട കൃതി. (5) സ്പെയിനിലേക്കുള്ള ഒരു തീർത്ഥയാത്ര. (6) അഞ്ചാം നൂററാണ്ടിലെ ക്രിസ്ത്യൻ നാഗരികത. (7) സഭ, രാഷ്ട്രം, വിദ്യാലയങ്ങൾ.

### മററു പ്രവർത്തനങ്ങൾ

സമീപസ്ഥരുടെ മാനസികാന്ധകാരത്തെ നിഷ്കാസനംചെയ്യുന്നതിനും സഭാസിദ്ധാന്തങ്ങൾ സംരക്ഷിക്കുന്നതിനുമായി ഒസ്സാനാം തന്റെ കഴിവുകൾ എല്ലാ പ്രവൃത്തിമണ്ഡലങ്ങളിലും പരമാവധി പ്രയോജിച്ചുവന്നു. അദ്ദേഹമൊരു കോളെജു് വിദ്യാർത്ഥിയായിരുന്നപ്പോൾ ജൂഫ്റായ എന്ന സ്വതന്ത്രചിന്തകനായ ഒരു പ്രൊഫസ്സർ ദൈവവെളിപാടിന്റെ സാദ്ധ്യതയെപ്പററി അവജ്ഞാപൂർവ്വം സംസാരിക്കുന്നതിനിടയായി. അതിനെ വിനയപൂർവ്വം പ്രതിഷേധിച്ചുകൊണ്ടും മറുവശം യുക്തിപൂർവ്വം സ്ഥാപിച്ചുകൊണ്ടും, ഒസ്സാനാമിന്റെ നേതൃത്വത്തിൽ 14 വിദ്യാർത്ഥികൾചേർന്നു് ഒരു മെമ്മൊറാണ്ടം തയ്യാറാക്കി പ്രൊഫസ്സറിനു സമർപ്പിച്ചു. പ്രൊഫസ്സർ അതു മുഴുവനും ക്ലാസ്സിൽ വായിച്ചെങ്കിലും അതിൽ ഉന്നയിച്ചിരുന്ന ന്യായങ്ങളെ ഖണ്ഡിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മേലിൽ വിദ്യാർത്ഥികളുടെ മതവികാരങ്ങളെ വ്രണപ്പെടുത്താതെ കഴിച്ചുകൂട്ടുവാൻ സൂക്ഷിച്ചുകൊള്ളാമെന്നു് അദ്ദേഹം വാഗ്ദാനം ചെയ്യുകയും ചെയ്തു.

പാരീസിലെ നോത്തർദാം കത്തീഡ്രലിൽ നോമ്പുകാലപ്രസംഗങ്ങൾക്കു് ഒസ്സാനാം പ്രാരംഭമിട്ട സംഗതി മുന്നൊരുലക്കത്തിൽ വിവരിച്ചിരുന്നല്ലോ. അതേലക്ഷ്യത്തോടുകൂടിത്തന്നെ, ലയൺസിൽനിന്നും പ്രസിദ്ധീകരിച്ചുവന്ന വേദപ്രചാരണാർത്ഥമുള്ള ഒരു മാസികയുടെ പത്രാധിപസ്ഥാനവും അദ്ദേഹം കൈയേററു. അദ്ദേഹത്തിന്റെ മാതൃകയും ഉപദേശവും അനേകംപേരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തി. വിദ്യാർത്ഥികളിൽ പലരും അവരുടെ വിശ്വാസസംരക്ഷണത്തിനു് ഒസ്സാനാമിനോടാണു കടപ്പെട്ടിരുന്നതു്. ഒരു വിദ്യാർത്ഥി കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ അദ്ദേഹത്തിനു് ഇപ്രകാരമെഴുതി: "അങ്ങയെ ശ്രവിക്കുന്നതിനുമുമ്പു്, ഞാനൊരു അവിശ്വാസി ആയിരുന്നു. അനേകം പള്ളിപ്രസംഗങ്ങൾക്കു ചെയ്യുവാൻ സാധിക്കാതിരുന്നതു് അങ്ങു് ഒരൊററ പ്രസംഗംകൊണ്ടു് നിർവ്വഹിച്ചു. അങ്ങു് എന്നെ ഒരു ക്രിസ്ത്യാനിയാക്കിയിരിക്കുന്നു."

ഒസ്സാനാം ഒരു പ്രൊഫസ്സറായിരുന്ന കാലത്തു തൊഴിലാളികൾക്കുവേണ്ടി ഞായറാഴ്ചതോറും നടത്തിവന്ന മതോപദേശത്തെപ്പററി കഴിഞ്ഞലക്കത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. അദ്ദേഹം ഒരു സർവ്വകലാശാലാ വിദ്യാർത്ഥിയായിരുന്നപ്പോൾ പ്രൊഫസ്സർ ബെയിലിയുടെ കീഴു് നടത്തിവന്ന മതപാഠനക്കളരികളെപ്പററിയും പ്രസ്താവിച്ചിട്ടുള്ളതാണു്. ആ മതപാഠനക്കളരികളാണു് വിൻസെൻറു് ഡി പോൾ സംഘത്തിന്റെ ബീജാവാപം ചെയ്തതു്. ഈ സംഘത്തിന്റെ ലക്ഷ്യം തന്നെ മററുള്ളവരുടെ അജ്ഞതയെ ദൂരീകരിക്കുകയും അവർക്കു് ആത്മീയപ്രബുദ്ധത പ്രദാനം ചെയ്യുകയും ചെയ്യുക എന്നതായിരുന്നു. ആ ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗമായിട്ടുമാത്രമാണു് ഒസ്സാനാമും സഹപ്രവർത്തകരും പരോപകാരപ്രവൃത്തികളെ കരുതിവന്നതു്.

### ഒസ്സാനാമിന്റെ മാതൃക അനുകരിക്കണം

ഒസ്സാനാമിന്റെ മാതൃക അനുകരിച്ചു്, ലേഖനമെഴുത്തു്, ഗ്രന്ഥരചന, പ്രസംഗങ്ങൾ തുടങ്ങിയ വിവിധോപാധികൾ സ്വീകരിച്ചു് ബുദ്ധിവിഷയകമായ പ്രേഷിതവൃത്തി വിജയപൂർവ്വം നിർവ്വഹിക്കുവാൻ കേരളത്തിലെ അഭ്യസ്തവിദ്യരായ കത്തോലിക്കർ നിഷ്പ്രയാസം സാധിക്കുന്നതാണു്. ഈ വിഷയത്തിൽ ഇംഗ്ലണ്ടിലേയും അമേരിക്കയിലേയും കത്തോലിക്കരായ അത്മേനികൾ വളരെയധികം പുരോഗമിച്ചിട്ടുണ്ടു്. അവരുടെ ഉടമസ്ഥതയിൽ യൂണിവേഴ്സ്, ടാബ്ലററ് മുതലായ പത്രങ്ങൾക്കു പുറമെ, പല പ്രസിദ്ധീകരണശാലകളും നടത്തിവരുന്നുണ്ടു്. ബേൺസ് ആൻറ് ഓട്ട്സ്, ഷീഡ് ആൻറ് വാർഡ്, സാൻറ്സ് ആൻറ് കമ്പനി, ജിൽ ആൻറ് സൺ ലിമിററഡ് മുതലായ പ്രമുഖ കത്തോലിക്കാ പ്രസിദ്ധീകരണശാലകൾ അത്മേനികളുടെ വകയാണെന്നുള്ളതു് ഇംഗ്ലീഷ് കത്തോലിക്കർക്കു് അഭിമാനപൂർവ്വം സ്മരിക്കാവുന്നതാണു്. ഈയിടെ മി. ബേൺസ് തന്റെ പ്രസിദ്ധീകരണശാലയുടെ ഒരു ശാഖ ആസ്ട്രേലിയായിൽ സ്ഥാപിക്കുന്നതിനായി പോയി മടങ്ങുംവഴി ബോംബെയിൽ ഇറങ്ങിയകാര്യം പത്രങ്ങളിലുണ്ടായിരുന്നു. കത്തോലിക്കാദർശങ്ങൾക്കു യോജിക്കാത്ത യാതൊന്നും മേല്പറഞ്ഞ മുദ്രണാലയങ്ങളിൽനിന്നും പുറത്തുവരുന്നതല്ല. കേരളത്തിലും കത്തോലിക്കരായ അത്മേനികൾ മുദ്രണാലയങ്ങളും പത്രങ്ങളും മാസികകളും നടത്തുന്നുണ്ടു്. അവയിൽ ചിലതെല്ലാം കത്തോലിക്കാദർശം പാലിച്ചുപോകുന്നുണ്ടാകാം. എന്നാൽ അത്തരം മൂന്നു മുദ്രണാലയങ്ങളിൽനിന്നും, കത്തോലിക്കാസഭ ഇൻഡെക്സിൽ പെടുത്തിയിട്ടുള്ള പുസ്തകങ്ങളുടെ പരിഭാഷ അടിച്ചിറക്കിയിട്ടുള്ളതായി ഞങ്ങൾക്കറിയാം. സഭയുടെ നിരോധനത്തെപ്പററി പ്രസാധകർക്കു് അറിവുണ്ടായിരുന്നോ ഇല്ലയോ എന്നു ഞങ്ങൾക്കു രൂപമില്ല. എങ്ങനെയായാലും ആക്ഷേപാർഹമായ ഏതാദൃശവ്യവസായത്തിൽനിന്നു് ഇനിയെങ്കിലും വിരമിക്കുവാൻ അവരെ സ്നേഹബുദ്ധ്യാ ഉപദേശിച്ചുകൊള്ളട്ടെ.

വിൻസെൻറു് ഡി പോൾ സംഘാംഗങ്ങൾ നിർവഹിക്കേണ്ടതും വിജയപ്രദമായി അവർക്കു നിർവഹിക്കാവുന്നതുമായ ഒരു പ്രേഷിതവൃത്തിയാണു കത്തോലിക്കാസാഹിത്യപ്രചാരണം. ഈ വിഷയത്തിൽ തൃശ്ശൂർ രൂപതയിലെ വിൻസെൻറു് ഡി പോൾ സംഘാംഗങ്ങളുടെ നേട്ടം പ്രശംസാർഹമാണെന്നു് അവരുടെ വാർഷികറിപ്പോർട്ടിൽനിന്നു കാണുന്നു. സത്യദീപം പ്രചരിപ്പിക്കുന്നതിൽ തൃശ്ശൂരേയും മററു രൂപതാതിരൂപതകളിലേയും വിൻസെൻറു് ഡിപോൾ സംഘാംഗങ്ങൾ ആവുന്നത്ര പരിശ്രമിച്ചുവരുന്നുണ്ടെന്ന സംഗതി ഞങ്ങൾ കൃതജ്ഞതാപൂർവ്വം അനുസ്മരിച്ചുകൊള്ളുന്നു.

എവരുടെയും ആത്മാർത്ഥമായ സഹകരണത്തേയും പ്രോത്സാഹനത്തേയും അർഹിക്കുന്ന ഒരു പ്രസ്ഥാനമാണു് എറണാകുളത്തെ പ്രതിമാസഗ്രന്ഥക്ലബ്ബ്. എന്നാലതു് അർഹിക്കുന്നിടത്തോളം പ്രോത്സാഹനം അതിനിതേവരെ വൈദികരിൽനിന്നും അ

### തിരുനാൾ മംഗളം



ആലപ്പുഴമെത്രാൻ മൊറൈറ് റവ. ഡോ. മൈക്കൾ ആറാട്ടുകുളം തിരുമേനിയുടെ നാമഹേതുകദിനം ഇന്നലെയായിരുന്നു.

വൈദികരിൽനിന്നും ലഭിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഒരുത്തേനിയാണ് ഏററവും കാലോചിതമായ ഈ പ്രസ്ഥാനത്തിൽ മുൻകൈ എടുത്തു പ്രവർത്തിച്ചിട്ടുള്ളതും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും എന്ന വസ്തുതതന്നെ പ്രോത്സാഹനത്തിനു് അതിനുള്ള അർഹതയെ വർദ്ധിപ്പിക്കുകയാണു ചെയ്യുന്നതു്. എത്രയേറെ പണം നമ്മൾ അത്യാവശ്യമില്ലാത്തതും വലിയ പ്രയോജനമില്ലാത്തതുമായ കാര്യങ്ങൾക്കുവേണ്ടി ചെലവുചെയ്യുന്നുണ്ടു്. അതിലൊരു ഭാഗം ഇത്തരം നല്ല കാര്യങ്ങൾക്കായി വിനിയോഗിച്ചിരുന്നെങ്കിൽ!

## പ്രസാധകക്കുറിപ്പുകൾ

### വിശ്വാസപ്രമേയത്തിൻെറ പരാജയം

സെപ്ററംബർ 22-ാംനു- കൂടിയ തിരു-കൊച്ചി നിയമസഭയിൽ ചോദ്യോത്തരങ്ങൾക്കുശേഷം പ്രധാനമന്ത്രി മി. എ. ജെ. ജോൺ നിയമസഭാചട്ടം 43അനുസരിച്ചു് "ഈ സഭ ഇപ്പോഴത്തെ മന്ത്രിസഭയ്ക്കു പിന്തുണ രേഖപ്പെടുത്തുന്നു" എന്ന പ്രമേയമവതരിപ്പിച്ചു. പിറേറ ദിവസം ചോദ്യോത്തരങ്ങൾക്കുശേഷം സഭ പ്രമേയം ചർച്ചയ്ക്കെടുത്തു. മുഖ്യമന്ത്രി ഇപ്രകാരമൊരു പ്രമേയം അവതരിപ്പിക്കാനിടയാക്കിയ കാരണങ്ങളെ വിശദീകരിച്ചുകൊണ്ടു് ഒരു പ്രസംഗംചെയ്തു. അതിൽ കോൺഗ്രസ്സ് ഗവമ്മെൻറു് ജനകീയതാല്പര്യങ്ങളെ മുൻനിർത്തി സ്വീകരിച്ചിരിക്കുന്ന വിവിധപദ്ധതികളെ വിശദീകരിച്ചിരുന്നു. പ്രതിപക്ഷനേതാവു് ശ്രീ ടി. വി. തോമസ്, ശ്രീ ബാലകൃഷ്ണമേനോൻ (പി. എസ്. പി.), മി. ടി. കെ. ദിവാകരൻ (ആർ. എസ്. പി.), മി. ടി. എസ്. രാമസ്വാമി (പി. എസ്. പി.), മി. അച്യുതമേനോൻ (കമ്മ്യൂ.) എന്നിവർ പ്രമേയത്തെ എതിർത്തും, മി. പി. സദാശിവൻ പിള്ള (കോൺ.) മി. ഇ. പി. വറുഗീസ് (സ്വതന്ത്രൻ) ധനകാര്യമന്ത്രി മി. പനമ്പിള്ളി എന്നിവർ പ്രമേയത്തെ അനുകൂലിച്ചും സംസാരിച്ചു. പ്രമേയം വോട്ടിനിട്ടപ്പോൾ 51 പേർ (47 കോൺഗ്രസ്സംഗങ്ങളും 4 സ്വതന്ത്രരും) അനുകൂലിക്കുകയും 56പേർ (32ഐ. മു, 9 തി. ത. നാ. കോ., 10 പി എസ്. പി. 5 സ്വതന്ത്രർ) പ്രതികൂലിക്കുകയും ചെയ്തു. ഒരു സ്വതന്ത്രൻ (മി. കെ. ജെ. തോമസ്) വോട്ടിങ്ങിൽ പങ്കെടുത്തില്ല. വിശ്വാസപ്രമേയം പരാജയപ്പെട്ടതിനെത്തുടർന്നു സ്പീക്കർ നിയമസഭാസമ്മേളനം അനിശ്ചിതകാലത്തേക്കു നീട്ടിവച്ചിരിക്കുന്നതായി പ്രസ്താവിച്ചു. അന്നുതന്നെ രാജപ്രമുഖൻ തിരുമേനി, 24-ാംനു- മുതൽ പ്രാബല്യത്തിൽ വരത്തക്കവണ്ണം നിയമസഭ പിരിച്ചുവിട്ടുകൊണ്ടു്, ഒരസാധാരണ ഗസററുമുഖേന ഉത്തരവുപുറപ്പെടുവിച്ചു. അങ്ങനെ ഒന്നരക്കൊല്ലത്തിലധികം പ്രവർത്തിച്ചുകൊണ്ടിരുന്ന നിയമസഭയുടെ കാലാവധി അവസാനിച്ചു.

ഇപ്പോഴത്തെ മന്ത്രിസഭ ഭരണമേററപ്പോൾ കോൺഗ്രസ്സ് മെംബർമാരുടെ എണ്ണം 44 ആയിരുന്നു. പിന്നീടു് അതു് 47 ആയിവർദ്ധിച്ചു. 1952 ഫെബ്രുവരി 18-ാംനു- കെ. പി. സി. സി. പ്രസിഡൻറു ശ്രീ കുമ്പളത്തു ശങ്കുപ്പിള്ളയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തുവച്ചു കൂടിയ പാർട്ടിയോഗത്തിലാണു ശ്രീ എ. ജെ. ജോൺ ലീഡറായി തിരഞ്ഞെടുക്കപ്പെട്ടതു്. എതിർ സ്ഥാനാർത്ഥി ശ്രീ പനമ്പിള്ളി ഗോവിന്ദമേനോനായിരുന്നു. ശ്രീ ജോണിനു 23-ം, ശ്രീ പനമ്പിള്ളിക്കു 21-ം വോട്ടുകൾ കിട്ടി. 1952 മർച്ചു് 12-ാംനു- മന്ത്രിസഭ സത്യപ്രതിജ്ഞചെയ്തു ചാർജേററു. താഴെപറയുന്നവരായിരുന്നു അതിലെ അംഗങ്ങൾ. 1) ശ്രീ എ. ജെ. ജോൺ (പ്രധാനമന്ത്രി) 2) ശ്രീ പനമ്പിള്ളി (ഭക്ഷ്യ—ധനകാര്യമന്ത്രി) 3) ശ്രീ ടി. എം. വറുഗീസ് (ആഭ്യന്തരകാര്യമന്ത്രി) 4) ശ്രീ വൈക്കം മാധവൻ (പൊതുജനാരോഗ്യമന്ത്രി) 5) ശ്രീ കളത്തിൽ വേലായുധൻ നായർ (മരാമത്തു —ഗതാഗതമന്ത്രി) 6) ശ്രീ കെ. കൊച്ചുകുട്ടൻ (തദ്ദേശസ്വയംഭരണമന്ത്രി). 1952 മേയ്മാസത്തിൽ തിരുവിതാംകൂർ തമിഴ്നാട്ടു് കോൺഗ്രസ്സ് മെംബർമാർ 9 പേരും കോൺഗ്രസ്സുപാർട്ടിയിൽ ചേരുകയും അവരുടെ ലീഡറായിരുന്ന മി ചിദംബരനാഥനാടാർ മേയ 24-ാംനു- സത്യപ്രതിജ്ഞചെയ്തു റവന്യൂമന്ത്രിയായി ചാർജേൽക്കുകയും ചെയ്തു. അങ്ങനെ സുശക്തമായ ഒരു ഭൂരിപക്ഷത്തിൻെറ പിന്തുണയോടുകൂടി, മന്ത്രിസഭയ്ക്കു് വിജയശ്രീലാളിതമായി ഇത്രയുംകാലം ഭരണംനടത്താൻ സാധിച്ചു.

തിരുവിതാംകൂറിൽ തമിഴ് സംസാരിക്കുന്നവർ തിങ്ങിപ്പാർക്കുന്ന തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവംകോടു്, നെയ്യാററിങ്കര, ചെങ്കോട്ട, ദേവികുളം, പീരുമേടു് എന്നീ എട്ടു താലൂക്കുകൾ ഉൾപ്പെടുത്തി ഒരു പി. സി. സി. (പ്രദേശ് കോൺഗ്രസ് കമ്മിററി)അനുവദിക്കണമെന്ന അഭ്യർത്ഥന 1953ജൂൺ 28-ാംനു- തമിഴ്നാട്ടുകോൺഗ്രസ്സുകാർ കോൺഗ്രസ്സ് ഹൈകമാണ്ടിനയച്ചു.ഹൈകമാണ്ടു് അതു നിരാകരിച്ചു. അതുമുതൽ തി. ത. നാ. കോൺഗ്രസ്സുകാർ അതൃപ്തരായും അനന്തരകരണീയത്തെപ്പററി ആലോചിച്ചും കഴിയുകയായിരുന്നു. അവരെകോൺ. പാർലമെൻററി പാർട്ടിയിൽനിന്നു ബഹിഷ്കരിക്കണമെന്നുള്ള ആഗ്രഹം തിരുവനന്തപുരം ഡി. സി. സി. ക്കു് ഉണ്ടായിരുന്നതായി പറയപ്പെടുന്നു. എങ്ങനെയായാലും അത്തരമൊരു സംഭവവികാസത്തിനു് ഇടകൊടുക്കാതെ സെപ്ററംബർ 13-ാംനു- ത. നാ. കോൺഗ്രസ്സുകാർകോൺഗ്രസ്സ്പാർട്ടിയുമായുള്ള സഖ്യം വേർപെടുത്താൻ തീരുമാനിച്ചു. 15-ാംനു- മി. ചിദംബരനാഥനാടാർ മന്ത്രിസ്ഥാനം രാജിവയ്ക്കുകയും ചെയ്തു. അതിനെത്തുടർന്നാണു് സെപ്ററംബർ 18-ാംനു- ശ്രീ എ. ജെ. ജോണിൻെറ അദ്ധ്യക്ഷതയിൽ കൂടിയ കോൺഗ്രസ്സ് പാർലമെൻററിപാർട്ടി എക്സിക്യൂട്ടീവു് നിയമസഭയിൽ വിശ്വാസപ്രമേയം അവതരിപ്പിക്കാൻ തീരുമാനിച്ചതു്. പതിനൊന്നാം മണിക്കൂറിൽ ഒരു ഒത്തുതീർപ്പുശ്രമം കൂടിനടന്നു. കോൺഗ്രസ്സ് ഹൈകമാണ്ടിൻെറ നിർദ്ദേശമനുസരിച്ചു് സെപ്ററംബർ 22-ാംനു-, മദ്രാസ് തമിഴ്നാട്ടു് കോൺഗ്രസ്സ്പ്രസിഡണ്ടും കോൺഗ്രസ്സ് വർക്കിംഗ് കമ്മിററി അംഗവുമായ മി. കാമരാജനാടാർ ഡൽഹിയിൽനിന്നും വിമാനമാർഗ്ഗം തിരുവനന്തപുരത്തെത്തി, ഇരുകക്ഷികളിലേയും നേതാക്കന്മാരെ കണ്ടു സംസാരിച്ചു. ഈ അനുരഞ്ജകശ്രമവും പരാജയമടഞ്ഞു.

ആസന്നഭാവിയിൽ ഒരു പൊതുതിരഞ്ഞെടുപ്പു നടക്കുമെന്നുവേണം വിചാരിക്കാൻ. പുതിയ മണ്ഡലവിഭജനം ഒരാഴ്ചകൊണ്ടു് നടത്താൻ സാധിക്കുമെന്നു് പ്രസ്താവനയുണ്ടായിട്ടുണ്ടു്. അടുത്ത നിയമസഭയുടെ അംഗസംഖ്യ 117 ആയിരിക്കും. ആ നിയമസഭയിലെങ്കിലും കോൺഗ്രസ്സ് പാർട്ടിക്കു സുനിശ്ചിതമായ ഭൂരിപക്ഷം കിട്ടേണ്ടതു രാജ്യത്തിൻേറയും ജനങ്ങളുടേയും പൊതുനന്മയ്ക്കു് അത്യന്താപേക്ഷിതമായിരിക്കുന്നു. അതിനെ ലക്ഷ്യമാക്കി ഹൃദയവിശാലതയോടുകൂടി എല്ലാവരും പ്രവർത്തിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം.

* * *

### ആന്ധ്‌റാസ്റ്റേററു്

തെലുങ്കുഭാഷ സംസാരിക്കുന്നവർക്കായുള്ള ആന്ധ്‌റാസ്റ്റേററു് രൂപവൽക്കരിക്കുന്നതു സംബന്ധിച്ച ബില്ലിൽ ഒരു മാസത്തെ വാദപ്രതിവാദത്തിനുശേഷം സെപ്ററംബർ 13-ാം ഇൻഡ്യൻ പാർലമെൻറു് പാസ്സാക്കുകയും സെപ്ററംബർ 14-ാംനു- പ്രസിഡണ്ടു് അതു് അംഗീകരിക്കുകയും ചെയ്ത സംഗതി കഴിഞ്ഞലക്കത്തിൽ വാർത്തകളുടെ കൂട്ടത്തിൽ പ്രസ്താവിച്ചിരുന്നതാണു്. ഒക്ടോബർ 1-ാംനു- ആന്ധ്‌റാസ്റ്റേററു് രൂപവൽക്കരിക്കപ്പെടും. പുതിയ സ്റ്റേററിൻെറ ഗവർണ്ണരായി ശ്രീ ചന്ദുലാൽ മാധവ്ലാൽ ത്രിവേദിയെ നിയമിച്ചിരിക്കുന്നെന്നു സെപ്ററംബർ 18-ാംനു- ഒരു പ്രത്യേക കമ്മ്യൂണിക്കെ മുഖേന ഇൻഡ്യൻ പ്രസിഡണ്ടു് പ്രഖ്യാപിച്ചു. പഞ്ചാബിലെ ഒരു മുൻഗവർണ്ണരായ ശ്രീ സി. എം. ത്രിവേദി ആന്ധ്‌റാകാര്യങ്ങൾ സംബന്ധിച്ചു് ഒരു സ്പെഷൽ ഓഫീസറായികഴിഞ്ഞ ജൂലൈ16-ാംനു-നിയമിക്കപ്പെട്ടതാണു്. കോൺഗ്രസ്സ്, പി. എസ്. പി., കൃഷിലോക് പാർട്ടി എന്നീ മൂന്നു കക്ഷികളുടെ ഓരോ പ്രതിനിധികളടങ്ങിയ കമ്മിററിയുടെ നേതാവെന്നനിലയിൽ മദ്രാസ് പ്രവിശ്യയും ആന്ധ്‌റാസ്റ്റേററും തമ്മിലുള്ള വിഭജനം സംബന്ധിച്ച കാര്യങ്ങളിൽ അദ്ദേഹം ഇതുവരെവ്യാപൃതനായിരുന്നു. ആകയാൽ ഗവർണർസ്ഥാനത്തിനു് അദ്ദേഹം സർവ്വഥാ അർഹനാണെന്നതിനു സംശയമില്ല.

പുതിയ സ്റ്റേററിൻെറ ഭരണസാരഥ്യം വഹിക്കേണ്ട പ്രധാനമന്ത്രി ആന്ധ്‌റാ കേസരി എന്ന അപരനാമത്താൽ അറിയപ്പെടുന്ന അനിഷേദ്ധ്യനേതാവു് ശ്രീ ടി പ്രകാശം ആയിരിക്കുമെന്നതും മിക്കവാറും തീർച്ചയായിരിക്കുന്നു. ഏതുനിലയിലാണു് അദ്ദേഹം ഭരണഭാരം കൈയേൽക്കേണ്ടതു് എന്ന സംഗതി ഇതെഴുതുമ്പോൾ സന്ദിഗ്ദ്ധാവസ്ഥയിൽത്തന്നെ നിലകൊള്ളുന്നു. ആന്ധ്‌റാസംസ്ഥാനംവക നിയമസഭയിൽ കോൺഗ്രസ്സിനായിരിക്കും കൂടുതൽ അംഗസംഖ്യ ഉണ്ടായിരിക്കുക. ആകയാൽ കോൺഗ്രസ്സിനെ കൂടാതെ മന്ത്രിസഭ രൂപവൽക്കരിക്കുക സാദ്ധ്യമല്ല. പാർട്ടി ബാദ്ധ്യതകളിൽനിന്നു ശ്രീ പ്രകാശത്തെ ഒഴിവാക്കാൻ പി. എസ്. പി. യുടെ നാഷനൽ എക്സിക്യൂട്ടീവു് വിസമ്മതിക്കുകയും ചെയ്തിരിക്കുന്നു. പാർട്ടിയിൽനിന്നും രാജിവച്ചു ഒരു സ്വതന്ത്രനായിനിന്നു മന്ത്രിസഭ രൂപവൽക്കരിക്കാൻ ശ്രമിച്ചാലും, കമ്മ്യൂണിസ്റ്റുകാരുമായി ഒരിക്കലും കൂട്ടുപിടിക്കുന്നതല്ലെന്നു് അദ്ദേഹം ഖണ്ഡിതമായി പ്രസ്താവിച്ചിട്ടുണ്ടു്. പാർട്ടിബാദ്ധ്യതയും ദേശത്തോടുള്ള ഉത്തരവാദിത്വവുംതമ്മിൽ സംഘട്ടനമുണ്ടായാൽ രണ്ടാമത്തേതാണു് വിജയംവരിക്കേണ്ടതെന്നും അത്തരമൊരു നില സ്വീകരിക്കാൻ ശ്രീ പ്രകാശം മടിക്കയില്ലെന്നാണു തൻെറ പ്രതീക്ഷയെന്നും രാജാജി ഒരു പ്രസംഗമദ്ധ്യേ പ്രസ്താവിച്ചിരിക്കുന്നു. ശ്രീ പ്രകാശം ഒരു കൊല്ലത്തോളം മദ്രാസിൽ പ്രധാനമന്ത്രിയായും രാജാജിയുടെ പ്രഥമജനകീയമന്ത്രിസഭയിൽ വളരെക്കാലം അംഗമായും ഇരുന്നിട്ടുള്ള കാര്യം സ്മരണാർഹമാണു്. പിന്നീടു് അദ്ദേഹം കോൺഗ്രസ്സിൽനിന്നുപിരിഞ്ഞു് ആചാര്യകൃപലാനിയുടെ നേതൃത്വത്തിൽ സമാരംഭിച്ച കിസാൻ മസ്ദൂർ പ്രജാപാർട്ടിയിൽ ചേരുകയാണുണ്ടായതു്. ആ പാർട്ടിയാണല്ലോ ഇന്ത്യൻ സോഷ്യലിസ്റ്റ്പാർട്ടിയുമായി യോജിച്ചു പ്രജാ സോഷ്യലിസ്റ്റ്പാർട്ടി (പി. എസ്. പി.) ആയിത്തീർന്നതു്.

* * *

### ഐക്യരാഷ്ട്രജനറൽ അസംബ്ളിയുടെ പ്രഥമ വനിതാപ്രസിഡൻറു്

ഐക്യരാഷ്ട്രജനറൽ അസംബ്ളിയുടെ പ്രസിഡൻറായി സെപ്ററംബർ 15-ാംനു- മിസ്സിസ് വിജയലക്ഷ്മിപണ്ഡിററ് തിരഞ്ഞെടുക്കപ്പെട്ടകാര്യം പ്രസ്താവിച്ചിരുന്നല്ലോ. മിസ്സിസ് പണ്ഡിററ് അസംബ്ളിയുടെ എട്ടാമത്തെ പ്രസിഡൻറും ഒന്നാമത്തെ വനിതാപ്രസിഡൻറുമാണു്. ഈ വിജയം സ്ത്രീത്വത്തോടുള്ള ബഹുമതി എന്നതിനെ അപേക്ഷിച്ചു് ഇൻഡ്യയോടുള്ള ബഹുമതിയായി താൻ പരിഗണിക്കുന്നുവെന്നാണു് സ്ഥാനലബ്ധിക്കുശേഷം പുതിയ പ്രസിഡൻറു് പ്രസ്താവിച്ചതു്.

ഇതിനു മുമ്പിലത്തെ ഏഴു പ്രസിഡൻറന്മാരുടെ പേരുകളും അവർക്കു ലഭിച്ച വോട്ടുകളുടെ എണ്ണവും താഴെ ചേർക്കുന്നു. 1946-ൽ മി. ഹെൻട്രിസ്പാക്(38); 1947-ൽ മി. അരാഹ (29); 1948-ൽ ഡോക്ടർ ഇവാററ് (31); 1949-ൽ റൊമൂറോ (53); 1950-ൽ നസറുള്ള എൻറസാം(32); 1951-ൽ പാഡില്ലാ നേർവോ (44); 1952-ൽ ലെസ്റ്റർ പീയേഴ്സൺ (51).

അന്താരാഷ്ട്രീയരംഗത്തു് ഇൻഡ്യയുടെ സൽപ്പേരു് ഉയരുന്നതിനു് ഇടയാകത്തക്കവണ്ണം മിസ്സിസ് പണ്ഡിററു് വർത്തിക്കുമെന്നു നമുക്കു പ്രതീക്ഷിക്കുകയും അതിനായി ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യാം.

* * *

### വത്തിക്കാനും സ്പെയിനും തമ്മിൽ കോൺകോർദാത്തു്

സഭയും രാഷ്ട്രവുമായുള്ള ബന്ധത്തെ അധികരിച്ചു് വത്തിക്കാനും സ്പെയിനുംതമ്മിൽ ഇക്കഴിഞ്ഞ ആഗസ്റ്റ് 27-ാംനു- ഒരു കോൺകോർദാത്തിലേർപ്പെട്ടിരിക്കുന്നു. സ്പാനിഷ് ഭരണഘടനയിലെ 6-ാംവകുപ്പു് പരിശുദ്ധസിംഹാസനം പ്രത്യേകമതിൽ അംഗീകരിച്ചിട്ടുണ്ടു്. ആ വകുപ്പനുസരിച്ചു്, "യാതൊരുത്തനേയും അവൻെറ മതവിശ്വാസമോ രഹസ്യമായ മതാനുഷ്ഠാനമോനിമിത്തം അലട്ടാവുന്നതല്ല." സ്പെയിനിലെ 29,000,000 വരുന്ന ആകെ ജനസംഖ്യയിൽ 20,000 പേർ പ്രോട്ടസ്റ്റൻറുകാരാണു്. സ്പെയിനിലെ ഔദ്യോഗികമതം കത്തോലിക്കാമതമാണെങ്കിലും, പ്രോട്ടസ്റ്റൻറുകാർക്കോ മററു ന്യൂനപക്ഷങ്ങൾക്കോ യാതൊരു ഉപദ്രവവും നേരിടാതെ സൂക്ഷിക്കേണ്ടതു് രാഷ്ട്രത്തിൻെറ കടമയാണല്ലോ. കോളനികളിലെ ന്യൂനപക്ഷങ്ങളെ സംബന്ധിച്ച രക്ഷാവ്യവസ്ഥയും കോൺകോർദാത്തിലുണ്ടു്. അതിപ്രകാരമാണു്: "ആഫ്റിക്കയിൽ സ്പെയിനിൻെറ കീഴുള്ള പ്രദേശങ്ങളിലെ അകത്തോലിക്കാമതങ്ങളോടുള്ള സഹിഷ്ണുതയെ സംബന്ധിച്ചിടത്തോളം, ഇതുവരെയുള്ള കീഴ്നടപ്പു് അഭംഗം തുടരുന്നതാണു്." സ്പെയിൻ വൻകരയെ അപേക്ഷിച്ചു് സ്പാനിഷ് ആഫ്റിക്കയിൽ വസിക്കുന്ന മുസ്ലീമുങ്ങൾ, യഹൂദർ ഇവരുടെ ശതമാനം കൂടുതലാണു്. അവർക്കു് അവരുടെ മോസ്ക്കുകളിലും സിനഗോഗുകളിലും മുൻപതിവനുസരിച്ചു് പരസ്യാരാധന തുടർന്നു നടത്തുവാൻ യാതൊരു പ്രയാസവുമുണ്ടായിരിക്കയില്ല എന്നാണു് മേൽപ്പറഞ്ഞ വ്യവസ്ഥയുടെ സാരം.

മെത്രാപ്പോലീത്താമാരുടേയും മെത്രാന്മാരുടേയും നിയമനത്തെപ്പററി 1941-ൽ മാഡ്‌റിഡിൽവച്ചു നിർമ്മിച്ച കൺവെൻഷനെ പുതിയ കൊൺകോർദാത്തു് അതേപടി സ്ഥിരീകരിച്ചിരിക്കുന്നു. വൈദികമേലദ്ധ്യക്ഷന്മാരുടെ നിയമനത്തിൽ വത്തിക്കാനുംസ്പാനിഷ് ഗവമ്മെൻറിനും സ്വകീയമായ ചില അവകാശങ്ങളുണ്ടു്. ഒരു രൂപതയിൽ മെത്രാനില്ലാതാകുമ്പോൾ മാഡ്‌റിഡിലെ പേപ്പൽ നൺഷ്യോ ഗവമ്മെൻറിനെ രഹസ്യമായി സമീപിച്ചു് ഉഭയസമ്മതത്തോടുകൂടി മെത്രാൻപദവിക്കു അർഹരായ ചുരുങ്ങിയതു് ആറു സ്ഥാനാർത്ഥികളുടെയെങ്കിലും ഒരു ലിസ്റ്റു് തയാറാക്കുന്നു. ആ ലിസ്റ്റു് മാർപ്പാപ്പായ്ക്കു് അയച്ചുകൊടുക്കുകയും മാർപ്പാപ്പാ അതിൽനിന്നു മൂന്നുപേരെ തിരഞ്ഞെടുത്തു് ലിസ്റ്റു് തിരികെ ഗവമ്മെൻറിനയക്കുകയുംചെയ്യുന്നു. സ്പെയിൻഗവമ്മെൻറിൻെറ അധിപൻ ആ മൂന്നുപേരിൽ ഒരാളെ അവസാനമായി തിരഞ്ഞെടുത്തു് ആ വിവരം വത്തിക്കാനിലെ സ്പെയിൻപ്രതിനിധിമുഖേന 30 ദിവസത്തിനകം പരി. സിംഹാസനത്തെ അറിയിക്കുന്നു. സ്വന്തം അഭിപ്രായമനുസരിച്ചു് സ്വീകാര്യരല്ലാത്തവരെ തിരസ്കരിക്കുവാൻ ഈ പദ്ധതി തിരുസ്സഭയ്ക്കും രാഷ്ട്രത്തിനും അവസരം നൽകുന്നതിനുപുറമെ, സ്ഥാനാർത്ഥികളുടെ നാമങ്ങൾ സമർപ്പിക്കുവാൻ സ്പെയിനുണ്ടായിരുന്ന പുരാതനാവകാശത്തെ സാരാംശത്തിൽ സംരക്ഷിക്കുകയും ചെയ്യുന്നു.

കൊൺകോർദാത്തുവഴി സ്പെയിനു ലഭിച്ചിരിക്കുന്ന മറെറാരാനുകൂല്യം, സിദ്ധരുടേയും വിശുദ്ധരുടേയും നാമകരണം സംബന്ധിച്ച നടപടികളിൽ സ്പാനിഷ് ഒരു ഔദ്യോഗികഭാഷയായി അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്നതാണു്. ലോകത്തിലെ കത്തോലിക്കരിൽ മൂന്നിലൊരുഭാഗത്തിലധികംപേർസ്പാനിഷ് ഭാഷയാണു സംസാരിക്കുന്നതു്. സഭയുടെ സമുന്നതകോടതിയായ "സേക്രഡ് റോമൻ റോട്ടാ"യിൽ സ്പെയിൻകാരായ രണ്ടു ജസ്റ്റിമാർ ഉണ്ടായിരിക്കണമെന്നും വ്യവസ്ഥചെയ്യപ്പെട്ടിരിക്കുന്നു. ഇതാണു കൊൺകോർദാത്തുവഴി സ്പെയിനു ലഭിച്ച മറെറാരാനുകൂല്യം. ഇതിനുമുമ്പു് ഇററലിക്കു മാത്രമേ ഇപ്രകാരം രണ്ടു ജസ്റ്റിമാരുണ്ടായിരിക്കണമെന്നു വ്യവസ്ഥയുണ്ടായിരുന്നുള്ളു. ജനറൽ ഫ്റാങ്കൊ റോമിലെ സെൻ മേരി മേജർ ബസ്സിലിക്കായുടെഹോണററിപ്രോട്ടോ കാനൻ ആയി ഭവിച്ചിരിക്കുന്നു. മുമ്പു് സ്പാനിഷ്‌രാജാവിൻെറ പ്രതിനിധിയെന്ന നിലയിൽ ഒരിററാലിയൻ മെത്രാൻ ആ ബസ്സിലിക്കായിൽ ഉണ്ടായിരുന്നു. മേലാൽ ആ സ്ഥാനം വഹിക്കുന്നതു ഒരു സ്പാനിഷ്‌വൈദികനായിരിക്കും. പരി. സിംഹാസനത്തോടു് ആലോചിക്കാതെ മതത്തേയും തിരുസ്സഭയേയും സ്പർശിക്കുന്ന കാര്യങ്ങളിൽ യാതൊരു നിയമവും പാസാക്കുന്നതല്ലെന്നു സ്പെയിനും വാഗ്ദാനം ചെയ്തിരിക്കുന്നു.

നിലവിലിരിക്കുന്ന വ്യവസ്ഥിതികളെത്തന്നെ ഒന്നുകൂടി ബലപ്പെടുത്തുക എന്നതാണു് കൊൺകോർദാത്തുകൊണ്ടു പ്രധാനമായി സാധിച്ചിരിക്കുന്നതു്. ഇതിനുമുമ്പു ഓരോ രാജ്യങ്ങളുമായി വത്തിക്കാൻ നടത്തിയിട്ടുള്ള മിക്ക കൊൺകോർദാത്തുകളുടേയും ഉദ്ദേശ്യം സഭയും രാഷ്ട്രവും തമ്മിലുള്ള വടംവലികൾ അവസാനിപ്പിക്കുകയും സമാധാനം പുനഃസ്ഥാപിക്കുകയും ചെയ്യുക എന്നതായിരുന്നു. ഉദാഹരണത്തിനു്, 1929-ൽ ഇററലിയുമായി നടത്തിയ ലാററൻ ഉടമ്പടി ആ ഗണത്തിൽപ്പെട്ട ഒന്നായിരുന്നു. എന്നാൽ 1953-ൽ സ്പെയിനുമായി നടത്തിയ സഖ്യത്തിന്റെ ലക്ഷ്യം സംഘട്ടനങ്ങൾക്കു വിരാമമിടുക എന്നതല്ല, ചിരകാലസ്ഥായിയായ സൗഹാർദ്ദത്തെ ബലിഷ്ഠമാക്കുക എന്നതത്രെ. പുരാതനകാലംമുതൽ റോമാസിംഹാസനത്തോടു വിശ്വസ്തത പാലിച്ചുവന്നതും ആദ്ധ്യാത്മികമായി പുനർജന്മം പ്രാപിച്ചിരിക്കുന്നതുമായ സ്പെയിൻ വത്തിക്കാനുമായി ഇപ്രകാരമൊരു സഖ്യത്തിലേർപ്പെട്ടതിൽ നമ്മുടെ അഭിനന്ദനത്തെ തീർച്ചയായും അർഹിക്കുന്നുണ്ടു്.

* * *

### തൃശ്ശൂർ രൂപതയിലെ സാധുജനസേവനം

തൃശ്ശൂർ രൂപതയിൽ പ്രവർത്തനം നടത്തിവരുന്ന സെൻറ് വിൻസെൻറ് ഡി പോൾ സംഘം സെൻട്രൽ കൗൺസിലിന്റെ വാർഷികറിപ്പോർട്ടിൽ നൽകിയിരിക്കുന്ന ശ്രദ്ധേയങ്ങളായ ചില വിവരങ്ങളാണു് താഴെ ചേർക്കുന്നതു്:—

കൗൺസിലിന്റെ സ്ഥാപനം മുതൽ രൂപതയിൽ അഗതികളുടെ സംരക്ഷണാർത്ഥം 1948-ൽ 24371 കയും, 1949-ൽ 27577 കയും, 1950-ൽ 41,239 കയും, 1951-ൽ 57,152 കയും, 1952-ൽ 64,900 കയും ചെലവാക്കിയിട്ടുണ്ടു്. സെൻട്രൽ കൗൺസിലിലും അതിന്റെ കീഴുള്ള 6 പർട്ടിക്കുലർ കൗൺസിലുകളിലും 64 കോൺഫറൻസുകളിലും കൂടി 726 അംഗങ്ങൾ സജീവമായി പ്രവർത്തനം നടത്തിവരുന്നു. 642 പ്രോത്സാഹകാംഗങ്ങൾ സംഘത്തിനുണ്ടു്. ഇവയ്ക്കു പുറമെ 1952-ന്റെ അവസാനത്തിലാരംഭിച്ചവയും 134 അംഗങ്ങളുള്ളവയുമായ വലപ്പാട്ട്, കോട്ടപ്പടി, കോടന്നൂര്, നന്തിക്കര, വല്ലച്ചിറ, ചെങ്ങാല്ലൂര്, ചൊവ്വൂർ, പല്ലിശ്ശേരി വരന്തരപ്പിള്ളി (പടിഞ്ഞാറു്), ആനപുരം, ഏങ്ങണ്ടിയൂർ എന്നീ 11 കോൺഫറൻസുകൾ അംഗീകരണത്തിനായി അപേക്ഷിക്കയും ചെയ്തിട്ടുണ്ടു്.

റിപ്പോർട്ടു വർഷത്തിൽ 28,867 സാധുകുടുംബസന്ദർശനവും 5642 രോഗിസന്ദർശനവും 51 ജയിൽസന്ദർശനവുംകൂടി 34,560 സന്ദർശനങ്ങളാണു് ഞങ്ങളുടെ സഹോദരന്മാർ നടത്തിയിട്ടുള്ളതു്. 7258 അംഗങ്ങളുള്ള 1242 ദരിദ്രകുടുംബങ്ങളെ കോൺഫറൻസുകളിൽനിന്നും സ്ഥിരമായി സഹായിച്ചുവരുന്നു. അതിൽ 1512 അംഗങ്ങളുള്ള 284 കുടുംബങ്ങൾ അകത്തോലിക്കരുടേതാണു്. 4432 പറ അരി സാധുകുടുംബങ്ങളിലേക്കു വിതരണം ചെയ്തിട്ടുണ്ടു്. കൂടാതെ കഴിഞ്ഞ കർക്കടകത്തിൽ 32,860 പേർക്കു ഒരുനേരത്തെ ഭക്ഷണവും നൽകുകയുണ്ടായി. 4810 രോഗികൾക്കാണു് ഇക്കൊല്ലം സൊസൈററിയിൽനിന്നു ചികിത്സാസഹായം നൽകിയിട്ടുള്ളതു്. 2885 കോടിവസ്ത്രങ്ങളും 712 പഴയവസ്ത്രങ്ങളും സാധുക്കൾക്കു നൽകിയിട്ടുണ്ടു്.

പുരകെട്ടു്, പുരവാടക ഇനത്തിൽ 215 കുടുംബങ്ങൾക്കു സഹായം നൽകുകയുണ്ടായി. തൊഴിലിൽ ഏർപ്പെടുത്തിക്കൊടുത്തും തൊഴിലുപകരണങ്ങൾ വാങ്ങിക്കൊടുത്തും 246 പേരെ സഹായിക്കുകയുംചെയ്തു. സംഘത്തിൽനിന്നു് സഹായധനം നൽകിയിട്ടുള്ള വിവാഹങ്ങളുടെ എണ്ണം 82 ആണു്. സാധുക്കളുടെ 266 ശവസംസ്കാരച്ചിലവുകൾ റിപ്പോർട്ടുവർഷത്തിൽ സംഘത്തിൽനിന്നു വഹിക്കുകയും, 304 സംസ്കാരകർമ്മങ്ങളിൽ ഞങ്ങളുടെ സഹോദരന്മാർ പങ്കുകൊള്ളുകയും, പലേടത്തും അവർതന്നെ ശവമഞ്ചം വഹിക്കുകയും ചെയ്തിട്ടുണ്ടു്.

ആസന്നമരണരായ 287 സാധുക്കൾക്കു് അംഗങ്ങളുടെ പരിശ്രമത്തിൽ അന്ത്യകൂദാശകൾ നൽകുകയുണ്ടായി. 1384 സാധുകുടുംബങ്ങളിൽ തിരുഹൃദയപ്രതിഷ്ഠ കഴിപ്പിക്കുകയും 146 ആണ്ടുകുമ്പസാരമുടക്കുകാർ തിരിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. അസന്മാർഗ്ഗബന്ധത്തിൽ ഏർപ്പെട്ടിരുന്ന 46 പേരെ ആയതിൽനിന്നു വിടർത്തുകയും, 38 പേരെ ക്രമാനുസൃതം വിവാഹം കഴിപ്പിക്കുകയും കലഹിച്ചുപിരിഞ്ഞ 52 ദമ്പതിമാരെ രഞ്ജിപ്പിക്കുകയുംചെയ്തു. 113 തൊഴിലാളികളെ സംഘം ചെലവിന്മേൽ ഏകാന്തധ്യാനങ്ങളിൽ സംബന്ധിക്കുവാൻ അയച്ചിരുന്നു. 158 പേർ കമ്മ്യൂണിസ്റ്റ് യൂണിയനുകളിൽനിന്നും കമ്മ്യൂണിസ്റ്റ് ബന്ധത്തിൽനിന്നും നമ്മുടെ സഹോദരന്മാരുടെ പരിശ്രമത്താൽ പിൻവാങ്ങിയിട്ടുണ്ടു്. 138 കുടുംബവഴക്കുകൾ സംഘം സഹോദരന്മാർക്കു പറഞ്ഞവസാനിപ്പിക്കുവാൻ സാധിച്ചു.

സ്കൂൾഫീസും പാഠപുസ്തകങ്ങളും നൽകി 455 സാധുകുട്ടികളെ ഇക്കൊല്ലം സഹായിക്കുകയുണ്ടായി. നമ്മുടെ 126 സഹോദരന്മാർ പ്രതിഫലേച്ഛകൂടാതെ ഇടവകകളിൽ വേദോപദേശം പഠിപ്പിച്ചുവരുന്നു.

12,000 ലഘുലേഖകളും, 16,265 പത്രമാസികകളും വിതരണവും വില്പനയും നടത്തിയിട്ടുണ്ടു്. 257 പ്രാർത്ഥനപ്പുസ്തകങ്ങളും 5710 കൊന്ത വെന്തിങ്ങയും സാധുക്കളുടെ ഇടയിൽ വിതരണം ചെയ്യുകയുണ്ടായി.

തൃശ്ശൂർ രൂപതക്കാർ ചെയ്തിരിക്കുന്നതുപോലെ മററു രൂപതക്കാരും അവരവർ നിർവ്വഹിക്കുന്ന സാധുജനസേവനത്തിന്റെ ഒരു സ്ഥിതിവിവരക്കണക്കു പ്രസിദ്ധീകരിച്ചിരുന്നുവെങ്കിൽ, കേരളത്തിലെ കത്തോലിക്കരുടെ വകയായി പ്രതിവർഷം എത്രലക്ഷം രൂപയാണു് സാധുക്കളുടെ ഇടയിൽ വിതരണം ചെയ്യപ്പെടുന്നതെന്നു മനസ്സിലാക്കാമായിരുന്നു. കത്തോലിക്കർ സാധുക്കൾക്കുവേണ്ടി ഒന്നും ചെയ്യുന്നില്ല എന്നു കൊട്ടിഘോഷിക്കുകയും എന്നാൽ അതേസമയംതന്നെ ഓരോരോ പേരുംപറഞ്ഞു തൊഴിലാളികളുടേയും മററു പട്ടിണിപ്പാവങ്ങളുടേയും ചെമ്പുകാശു തട്ടിയെടുക്കുകയും ചെയ്യുന്ന വിപ്ലവനേതാക്കളുടെ ചെമ്പു് തെളിയിക്കാനും അതു പര്യാപ്തമായിരുന്നേനെ.

---

വി. കൊച്ചുത്രേസ്യായുടെ

### തിരുനാൾ

മൂക്കന്നൂർ ചെറുപുഷ്പദേവാലയത്തിൽ ഒക്ടോബർ 4-ാംനു-ഞായറാഴ്ച ഘോഷിക്കുന്നതാണു്.

---

സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—0—0 |

## തിരുക്കൊച്ചിവാർത്തകൾ

### രാജപ്രമുഖന്റെ തീരുമാനം

സംസ്ഥാനത്തെ കോൺഗ്രസ്സ് മന്ത്രിസഭയിൽ വിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയം അസംബ്ലിയിൽ പരാജയപ്പെട്ടതിനെത്തുടർന്നു് പ്രതിപക്ഷനേതാവായ ശ്രീ ടി. വി. തോമസ് ഒരു പുതിയ മന്ത്രിസഭ രൂപീകരിക്കാനുള്ള ചുമതല തന്നെ ഏല്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് രാജപ്രമുഖനു് കത്തയക്കുകയുണ്ടായി. എന്നാൽ, സംസ്ഥാനത്തു് ഒരുറച്ച മന്ത്രിസഭ ഉണ്ടാകുന്നതിനുള്ള ഏകമാർഗ്ഗം ഒരു പൊതുതിരഞ്ഞെടുപ്പാണെന്നു തനിക്കു ബോദ്ധ്യമായിരിക്കുന്നതിനാൽ ഇപ്പോഴത്തെ നിയമസഭ പിരിച്ചുവിട്ടിരിക്കുന്നുവെന്നു് രാജപ്രമുഖൻ മറുപടി നൽകിയിരിക്കുന്നു.

### മന്ത്രിസഭയിൽ മാററമില്ല

അടുത്ത തിരഞ്ഞെടുപ്പുവരെ ഇപ്പോഴത്തെ മന്ത്രിസഭ ഇതേ നിലയിൽത്തന്നെ തുടരുന്നതാണെന്നു് പ്രധാനമന്ത്രി ശ്രീ എ. ജെ. ജോൺ പത്രപ്രതിനിധികളുടെ ചോദ്യത്തിനുത്തരമായി പ്രസ്താവിച്ചിരിക്കുന്നു.

### തിരുക്കൊച്ചിയിൽ ഡി. ഡി. ടി. പ്ലാൻറ്

ഡൽഹിയിൽ ഇപ്പോഴുള്ള ഡി. ഡി. ടി. പ്ലാൻറിനു പുറമെ ഇൻഡ്യയിൽ ഒരു പ്ലാൻറുകൂടി സ്ഥാപിക്കുവാനുദ്ദേശിച്ചിട്ടുണ്ടെന്നും അതു മിക്കവാറും തിരുകൊച്ചിയിലായിരിക്കുമെന്നും കേന്ദ്രപ്രൊഡക്ഷൻ മന്ത്രി മി. കെ. സി. റെഡ്ഢി സെപ്ററംബർ 23-ാംനു തിരുവനന്തപുരത്തുവച്ചു പ്രസ്താവിച്ചിരിക്കുന്നു.

### കേന്ദ്രമന്ത്രി നന്ദ

തൃശ്ശൂർ രാമനിലയത്തിൽ ചികിത്സാർത്ഥം താമസിച്ചുവരുന്ന കേന്ദ്രപ്ലാനിംഗ് മന്ത്രി മി. ഗുൽസരിലാൽ നന്ദ ഒക്ടോബർ 1-ാംനു ഡൽഹിക്കു തിരിച്ചുപോകുന്നതാണെന്നറിയുന്നു.

### ഉച്ചഭാഷിണികൾ നിരോധിച്ചു

തിരുവനന്തപുരം, നെയ്യാററിങ്കര, കുഴിത്തുറ, പത്മനാഭപുരം, കൊളച്ചൽ, നാഗർകോവിൽ എന്നീ മുനിസിപ്പൽ പട്ടണങ്ങളിലും കൊല്ലം, കോട്ടയം എന്നീ ഡിസ്ട്രിക്ടുകളിലെ മുനിസിപ്പൽ പട്ടണങ്ങളിലും രാത്രി 10 മണിമുതൽ കാലത്തു 6 മണിവരെ മൈക്രോഫോൺ, മെഗഫോൺ തുടങ്ങി യാതൊരു ഉച്ചഭാഷിണിയന്ത്രവും ഉപയോഗിച്ചുകൂടെന്നു് ഉത്തരവായിരിക്കുന്നു.

### പട്ടിണിജാഥക്കാർ

സെ. 26-ാംനു കമ്മ്യൂണിസ്റ്റുകാരായ 300-ഓളംവരുന്ന ഒരു സംഘം "പട്ടിണിജാഥക്കാർ" തിരുവനന്തപുരത്തെത്തി. മുഖ്യമന്ത്രി അവിടെ ഇല്ലായിരുന്നതിനാൽ അവരുടെ നേതാവു് സ. അച്യുതമേനോനും മററു നാലു സഖാക്കളും മന്ത്രി ശ്രീ പനമ്പിള്ളിയെ കണ്ടു സംസാരിക്കുകയും മെമ്മോറാണ്ഡം സമർപ്പിക്കുകയും ചെയ്തിരിക്കുന്നുവത്രെ. കുഴപ്പം സൃഷ്ടിക്കുവാൻ കമ്മ്യൂണിസ്റ്റുകാർ കരുതിക്കൂട്ടി ചെയ്യുന്ന ശ്രമങ്ങളെയെല്ലാം സുധീരം നേരിടുവാൻ ഗവൺമെൻറു് നിശ്ചയിച്ചിരിക്കുന്നതായി ശ്രീ പനമ്പിള്ളി അവരെ അറിയിച്ചതായും റിപ്പോർട്ടുണ്ടു്.

## ഇൻഡ്യാ വാർത്തകൾ

### നാട്ടുവാഴികളോടു് നെഹ്റു

ഇൻഡ്യയിലെ മുൻനാട്ടുവാഴികൾ കാലത്തിന്റെ ഗതിയനുസരിച്ചു നിലകൊള്ളണമെന്നും സ്വമനസ്സാ തങ്ങളുടെ പ്രിവിപേഴ്സുകൾ കുറയ്ക്കുവാൻ സന്നദ്ധരാകണമെന്നും അഭ്യർത്ഥിച്ചുകൊണ്ടു് പ്രധാനമന്ത്രി നെഹ്റു ഇന്ത്യയിലെ എല്ലാ നാട്ടുവാഴികൾക്കും സർക്കുലർ അയച്ചിരിക്കുന്നു.

### റെഡ്ഢി റിപ്പോർട്ടുസമർപ്പിക്കും?

തിരുകൊച്ചിയിലെ സ്ഥിതിഗതികളെപ്പററി പഠിച്ചു് പ്രധാനമന്ത്രിയുടെ പക്കൽ റിപ്പോർട്ടു സമർപ്പിക്കുവാൻ പ്രൊഡക്ഷൻ മന്ത്രി മി. കെ. സി. റെഡ്ഢിയെ ചുമതലപ്പെടുത്തിയിരിക്കുന്നതായറിയുന്നു.

### മരണനികുതിബിൽ

മരണനികുതിബിൽ കേന്ദ്രഗവൺമെൻറിന്റെ ഇരുസഭകളിലും പാസായിരിക്കുന്നു. ഇതു നടപ്പിലാകുമ്പോൾ വർഷത്തിൽ 15 കോടി ക. ഗവൺമെൻറിനാദായമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നതായി മന്ത്രി മി. ദേശ്മുഖ് പാർലമെൻറിൽ പ്രസ്താവിച്ചിരിക്കുന്നു.

### ഗോതമ്പു് സ്വതന്ത്രമാർക്കററിൽ

ഗോതമ്പു് ഉപഭോക്താക്കൾക്കും വ്യാപാരികൾക്കും എത്രമാത്രം വേണമെങ്കിലും വിനിമയംചെയ്യാനനുവദിക്കാവുന്നതാണെന്നു് കേന്ദ്രഗവൺമെൻറു് സംസ്ഥാനഗവൺമെൻറുകളെ അറിയിച്ചിരിക്കുന്നു. എന്നാൽ ഒരു സംസ്ഥാനത്തുനിന്നും മററൊരു സംസ്ഥാനത്തിലേക്കു് ഗോതമ്പു കടത്തിക്കൊണ്ടുപോകുന്നതിൽ ഇപ്പോഴുള്ള നിയന്ത്രണം തുടരുന്നതാണു്.

### ലീഗൽ എയ്ഡ് സൊസൈററി

പാവപ്പെട്ടവരും സഹായമർഹിക്കുന്നവരുമായ കക്ഷികൾക്കു് സൗജന്യമായി നിയമസഹായം നൽകുന്നതിനു് ഒരു ലീഗൽ എയ്ഡ് സൊസൈററി കോഴിക്കോട്ടു് ബാർ അസോസ്യേഷന്റെ ആഭിമുഖ്യത്തിൽ രൂപവൽക്കരിക്കപ്പെട്ടിരിക്കുന്നു. ഇതിൽപ്പെട്ട വക്കീലന്മാർ സാധുക്കളായ കക്ഷികൾക്കുവേണ്ടി ഫീസില്ലാതെ കോടതികളിൽ വാദംനടത്തിവരുന്നതായറിയുന്നു. സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇത്തരം സമിതികൾ രൂപവൽക്കരിക്കുവാൻ മദ്രാസ് ബാർ അസോസ്യേഷൻ നിർദ്ദേശംനൽകുകയുണ്ടായിട്ടുണ്ടു്.

### സാമൂഹ്യവിദ്യാഭ്യാസപദ്ധതി

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുതകുമാറാക്കിയിരിക്കുന്ന സാമൂഹ്യവിദ്യാഭ്യാസപദ്ധതി ഗാന്ധിജയന്തിദിനമായ ഒക്ടോബർ 2-ാംനു ഉൽഘാടനംചെയ്യുവാൻ കേന്ദ്രഗവൺമെൻറു് സ്റ്റേററുഗവൺമെൻറുകളോടാവശ്യപ്പെട്ടിരിക്കുന്നു. 1553-54-ൽ 30,000 പേർക്കും 1954-55-ൽ 50,000പേർക്കും തൊഴിൽ കൊടുക്കുന്നതിനു് പര്യാപ്തമായ ഒരു പദ്ധതിയാണിതു്. ഇപ്പോൾ അവർക്കു കൊടുക്കേണ്ടിവരുന്ന ശമ്പളത്തിൽ 75 ശതമാനവും കേന്ദ്രം വഹിക്കുന്നതാണു്.

### ശ്രീ പ്രകാശം

ആന്ധ്രായിലെ പി. എസ്സ്. പി നേതാവു് ശ്രീ പ്രകാശം പാർട്ടിയിൽനിന്നു രാജിവച്ചു് കോൺഗ്രസ്സ് പാർട്ടിയിലെ ഒരു അസോഷ്യേററു് അംഗമായി ചേർന്നിരിക്കുന്നു. സെ. 25-ാംനു പി. എസ്. പി. നാഷനൽ എക്സിക്യൂട്ടിവിലെ അംഗത്വവും 26-ാംനു പി. എസ്. പി. യിലെ അംഗത്വവും അദ്ദേഹം രാജിവച്ചു. അനന്തരം കോൺഗ്രസ്സ് നിയമസഭാപാർട്ടിയിൽ താൻ ചേർന്ന വിവരം മി. നെഹ്റുവിനേയും കോൺഗ്രസ്സ് വർക്കിംഗ് കമ്മിററിയേയും അറിയിച്ചു. കോൺഗ്രസ്സ് പ്രസിഡൻറു് മി. നെഹ്റു ആ നടപടി അംഗീകരിക്കുകയുംചെയ്തു. തങ്ങളുടെ പാർട്ടിയിൽനിന്നു പിരിഞ്ഞുപോയ ശ്രീ പ്രകാശത്തെ പിന്താങ്ങാൻ പി. എസ്സ്. പി. ക്കാർ ഉദ്ദേശിക്കുന്നില്ലത്രെ. എന്നുതന്നെയല്ല, പി. എസ്സ്. പി. ടിക്കററിൽനിന്നു വിജയംവരിച്ച അദ്ദേഹം പാർട്ടി വിട്ടുപോയിരിക്കുന്നതിനാൽ, നിയമസഭാസ്ഥാനം രാജിവച്ചു് വീണ്ടും തിരഞ്ഞെടുപ്പിനു നില്ക്കേണ്ടതാണെന്നു് അവർ ചൂണ്ടിക്കാണിച്ചിരിക്കുന്നു.

## വിദേശവാർത്തകൾ

### റഷ്യയിൽ ശുദ്ധീകരണം തുടരുന്നു

സ്റ്റാലിന്റേയും ബെറിയായുടേയും ജന്മനാടായ ജോർജിയായിലെ പ്രധാനമന്ത്രി മി. വി. എം. ബക്രാഡ്സേയെ അവിടത്തെ സുപ്രീംസോവ്യററു് മന്ത്രിസ്ഥാനത്തുനിന്നും ബഹിഷ്കരിക്കുകയും അദ്ദേഹത്തിനു പകരം മി. ഗലാതിപ്പ് വിലിയെ നിയമിക്കുകയും ചെയ്തിരിക്കുന്നു. ഇതു കഴിഞ്ഞു് ഏതാനും ദിവസങ്ങൾക്കകം അവിടത്തെ കൃഷി, വിദ്യാഭ്യാസം, സംസ്കാരം എന്നീ വകുപ്പുകൾ നിയന്ത്രിക്കുന്ന മൂന്നു മന്ത്രിമാരെക്കൂടി ഡിസ്മിസ്ചെയ്തിരിക്കുന്നതായും പകരം മൂന്നു പേരെ പുതുതായി നിയമിച്ചിരിക്കുന്നതായും റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. മന്ത്രിസഭയിലെ ഈ മാററങ്ങൾക്കുള്ള കാരണങ്ങൾ വിശദമാക്കപ്പെട്ടിട്ടില്ല.

### റഷ്യൻനിർദ്ദേശം തിരസ്കരിക്കപ്പെട്ടു

കൊറിയൻ പൊളിററിക്കൽ കോൺഫറൻസിൽ ആരെല്ലാം സംബന്ധിക്കണമെന്നകാര്യം ഒരിക്കൽക്കൂടി ചർച്ചാവിഷയമാക്കേണ്ടതാണെന്നു് റഷ്യ ഉന്നയിച്ച വാദം ഐക്യരാഷ്ട്രജനറൽ അസംബ്ലിയുടെ സ്റ്റീയറിംഗ് കമ്മിററി 2 വോട്ടുകൾക്കെതിരായി 11 വോട്ടുകളോടെ തള്ളിക്കളഞ്ഞിരിക്കുന്നു.

### ഒരൊററ കമ്മ്യൂണിസ്റ്റ്പോലും വിജയിച്ചില്ല

കാനഡായിൽ ഇക്കഴിഞ്ഞ ആഗസ്റ്റ് 10-ാംനു നടന്ന തിരഞ്ഞെടുപ്പിൽ ലിബറൽപാർട്ടിയാണല്ലോ വിജയംവരിച്ചിരിക്കുന്നതു്. നൂറു കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥികൾ മത്സരിച്ചെങ്കിലും ഒരൊററയാൾപോലും വിജയംവരിച്ചില്ല. അവർക്കെല്ലാവർക്കും കെട്ടിവച്ച പണംപോലും നഷ്ടപ്പെട്ടു. സ്വന്തംപേരിൽ മത്സരിക്കാൻ ധൈര്യമില്ലാതിരുന്നതുകൊണ്ടു് ഇപ്രാവശ്യം "ലേബർ പ്രോഗ്രസ്സീവ് പാർട്ടി" എന്ന മുഖപടവും ധരിച്ചാണു് അവർ മത്സരിച്ചതു്.

# ആസാമിലെ ആരാമങ്ങളിൽ

(പ്രൊഫസർ ജോസഫ് മീനാട്ടൂർ)

VI

### ഷില്ലോംഗ് രൂപത

ഖാസി-ജയിന്തിയാഹിൽസ്, നൗഗോംഗ്, കാമരൂപം, ഗാരോഹിൽസ്, ഗോൾപാറാ, ദെരാംഗ്, ലഖിംപ്പൂർ അതിർത്തി പ്രദേശം എന്ന ആസാമിലെ ഏഴു ഡിസ്ട്രിക്റ്റുകൾചേർന്ന, അതിവിസ്തൃതമായ ഒരു രൂപതയാണ് ഷില്ലോംഗ്. ഡോൺബോസ്കോയുടെ സലേഷ്യൻസഭയാണ് രൂപതാഭരണം നടത്തുന്നതു:



സഭാഗ്ഗോഷത്തിനു് പ്രാരംഭമായി വേദോപദേശം സ്വീകരിക്കുന്ന മുപ്പായിരം പേരുള്ളതു കൂടാതെ, ഈ രൂപതയിൽ എഴുപതിനായിരത്തഞ്ഞൂറു കത്തോലിക്കരുണ്ടു്. പല ഗിരിപ്രദേശങ്ങളിലും സമതലങ്ങളിലുമായി വസിക്കുന്ന ഈ വമ്പിച്ച കത്തോലിക്കാസമൂഹത്തിന്റെ ആത്മികാവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനായി അൻപത്തിയൊന്നു വൈദികന്മാർ മാത്രമേ ഇവിടെയുള്ളൂ. അവരിൽ എട്ടുപേർമാത്രമാണ് ഭാരതീയർ. വൈദികന്മാരുടെ വൈരളൃംനിമിത്തം, വൈദികരും ദേവാലയവുമായി വേണ്ടത്ര സമ്പർക്കമില്ലാതെ ജീവിക്കുവാൻ ഇടയാകുന്ന ചില കത്തോലിക്കർ സാഹചര്യങ്ങളുടെ സമ്മർദ്ദത്തിനു വിധേയരായി പല ദുരാചാരങ്ങളിലും വീണുപോകുന്നുണ്ടു്. ഈ രൂപതയിൽ കൂടുതൽ വൈദികരുണ്ടെങ്കിൽ ഈ ജനങ്ങളെ ക്രിസ്തുവിന്റെ കൊടിക്കീഴിൽ നയിക്കുവാൻ പ്രയാസമുണ്ടാകുകയില്ല.

കമനീയതയുടെ കളിത്തൊഴിയായി കരുതപ്പെടുന്ന ഷില്ലോംഗ് പട്ടണത്തിൽനിന്നു മൂന്നു മൈൽ അകലെ സേക്രഡ് ഹാർട്ട് കോളെജ് എന്ന ഒരു സലേഷ്യൻ വൈദിക സെമിനെരിയുണ്ടു്. അവിടെ എട്ടു കേരളീയർ പഠിക്കുന്നുണ്ടെങ്കിലും, അവരെല്ലാം സലേഷ്യൻസഭയുടെ തെന്നിന്ത്യായിലെ പ്രേഷിതകേന്ദ്രങ്ങളിൽ വേലചെയ്യുവാനായി ചേർന്നിട്ടുള്ളവരാണു്. അതിനാൽ അവർ ഷില്ലോംഗ് രൂപതയോടു് യാത്രപറഞ്ഞു പിരിഞ്ഞുപോകും.



ഖാസി ബാലിക, കാ ക്നൂപ് (ശ്രീമതി കട) എന്ന പേർ പറയുന്ന ആതപത്രത്തോട്ടുകൂടി.

ഉത്തരേന്ത്യയിലെ സലേഷ്യൻ പ്രേഷിതമണ്ഡലങ്ങളിലേക്കു വേണ്ടി പതിനൊന്നു മലയാളികൾ സോനഡാ എന്ന സ്ഥലത്തു പഠിക്കുന്നുണ്ടു്. അവർ വൈദികരാകുന്നതിനു് ഇനിയും പത്തു കൊല്ലം വേണം. ആസാമിലെ ആദിവാസികളുടെ ആത്മാക്കൾക്കും നമ്മുടെ അനുജന്മാരുടേയും അനുജത്തിമാരുടേയും ആത്മാക്കളുടെ വിലയുണ്ടെന്നു നാം വിശ്വസിക്കുന്നുവെങ്കിൽ, ഇനിയും ദശാബ്ദങ്ങൾ ഇങ്ങനെ കടന്നുപോകുവാൻ അനുവദിക്കാതെ, ഉടൻതന്നെ ആ ആത്മാക്കളുടെ രക്ഷയ്ക്കായി എന്തെങ്കിലും ചെയ്യേണ്ടിയിരിക്കുന്നു. ഷില്ലോംഗിലെ മെത്രാനച്ചൻ തിരുമേനി സ്വന്തം രൂപതയിൽ കുറെ കേരളീയവൈദികരെ ലഭിക്കുവാൻ അതിയായി ആഗ്രഹിക്കുന്നുണ്ടു്. ഷില്ലോംഗ് രൂപതയിൽ വരുവാൻ ആഗ്രഹിക്കുന്ന വൈദികരും വൈദികവിദ്യാർത്ഥികളും



ഈ ഖാസി ഗ്രാമീണൻ മത്സ്യം ചുമന്നുകൊണ്ടു മലകയറിപ്പോകുന്നു കാ ഖോ (ശ്രീമതി മന്ത ജൂഷ) എന്നു പറയുന്ന ശംഖാകൃതിയിലുള്ള മുളവല്ലത്തിൽ ഭാരമേറിയ സാധനങ്ങൾ വഹിച്ചുകൊണ്ടു് ഉല്ലാസപൂർവ്വം പാട്ടുപാടി ഖാസികൾ, പുരുഷന്മാരും സ്ത്രീകളും, മലകയറിപ്പോകുന്ന സാധാരണമായ കാഴ്ച ആകർഷകവും ഉന്മേഷദായകവുമത്രെ. സംഗീതം ആദിവാസികൾക്കു ജീവചൈതന്യമാണു്.

Most Rev. Dr. Stephen Ferrando, S. D. B., Bishop of Shillong, Laitumkrah, Shillong, Assam എന്ന വിലാസത്തിൽ എഴുതുവാൻ അഭ്യർത്ഥിക്കുന്നു.

ഷില്ലോംഗിലെ ഡോൺബോസ്കോ ടെക്നിക്കൽ സ്കൂളിൽ മലയാളികളായ എട്ടു സലേഷ്യൻ കൊ അഡ്ജൂട്ടർമാർ (തുണസഹോദരന്മാർ) ഉള്ളതിനാൽ, ഇവിടെ വരുന്ന കേരളീയർക്കു് അന്തരീക്ഷം തികച്ചും അപരിചിതമായിത്തോന്നുകയില്ല രണ്ടായിരം വർഷംകൊണ്ടു് സുസ്ഥിരമായ വിശ്വാസദാർഢ്യത്തിന്റെ പക്വഫലം സ്വന്തം രൂപതയ്ക്കു ലഭിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഇവിടത്തെ മെത്രാനച്ചൻ തിരുമേനി മദ്രാസിലുള്ള പൂനമല്ലി സെമിനെരിയിൽ കുറെ കേരളീയരെ പൗരോഹിത്യത്തിനായി പഠിപ്പിക്കുന്നുണ്ടു്. കൽക്കട്ടായിലെ ബാൻഡെൽ എന്ന സ്ഥലത്തു് സലേഷ്യൻസഭയിൽ ചേരുവാൻ ആഗ്രഹിക്കുന്ന ബാലന്മാരെ സ്വീകരിക്കുന്നതാണു്. അവിടെ ഇപ്പോൾ അൻപതി



വേദതാഹാരിയായ ഷില്ലോംഗ് ശൈലശിഖരത്തിന്റെ ഒരുഭാഗം

ൽപ്പരം കേരളീയ ബാലന്മാരുണ്ടു്. അവരെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി ഡാർജിലിംഗിനടുത്തുള്ള സോനഡായിൽ അയക്കുന്നതാണു്. സോനഡാ ഹൈസ്കൂളിൽ അനേകം കേരളീയ ബാലന്മാരുണ്ടു്. ഇവരെല്ലാം വൈദികന്മാരായി വരുന്നതിനു് കാലതാമസം നേരിടുമെന്നുള്ളതുകൊണ്ടു്, കേരളീയവൈദികരുടെ ദയാദൃഷ്ടി ഷില്ലോംഗ് രൂപതയുടെമേൽ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഷില്ലോംഗ് രൂപതയിൽ കത്തോലിക്കരുടെ വകയായി മൂന്നു് ഒന്നാംഗ്രേഡ് കോളെജുകളും ഏഴു ഹൈസ്കൂളുകളും 276 മറ്റു വിദ്യാലയങ്ങളുമുണ്ടു്. ഇവിടത്തെ രണ്ടു ആശുപത്രികളിൽ ആതുരശുശ്രൂഷ നിർവ്വഹിക്കുന്നതു കന്യാസ്ത്രീകളാണു്. ഇവിടെ പതിനേഴു മിഷൻകേന്ദ്രങ്ങളും 510 അദ്ധ്യാപകന്മാരും 82 തുണസഹോദരന്മാരുമുണ്ടു്. കോഅഡ്ജൂട്ടർമാരെന്നു ബഹുമാനപൂർവ്വം വിളിക്കപ്പെടുന്ന തുണസഹോദരന്മാർക്കു യാതൊരു അധമത്വവും അനുഭവപ്പെടാത്ത ഒരു ഭരണവ്യവസ്ഥയാണു് ദയനിറഞ്ഞ ഡോൺബോസ്കോയുടെ സലേഷ്യൻ സഭയിലുള്ളതു്.

ഐറിഷ് ക്രിസ്ത്യൻ ബ്രദേഴ്സ് ആണു് ഇവിടത്തെ കോളെജുകളിൽ ഒന്നു നടത്തിക്കൊണ്ടുപോകുന്നതു്; മറ്റൊന്നു സലേഷ്യരും, സ്ത്രീകൾക്കായുള്ള മൂന്നാമത്തേതു് മിഷൻമാതാവിന്റെ പുത്രിമാരും.

ഈ രൂപതയിൽ അഞ്ചു കന്യകാസഭകളും എഴുപത്തിയഞ്ചു കന്യാസ്ത്രീകളുമുണ്ടു്. അവരിൽ മിഷൻ മാതാവിന്റെ പുത്രിമാരെപ്പറ്റി മുൻപൊരിക്കൽ പറയുകയുണ്ടായല്ലോ. അവരുടെ മാതൃഗൃഹം പാക്കിസ്ഥാനിൽ ചിററഗോംഗിലാണു്. ചിററഗോംഗിലും ഷില്ലോംഗിലെ സെന്റ് മേരീസ് കോൺവെന്റിലും യോഗാർത്ഥിനികളെ സ്വീകരിക്കും.

സലേഷ്യൻ സിസ്റ്റേഴ്സ് എന്ന പേരിൽ സാധാരണമായി അറിയപ്പെടുന്ന Daughters of Mary Help of Christians വിദ്യാലയങ്ങളും അനാഥശാലകളും നടത്തുകയും ആശുപത്രികളിൽ ആതുരശുശ്രൂഷയിൽ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. ഈ സഭയിൽ ചേരണമെന്നു് ആഗ്രഹിക്കുന്ന ബാലികമാർ മാതൃഗൃഹത്തിന്റെ ഭരണാധികാരിണിയായ Mother Provincial, Salesian Sisters, St Francis Xavier's Convent, Broadway, Madras നു് എഴുതണം.


മാർ ഫെർണാൻഡോ തിരുമേനി സ്ഥാപിച്ച ഒരു രൂപതാകന്യാസഭയാണു് Missionary Sisters of Mary Help of Christians. സലേഷ്യൻ സിസ്റ്റേഴ്സാണു് ഇപ്പോൾ അവരുടെ നേതൃത്വം വഹിക്കുന്നതു്.

(ശേഷം 10-ാംപേജിൽ)

## ഏജൻറുമാരുടെ ശ്രദ്ധയ്ക്കു്

ഏജൻസിവ്യവസ്ഥയനുസരിച്ചു് പത്രവില മുൻകൂർ അടയ്ക്കാത്തവർക്കു് പത്രം അയക്കുന്നതല്ലെന്നു് അറിയാമല്ലോ. എന്നാൽ ചില ഏജൻറുമാർ മുൻകൂർ സംഖ്യ വൈകി അയക്കുന്നതുകൊണ്ടു് പത്രക്കെട്ടു താമസിച്ചയക്കാൻ ഇടയാവുന്നതിനാൽ പത്രവരിക്കാർ അതൃപ്തി പ്രദർശിപ്പിക്കുന്നുവെന്നും മററും ഞങ്ങളെ അറിയിച്ചിരിക്കുന്നു. അതിനാൽ മേൽപ്രകാരമുള്ള അസൗകര്യങ്ങൾ ഒഴിച്ചുവയ്ക്കണമെന്നാഗ്രഹിക്കുന്ന ഏജൻറുമാർ കുറഞ്ഞപക്ഷം അതാതാഴ്ചയിലെ മുൻകൂർ പത്രവിലയെങ്കിലും തലേ തിങ്കളാഴ്ചയ്ക്കുള്ളിൽ ഇവിടെ കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണു്. പത്രം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യേണ്ട വിവരവും ടി. ദിവസത്തിനുള്ളിൽത്തന്നെ അറിയിച്ചിരിക്കേണ്ടതാണെന്നും ഓർപ്പിച്ചുകൊള്ളുന്നു.

മാനേജർ, സത്യദീപം



## അത്ഭുതപ്രവർത്തകയായ കൊരട്ടിമുത്തിയുടെ തിരുനാൾ മഹാമഹം

1953 ഒക്ടോബർ 11-ാംനു- ഞായറാഴ്ച

സാഘോഷം കൊണ്ടാടപ്പെടുന്നു

ട്രെയിനും ബസ്സുംവഴി തീർത്ഥകർക്കു് സ്ഥലത്തു വന്നുചേരുവാൻ സൗകര്യമുണ്ടായിരിക്കുന്നതാണു്.

റെയിൽവെസ്റ്റേഷൻ — കൊരട്ടിഅങ്ങാടി

കൊരട്ടി
27—9—1953 } എന്നു്, വികാരി

N. B. പതിവുപോലെ എട്ടാമിടവും ഉണ്ടായിരിക്കുന്നതാണു്.

തൈക്കാട്ടുമൂസ്സ് വക

## ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)

എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ

ഇ. ടി. ആര്യൻമൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതുമാണു്.

# ജീവദായകൻ

(തുടർച്ച)

## രക്ഷകനായ ഈശോ

റോമൻ ചക്രവർത്തി ആയിരുന്ന അഗസ്റ്റസ് സീസർ നാടുവാണിരുന്ന കാലത്ത് ഏഷ്യാമൈനറിലെ പലസ്തീനായിൽ ഒരു മനുഷ്യൻ ജീവിച്ചിരുന്നു. മനുഷ്യചരിത്രത്തിൽ മറേറതൊരു വ്യക്തിയെക്കാളും കൂടുതൽ സ്വാധീനം ചെലുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഈ മനുഷ്യൻ, നസ്രസ്സിലെ ഈശോ, യേശുക്രിസ്തു, ഈ ശ്രേഷ്ഠമായ ജീവൻ തനിക്കുണ്ടെന്നു അവകാശപ്പെട്ടു. മാത്രമല്ല അതു മററുള്ളവർക്കും—നന്മനസ്സുകളായ എല്ലാവർക്കും— സംപ്രാപ്തമാക്കാമെന്നും അദ്ദേഹം അവകാശപ്പെട്ടു. പോരാ, ആ ശ്രേഷ്ഠജീവൻ താൻതന്നെയാണെന്നും അദ്ദേഹം അവകാശപ്പെട്ടു. ഈ അവകാശവാദം മുറുകെപ്പിടിക്കുന്നതു തന്റെ ജീവനാശത്തിനു ഹേതുവായിത്തീരുമെന്നു വ്യക്തമായി അറിഞ്ഞിരുന്നിട്ടുപോലും ആവാദം അദ്ദേഹം ഉപേക്ഷിച്ചില്ല. താൻ മനുഷ്യൻമാത്രമല്ല പ്രത്യുത ദൈവംകൂടിയാണെന്നും സർവ്വജീവന്റേയും പരമനാഥനും കർത്താവും ആണെന്നും ജീവന്റേയും അസ്തിത്വത്തിന്റേയും പരിപൂർണ്ണതകൂടിയാണെന്നും അദ്ദേഹം അവകാശപ്പെട്ടു ഈ അവകാശവാദം എത്രമാത്രം ശരിയാണെന്നു നമുക്കു പിന്നീടു പരിശോധിക്കാം. ക്രിസ്തു ഇങ്ങനെ ഒരു അവകാശവാദം പുറപ്പെടുവിച്ചു എന്ന ചരിത്രവസ്തുത സൂചിപ്പിക്കുമാത്രം തൽക്കാലം ചെയ്യുന്നു.

### ക്രിസ്തുവിന്റെ സന്ദേശം

ക്രിസ്തുവിന്റെ സന്ദേശത്തെ നാം സുവിശേഷം അഥവാ "നല്ലവാർത്ത" എന്നു വിളിക്കുന്നു. സത്യദൈവവും സർവ്വജീവന്റേയും പരമകർത്താവും നാഥനുമായ ക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ ഒരംഗമായിത്തീരുവാൻ തിരുമനസ്സായി എന്നും അങ്ങനെ ദൈവമനുഷ്യൻ എന്ന നിലയിൽ നമ്മിൽ ഒരുവനെപ്പോലെ ആയിത്തീർന്നുകൊണ്ടു രണ്ടു കാര്യങ്ങൾ സാധിക്കുവാൻ അവിടുന്നു ഉദ്ദേശിച്ചുവെന്നും ആണു ആ സന്ദേശത്തിന്റെ സാരാംശം.

ആദിമുതൽ ദൈവം മനുഷ്യനു ഉദ്ദേശിച്ചിരുന്നതും എന്നാൽ പാപംമൂലം മനുഷ്യൻ നഷ്ടപ്പെടുത്തിയതുമായ ശ്രേഷ്ഠമായ ജീവൻ മനുഷ്യനു വീണ്ടും പ്രദാനം ചെയ്ക എന്നതാണു അതിൽ ഒന്നു. അതിനായി ക്രിസ്തു നമുക്കുവേണ്ടി പരിഹാരം ചെയ്യും, നിത്യമരണത്തിൽനിന്നും നമ്മെ വീണ്ടെടുക്കുന്നതിനുവേണ്ടി വിലകൊടുക്കും, അങ്ങനെ നമ്മുടെ സമുദ്ധാരകനും രക്ഷകനും ആയിത്തീരും. ക്രിസ്തു നമ്മെപ്പോലെ മനുഷ്യനും അതേസമയംതന്നെ ദൈവവും ആയിരുന്നതുകൊണ്ടാണു അവിടുത്തേക്കു ഇതു ചെയ്യുവാൻ സാധിച്ചതു. ദൈവപുരുഷൻ എന്ന നിലയിൽ അവിടുത്തെ അത്യുന്നതസ്ഥാനംമൂലം അവിടുത്തെ പ്രവൃത്തി അനന്തമായ വിലയുള്ളതായിത്തീർന്നു. അതിനാൽ യഥാർത്ഥമായി പശ്ചാത്തപിച്ചുകൊണ്ടു ദൈവത്തിന്റെ പക്കലേക്കു തിരിയുന്ന പാപിയായ മനുഷ്യനു സകാരണം മാപ്പുകൊടുക്കുവാൻ ദൈവനീതിക്കു സാദ്ധ്യമായി "അവർക്കു ജീവൻ നൽകുന്നതിനുവേണ്ടി, ധാരാളമായി നൽകുന്നതിനുവേണ്ടിയാണു ഞാൻ വന്നതു." (ജോൺ 10, 10). "നന്മനസ്സുള്ളവർക്കു സമാധാനം." (ലൂക്കാ 2, 14).

ദൈവം ആസൂത്രണം ചെയ്ത വിധത്തിൽ അവിടുത്തെ അംഗീകാരത്തോടുകൂടിയുള്ള പരിപൂർണ്ണമായ മനുഷ്യജീവിതത്തിന്റെ രീതി ഉപദേശംകൊണ്ടും മാതൃകകൊണ്ടും. നമ്മെ പഠിപ്പിക്കുക എന്നതാണു രണ്ടാമത്തെ ഉദ്ദേശ്യം. "ഞാൻ വഴിയാകുന്നു." "ഞാൻ ലോകത്തിന്റെ ദീപമാകുന്നു" "ഞാൻ നിങ്ങളോടുചെയ്തതുപോലെ നിങ്ങളും ചെയ്യുന്നതിനുവേണ്ടി ഞാൻ നിങ്ങൾക്കൊരു മാതൃക തന്നിരിക്കുന്നു." (ജോൺ 14,6,8,12;13,15).

തന്നിൽ വിശ്വസിക്കുകയും തന്റെ വഴിയേ ചരിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുവരോടു ക്രിസ്തു ചെയ്ത മഹത്തായ വാഗ്ദാനങ്ങൾ സമയത്തിന്റേയും നിത്യതയുടേയും പരമനാഥനായ ദൈവമല്ലാതെ മററാരെങ്കിലും ചെയ്തിരുന്നുവെങ്കിൽ ലോകം അവനെ ഭ്രാന്തനെന്നും കപടനെന്നും വിളിക്കുമായിരുന്നു. തന്റെ അനുഗാമികൾ ചെയ്യണമെന്നു അവിടുന്നു ആവശ്യപ്പെട്ടവയും ഇത്തരത്തിലുള്ളവതന്നെ ആയിരുന്നു.

### ക്രിസ്തുവിന്റെവാഗ്ദാനങ്ങൾ

"ഞാൻ വന്നതു അവർക്കു ജീവൻ നൽകുന്നതിനും അതു ധാരാളമായി നൽകുന്നതിനുംവേണ്ടിയാണു." ക്രിസ്തു തന്റെ വിശ്വസ്തരായ അനുഗാമികളോടു വാഗ്ദാനം ചെയ്തതു ജീവനാണു—മാതാപിതാക്കന്മാർ മുഖേന അവർക്കു ലഭിച്ച നശ്വരമായ ജീവനല്ല; മനുഷ്യവർഗ്ഗം മുഴുവൻ അറിഞ്ഞോ അറിയാതെയോ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ആ ജീവനാണു; ഇന്നത്തെ നമ്മുടെ ഗഹനശക്തിക്കു അഗ്രാഹ്യമായവിധം പരിപൂർണ്ണവും ആനന്ദകരവും ആയ ഒരു ജീവനാണു. "സ്വർഗ്ഗത്തിൽ അവരുടെ സമ്മാനം വളരെ വലുതാണു." (മത്തായി 5,12;"ലോകോല്പത്തിമുതൽ അവർക്കായിഒരുക്കപ്പെട്ടിരിക്കുന്ന ഒരുരാജ്യം അവർ അവകാശമായി അനുഭവിക്കും." (മത്തായി 25,34); "ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്നതു കണ്ണുകാണുകയോ, ചെവികേൾക്കുകയോ, മനുഷ്യൻ ഗ്രഹിക്കുകയോ ചെയ്തിട്ടില്ല." (1 കൊറിന്ത്യ 2,9). അവർ ദൈവത്തെ "അഭിമുഖമായി" ദർശിക്കും. എന്തുകൊണ്ടെന്നാൽ അവർ ദൈവികജീവനിൽ ഭാഗഭാക്കുകളാകും. "ഞാൻ ജീവനാണു." (ജോൺ 14,6).

### ക്രിസ്തു ആവശ്യപ്പെടുന്നതു

അവിടുന്നു തന്റെ അനുഗാമികളിൽനിന്നും ആവശ്യപ്പെടുന്നതു ദൈവത്തിനുമാത്രം ആവശ്യപ്പെടാവുന്നതരത്തിലുള്ള ആത്മാർപ്പണമാണു. "അച്ഛനെയോ അമ്മയെയോ എന്നെക്കാൾ കൂടുതലായി സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല." (മത്തായി 10,37). "എനിക്കുവേണ്ടി സ്വന്തം ജീവൻ പരിത്യജിക്കുന്നവൻ അതിനെ കണ്ടെത്തും." (മത്തായി 10,39).

### ഇവിടെയും ഇതിനുശേഷവും

"നന്മനസ്സുള്ളവർക്കു" നൽകുവാൻ ക്രിസ്തു ആഗ്രഹിക്കുന്ന യഥാർത്ഥജീവൻ നമ്മുടെ ഈ നശ്വരജീവിതത്തിനുശേഷമേ പൂർണ്ണതപ്രാപിക്കയുള്ളൂ. പക്ഷേ അതിന്റെ ആരംഭം നമ്മുടെ ഇഹലോകജീവിതത്തിൽ ഇവിടെവച്ചുതന്നെ ആയിരിക്കണം. അതാണു നമ്മുടെ ഭൗതികമായ ഈ പരദേശവാസത്തിന്റെ ഉദ്ദേശ്യംതന്നെ. നമ്മുടെ പ്രകൃത്യായുള്ള ജീവിതം അമ്മയുടെ ഉദരത്തിൽ ഒരുക്കത്തിന്റെ ഒരു ഘട്ടത്തോടുകൂടി ആരംഭിക്കുന്നുവെങ്കിലും പിതൃഗേഹത്തിലാണു അതിന്റെ സമ്പൂർണ്ണത ദർശിക്കുന്നതു. അതുപോലെതന്നെ നമ്മുടെ യഥാർത്ഥജീവിതത്തിനും രണ്ടു ഘട്ടങ്ങളുണ്ടു. ആദ്യമായി അതിന്റെ ആരംഭംമുതൽ മരണംവരെയുള്ള ഒരുക്കത്തിന്റേയും വളർച്ചയുടേയും ഘട്ടം. നമ്മുടെ നശ്വരജീവിതത്തിൽ ദൈവം ആവശ്യപ്പെടുന്ന കാര്യങ്ങൾ നാം ചെയ്യുന്നുവെങ്കിൽ മരണം നമ്മുടെ സ്വർഗ്ഗീയപിതാവിന്റെ ഭവനത്തിൽ പരിപൂർണ്ണവും അനശ്വരവും ആയ സൗഭാഗ്യത്തിലേക്കു നമ്മെ പ്രവേശിപ്പിക്കും.

വ്യക്തിത്വത്തിന്റെ ലയനം അല്ലെങ്കിൽ വിനാശമാണു വിശ്വസ്തനായ ശിഷ്യന്റെ അന്ത്യം എന്നു പഠിപ്പിക്കുന്ന മതങ്ങളുണ്ടു. അതു അവന്റെ പുരുഷാത്മകതത്വത്തെ സംബന്ധിച്ചിടത്തോളം അവൻ നശിച്ചുപോയി എന്നു പറയുന്നതിനു തുല്യമാണു. ഇതു ക്രിസ്തുവിന്റെ മുകളിൽ പറഞ്ഞ പ്രബോധനത്തിനു കടകവിരുദ്ധമത്രെ.

(By Rev. Fr. Sontag S. J. വിവർത്തകൻ എ. വി. തോമസ്)

---

### മാതാവിന്റെ "മഞ്ഞീഫിക്കാത്ത" മുപ്പതു ഭാഷകളിൽ

എലിശ്വാ പുണ്യവതിയെ ദൈവജനനി സന്ദർശിച്ച അവസരത്തിൽ പരിശുദ്ധാരൂപിയാൽ നിറഞ്ഞു കന്യകമറിയം ആലപിച്ച സ്തോത്രഗീതമാണല്ലോ "മഞ്ഞീഫിക്കാത്ത" അഥവാ "എന്റെ ആത്മാവു കർത്താവിനെ മഹത്വീകരിക്കുന്നു" എന്ന നാമത്തിൽ അറിയപ്പെടുന്നതു. പലസ്തീനായിൽ അയിൻകരീം എന്ന ചെറുനഗരത്തിൽ പ്രസ്തുത സംഭവം നടന്ന സ്ഥലത്തു "സന്ദർശന"ത്തിന്റെ നാമത്തിൽ ഇപ്പോൾ ഒരു പള്ളി സ്ഥിതിചെയ്യുന്നുണ്ടു. ഇക്കൊല്ലത്തെ സന്ദർശനത്തിരുനാളിൽ അവിടെ ഒരു സ്മാരകസ്ഥാപനമുണ്ടായി. മുപ്പതുഭാഷകളിൽ "മഞ്ഞീഫിക്കാത്ത" ഉല്ലേഖനം ചെയ്യപ്പെട്ടിട്ടുള്ള മുപ്പതു ശിലാരേഖകൾ —ഓരോ ഭാഷയ്ക്കു ഓരോന്നായി—ദേവാലയത്തിൽ സ്ഥാപിക്കപ്പെടുകയാണു ചെയ്തതു. മേലിൽ തീർത്ഥാടനസംഘങ്ങൾക്കു അതു ഏററം ഹൃദ്യമായ ഒരു കാഴ്ചയായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

---

(9-ാംപേജു തുടർച്ച)

സ്പാനിഷ് സിസ്റ്റേഴ്സ് എന്ന പേരിൽ അറിയപ്പെടുന്ന Missionary Sisters of Christ the King അനാഥശാലകൾ നടത്തുകയും മതോപദേശം നൽകുകയും ചെയ്യുന്നു. ഗാരോഗിരിപ്രദേശത്തു കുഷ്ഠരോഗികൾക്കായുള്ള ഒരു ശുശ്രൂഷാകേന്ദ്രം അവർ നടത്തുന്നുണ്ട്.

ലൊറെറേറാ സിസ്റ്റേഴ്സ് എന്നു വിളിക്കുന്ന Sisters of the Institute of the B. V. Mary of Rathfarnham നു അതിപ്രശസ്തമായ ഒരു ഹൈസ്കൂൾ ഷില്ലോംഗിലുണ്ടു.

ഷില്ലോംഗ് രൂപതയിൽ ഖാസി, ജയിന്തിയാ, ഗാരോ, മിക്കിർ മുതലായ ആദിവാസികളും ബംഗാളികളും അസാമീയരും ഉള്ളതുകൂടാതെ, ചൊട്ടനാഗപുരത്തിൽനിന്നും പരിസരപ്രദേശങ്ങളിൽനിന്നും വന്നു തേയിലത്തോട്ടങ്ങളിൽ വേലചെയ്യുന്ന മുണ്ടമാരും സന്താലിമാരും ഒറവന്മാരുമുണ്ടു. അവരെ നിങ്ങൾ ക്രിസ്തുദീപം കാണിച്ചു ദയാപൂർവ്വം നയിക്കുമോ?

N. B. 'ഫാഫ്ലോങ്ങിൽ രണ്ടു വൈദികന്മാരെങ്കിലും ചെല്ലേണ്ടതു അത്യാവശ്യമാണെന്നു അവിടത്തെ പ്രിഫെക്ററ് അപ്പസ്തോലിക് തിരുമേനി അറിയിക്കുന്നു.

---


ഏഷ്യാററിക് മർക്കൈൻറൽ ബാങ്കു ലിമിററഡ്

H. O. കൊച്ചി. ബ്രാഞ്ചുകൾ: എറണാകുളം & തൃശൂർ

തിരു-കൊച്ചി ഗവമ്മെണ്ടിൽനിന്നു സിദ്ധിച്ച 4-9-'53-ലെ L. Dis 5956/53 R. D. ഉത്തരവുപ്രകാരം തുടങ്ങുന്ന

പുതിയ മാസക്കുറി

56 നമ്പ്ര്. നമ്പ്ര 1-ൽ 2നറുക്കു്. നറുക്കു് 1ക്കു് 100ക. ആകെ സല. 11200ക. ഒരു നറുക്കു് എടുക്കലും ഒരു നറുക്കു് ലേലവും—മററു നിശ്ചയങ്ങളോടുംകൂടി ബാങ്കിന്റെ കൊച്ചി ബ്രാഞ്ചിൽനിന്നും 3—12—1953-ൽ (18—4—1129-ൽ) ഒരു പുതിയ മാസക്കുറി തുടങ്ങുന്നതാകുന്നു. കൂടുതൽ വിവരങ്ങൾക്കു് ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ ആവശ്യപ്പെടുക.

കൊച്ചി 10-9-'53 | എ. എൽ. ശ്രീധരഷേണായി. ചെയർമാൻ ഓഫ് ദി ബോർഡ് ഓഫ് ഡയറക്ടേഴ്സ്


---

### "ഉണ്ണീശോയുടെ ചെറുപുഷ്പം"

(എദിൽനെമുഡ്സേചുപാ.........എ. മ.)

ലിസ്യൂവിലെ പൂവാടിതൻ മോഹനസൂനമേ!
സ്വർഗ്ഗീയപുഷ്പവാടിതൻ പാവനസൂനമേ!

സൗരഭ്യമേറുമാമലർ, അത്ഭുതവാടാമലർ
വിശ്വമെങ്ങുമേ—അനർഘ സൗരഭം—തൂകിടും ചെറുമല്ലിക
(ലിസ്യൂ)

മേദിനിയാകെ വീശിയ വാസനതൻ ധോരണി
ഉദ്ഗമിക്കയാൽ—സുഗന്ധമാരുതൻ—വീശി വാനതിൻ
വീഥിയിൽ (ലിസ്യൂ)

ബാല്യംമുതൽക്കനുപമ ദൈവഭയഭക്തിയിൽ
സർവ്വതുംസ്വയം—സമർപ്പണംചെയ്തു—സർവ്വനാഥന കാഴ്ചയായ്
(ലിസ്യൂ)

കൊച്ചുത്രേസ്യേ! ഉണ്ണിയാമീശോയുടെ സൂനമേ!
കന്യകാമണേ! പുണ്യനിലയമേ! ധന്യരാക്കണേ ഞങ്ങളെ
(ലിസ്യൂ)

മുക്തിയെ ലക്ഷ്യമാക്കി ഞാൻ ജീവിക്കുമാറാകണേ
മുക്തിമാർഗ്ഗേയെൻ—മാർഗ്ഗദർശിയായ്—തീരണേ ദയാവാരിധേ!
(ലിസ്യൂ)

(എ. കെ. തോമസ്, വാഴ്ടൽ)

---


## വിനോദവീഥി




പോലീസുകാരൻ: "എടോ, തന്റെ ശിക്ഷ ഇന്നുകൊണ്ടു കഴിഞ്ഞിരിക്കുന്നു. ഇനി പോകാം."

തടവുകാരൻ: "ഞാൻ പന്ത്രണ്ടുകൊല്ലമായി ഇതിന്റകത്തു വസിക്കാൻ തുടങ്ങിയിട്ടു്. എനിക്കീ സ്ഥലത്തിന്റെ കൈവശാവകാശമുണ്ടേമാനേ."

* * *




ഒരുവൻ: (പത്രം വായിക്കുന്നവനോടു്) എന്താ എങ്ങനെയിരിക്കുന്നിപ്പം ബഹളമൊക്കെ?

അപരൻ: "എന്റെ വീട്ടിലെ കാര്യമൊക്കെ ഞാൻ നോക്കിക്കൊള്ളാം."

* * *

മുഖത്തും തലയിലും മുറിവുകളോടുകൂടി ഡിസ്പെൻസറിയിൽ ചെന്ന ആളുടെ പേർ രജിസ്റ്ററിൽ ചേർക്കുന്നതിനിടയിൽ ഡോക്ടർ ചോദിച്ചു: "വയസ്സ്?"

"25"

"കല്യാണം കഴിച്ചിട്ടുണ്ടോ?"

"ഇല്ല. മുറിവു പററിയതു ഒരു കാറപകടത്തിൽപ്പെട്ടാണു്."

* * *

ഭർത്താവും ഭാര്യയുംതമ്മിൽ കുറെനേരം ശണ്ഠകൂടിയശേഷം ഭർത്താവു പറഞ്ഞു: "ഇപ്രാവശ്യം ഞാൻ രണ്ടും കല്പിച്ചിരിക്കുകയാണു്. ഞാനെന്റെ വഴിക്കുപോകുന്നു."

ഭാര്യ ഒന്നും ശബ്ദിച്ചില്ല. അയാൾ തുടർന്നു: "ഞാൻ പറഞ്ഞതു കേട്ടില്ലേ? ഞാനിനി മടങ്ങിവരില്ലെന്നു്. സിംഗപ്പൂരിലേക്കോ കാശിക്കോ വല്ലയിടത്തും ഞാൻ പോകും. ചിലപ്പോൾ ഞാൻ, ചന്ദ്രനിലേക്കയക്കുന്ന വല്ല വാണത്തിലുംകേറി പോയെന്നും വന്നേക്കാം." എന്നിട്ടും ഭാര്യ മിണ്ടിയില്ല. അയാൾ വാതിൽ തുറന്നു പുറത്തിറങ്ങി. ഉടൻതന്നെ മടങ്ങിവന്നു് അകത്തു പ്രവേശിച്ചിട്ടു പറഞ്ഞു: "ഇപ്പോൾ മഴ പെയ്യുന്നതു നിന്റെ നല്ല കാലം!"

---

ഈശോയുടെ തിരുഹൃദയത്തിന്റെ അനുഗ്രഹത്താലും, മാതാവിന്റെയും, വി. യൗസേപ്പു് പിതാവിന്റെയും, വി. റീത്താപ്പുണ്യവതിയുടേയും, വി. ലബ്ബെഷ്ലീഫായുടെയും മാദ്ധ്യസ്ഥത്താലും സി. അൽഫോൻസായുടെ സഹായത്താലും ഉദ്ദിഷ്ടകാര്യസിദ്ധിക്കുപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

T. M., Kozhuvanal

## About The Catholic Church

"...There can be no doubt that innumerable millions of the human race have on the whole lived better lives and died happier because of the teachings and ministrations of the Catholic Church."
—George T. Angell, President S. P. C. A.

"The Roman Priesthood has renounced all that which to most men makes life worth living."
—Nineteenth Century Magazine

"I believe the best friend and protector, the people and the flag shall have in the hour of trial will be the Roman Church."
—Mark Hanna

"I regard the Catholic Church as the great bulwark in the United States against the bad features of Socialism and for the upholding of the law."
—Max Pam

"I applaud a church that stands for the sacredness of the home and the marriage tie."
—Thomas R. Marshall (Former Vice-President of the United States)

"The Catholic Church is the only church into which a poor, ragged, friendless man may go and feel that he is welcome··· It always stood for the people against their oppressors."
—Everybody's

"Catholics go to church to worship, Protestants frequently to hear an eloquent sermon······There is a real democracy in a Catholic congregation."
—Rev. Madison C. Peters (Baptist)

"In scarcely a single instance has a case concerning them (Catholics) been fairly stated."
—Dr. Nightingale (Methodist)

"I am convinced that Protestantism in general treats Catholics with shameful ignorance and unfairness."
—Dean Stanley (Anglican)

"There can be no doubt that the Roman Catholic Church of our day is the heir of unbroken descent of the Roman Catholic Church of the second century, and that it is justified in using the name 'Catholic' as well as the name 'Roman'"
—Dr. Briggs (Protestant Episcopal)

"In this (the abolition of slavery) the Catholic Church was the most zealous, the most unwearied, and the most efficient agent. In the Middle Ages, the clergy had been the initiators of almost every progressive movement···That Church which often seemed so haughty and so overbearing toward kings and nobles, never failed to listen to the poor and oppressed··· By the influence which it has exercised over mankind, the Papal Government is greatest."
—Lecky

## സംഭവകഥകൾ

### ദാഹിക്കാതിരിക്കണമെങ്കിൽ

യൂറോപ്പിൽനിന്നു് അമേരിക്കയിൽ ആദ്യമായി കുടിയേറിപ്പാർത്തവർ നാനാവിധ ക്ലേശങ്ങൾക്കു വിധേയരായിട്ടുണ്ടു്. ജൂണിപ്പെറൊ സെറ എന്ന ഫ്രാൻസിസ്കൻ വൈദികൻ അക്കൂട്ടത്തിൽപ്പെടുന്ന ഒരാളാണു്. അദ്ദേഹത്തിന്റെ സഹനസന്നദ്ധത അന്യാദൃശമായിരുന്നു. താഴെ ചേർക്കുന്ന സംഭവകഥ അതിനുദാഹരണമാണു്.

90 ദിവസത്തെ കപ്പൽയാത്രയ്ക്കുശേഷമാണു് അദ്ദേഹം അമേരിക്കയിലെത്തിയതു്. യാത്രാമദ്ധ്യേ കപ്പലിൽ കുടിക്കാനുള്ള നല്ല വെള്ളം വളരെ കുറഞ്ഞുപോയി. കപ്പൽജോലിക്കാരും യാത്രക്കാരും ദാഹംകൊണ്ടു വലഞ്ഞു. ഫാദർ ജൂണിപ്പെറോയാകട്ടെ പ്രയാസമൊന്നും പ്രദർശിപ്പിച്ചില്ല. അതിനുള്ള കാരണം ആരാഞ്ഞപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി നൽകി: "എന്നെ ദാഹമങ്ങനെ അലട്ടാറില്ല. ദാഹം ഉണ്ടാകാതിരിക്കുന്നതിന്റെ രഹസ്യം ഞാൻ കണ്ടുപിടിച്ചിരിക്കുന്നു. ഉമനീർ നഷ്ടപ്പെടാതിരിക്കുവാൻവേണ്ടി അല്പംമാത്രം ഭക്ഷിക്കുകയും കുറച്ചുമാത്രം സംസാരിക്കുകയും ചെയ്യുക എന്നതാണതു്."

### കുമ്പസാരാഭിനയം

ഫ്രാൻസിലെ ഒരു കുബേരകുമാരൻ തന്റെ കൂട്ടുകാരോടു വാതുകെട്ടി, അവരുടെ അടുത്ത കൂടിക്കാഴ്ചയ്ക്കുമുമ്പു് ഒരു കുമ്പസാരാഭിനയം നടത്തി വരാമെന്നു്. അതനുസരിച്ചു്, അവൻ ഒരു പട്ടക്കാരന്റെപക്കൽ ചെന്നു അനുതാപമൊന്നും കൂടാതെ യാന്ത്രികമായി ചില പാപങ്ങളെല്ലാം പറഞ്ഞു. അവന്റെ ഉദ്ദേശ്യം മനസ്സിലാക്കിയ പുരോഹിതൻ അവനോടു പറഞ്ഞു: "നീ നിന്റെ പാപങ്ങൾ പറഞ്ഞിരിക്കുന്നു. ഇനി ഞാനെന്റെ കർത്തവ്യം നിർവ്വഹിക്കാം. പ്രായശ്ചിത്തമായിട്ടു മൂന്നു ദിവസം അടുപ്പിച്ചു് 3 പ്രാവശ്യംവീതം ഇപ്രകാരം ചൊല്ലണം: "എനിക്കു മരണമുണ്ടു്; എങ്കിലും ഞാനതിനെ വകവയ്ക്കുന്നില്ല. മരണാനന്തരം വിധിയുണ്ടു്; എങ്കിലും ഞാനതിനെ വകവയ്ക്കുന്നില്ല. നരകമുണ്ടു്; എങ്കിലും ഞാനതിനെ വകവയ്ക്കുന്നില്ല." യുവാവു് തന്റെ അനുഭവം സ്നേഹിതന്മാരെ വിവരിച്ചുകേൾപ്പിച്ചു. പക്ഷെ അവർ വാദിച്ചു, പ്രായശ്ചിത്തംകൂടി നിർവ്വഹിച്ചെങ്കിലേ വാതു് പൂർത്തിയാകയുള്ളുവെന്നു്. മൂന്നുദിവസം കഴിഞ്ഞപ്പോൾ, അവൻ ചെന്നൊരു നല്ല കുമ്പസാരം കഴിക്കയാണു ചെയ്തതു്.

### നരകത്തിൽ എങ്ങനെ വിശ്വസിക്കാതിരിക്കും?

ഫ്രഞ്ചുവിപ്ലവകാലത്തു് ഒരു വൈദികൻ ലയൺസിലെ ക്രിമിനൽ കോടതിയുടെ മുമ്പാകെ ഹാജരാക്കപ്പെട്ടു. വിപ്ലവകാരികളിലൊരാൾ അവജ്ഞാപൂർവ്വം ചോദിച്ചു: "നരകമുണ്ടെന്നു താങ്കൾ വിശ്വസിക്കുന്നുവോ?"

"തീർച്ചയായും", വൈദികൻ പ്രതിവചിച്ചു, "ഇതേവരെ ഞാൻ നരകമുണ്ടെന്നു വിശ്വസിക്കാതിരുന്നാൽത്തന്നെ, നിങ്ങളുടെ ഭയങ്കര പാപങ്ങൾ കാണുമ്പോൾ എങ്ങനെ അതിൽ വിശ്വസിക്കാതിരിക്കും?"

---

വി. യൗസേപ്പുപിതാവിന്റെ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും രോഗശാന്തി പ്രാപിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

മിസ്സിസ്സ് സി. വി. പൗലോസ്, തൃശ്ശൂർ

---

വേദശാസ്ത്രപംക്തി

## ആംഗ്ലിക്കൻപട്ടം 'അസാധുവാണ്'

### ചരിത്രപരമായ പശ്ചാത്തലം

ആംഗ്ലിക്കൻ പട്ടം അസാധുവാണു് എന്നു പറയുമ്പോൾ പ്രായോഗികമായി നാം അർത്ഥമാക്കുന്നതു് ആംഗ്ലിക്കൻ മുറയനുസരിച്ചു പട്ടമേററ ഒരു വ്യക്തിയും വെറും അത്മേനിയായ ഒരു വ്യക്തിയും തമ്മിൽ, വേഷത്തിൽ വല്ല വ്യത്യാസവുമുണ്ടായിരിക്കാമെങ്കിലും, കൂദാശകളുടെ കാർമ്മികത്വം വഹിക്കുവാനുള്ള കഴിവിനെ സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവുമില്ല എന്നാണു്. സാധുവായ പട്ടമുള്ള ഒരു വൈദികൻ, ക്രിസ്തു അദ്ദേഹത്തിനു നൽകിയിരിക്കുന്ന ശക്തിയെ ആധാരമാക്കി, ദിവ്യപൂജയുടെ സമയത്തു ഗോതമ്പപ്പമെടുത്തു് "ഇതെന്റെ ശരീരമാകുന്നു" എന്നു പറയുമ്പോൾ, അതു സാരാംശത്തിൽ മിശിഹായുടെ ശരീരമായി മാറുന്നു. ഒരത്മേനി അപ്രകാരം ചെയ്താൽ, അപ്പത്തിൽ യാതൊരു വസ്തുഭേദവും സംഭവിക്കുന്നില്ല. ഒരാംഗ്ലിക്കൻ വൈദികൻ, ഒരു കത്തോലിക്കാ വൈദികൻ ചെയ്യുന്നതുപോലെയെല്ലാം ചെയ്തു പൂജയർപ്പിച്ചാലും ഈ വസ്തുഭേദം സംഭവിക്കുന്നതല്ല. അദ്ദേഹം, അത്മേനികൾക്കു കൂടി നൽകാൻ കഴിവുള്ള ജ്ഞാനസ്നാനം ഒഴികെ, മറേറതു കൂദാശ നൽകിയാലും അതു കൂദാശയാകുന്നതല്ല; യാതൊരു ഫലവും ഉല്പാദിപ്പിക്കുന്നതുമല്ല.

ആംഗ്ലിക്കൻപട്ടം അസാധുവാണെന്ന സിദ്ധാന്തത്തിന്റെ വാസ്തവികത ശരിയായി ഗ്രഹിക്കുന്നതിനു്, അതിന്റെ ചരിത്രപരമായ പശ്ചാത്തലം ചിത്രീകരിക്കേണ്ടിയിരിക്കുന്നു. 1534 നവംബറിൽ ഇംഗ്ലണ്ടിലെ ഹെൻറി എട്ടാമൻ രാജാവു് തിരുസ്സഭയുമായുള്ള ബന്ധം വിച്ഛേദിച്ചു. എന്നുവരികിലും കുറെക്കാലത്തേക്കുകൂടി ഇംഗ്ലണ്ടിൽ, മെത്രാൻ പട്ടാഭിഷേകം, പുരോഹിതപട്ടാഭിഷേകം, മററുകൂദാശകൾ ഇവയിലെല്ലാം കത്തോലിക്കാ കർമ്മാനുഷ്ഠാനവിധികൾതന്നെ നിലവിലിരുന്നു. 1547 ജാനുവരിയിൽ ഹെൻറി എട്ടാമൻ മരിക്കുകയും അദ്ദേഹത്തിന്റെ പുത്രൻ 10 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന എഡ്വേർഡ് ആറാമൻ രാജ്യഭാരം കൈയേല്ക്കുകയുംചെയ്തു. അതോടെ ഹെൻറിയുടെ വലംകൈയായിരുന്ന (കാൻറർബറി മെത്രാപ്പോലീത്ത) ക്രാൻമർ സമാകാര്യങ്ങളിൽ പൂർവ്വാധികം സ്വാധീനശക്തി ചെലുത്താൻ തുടങ്ങി. ലൂഥറൻ ആശയങ്ങൾ നാടെങ്ങും പ്രചരിപ്പിക്കുവാൻ അദ്ദേഹം ഉററുശ്രമിച്ചുകൊണ്ടിരുന്നു. 1548-ൽ ക്രാൻമർ "സാധാരണ പ്രാർത്ഥനാപുസ്തകം" (Book of Common Prayer) പ്രസിദ്ധീകരിച്ചു. പരി. കുർബാനയുടേയും കാനോൻനമസ്കാരത്തിന്റേയും സ്ഥാനമതു് അപഹരിച്ചു. മാത്രമല്ല മെത്രാന്മാരേയും പുരോഹിതരേയും അഭിഷേചിക്കുന്നതിനുള്ള പുതിയ വിധികളും അതിലുണ്ടായിരുന്നു. കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്നതുപോലെ ഈ വിധികളടങ്ങിയ ഗ്രന്ഥഭാഗത്തിനു് ഓർഡിനൽ എന്നാണു പറയുന്നതു്. 1552-ൽ ക്രാൻമർ പ്രസ്തുത പ്രാർത്ഥനാപുസ്തകത്തിന്റെ ഒരു പരിഷ്കരിച്ച പതിപ്പു പ്രസിദ്ധം ചെയ്തു. ഒരു കൊല്ലംകൂടി കഴിഞ്ഞപ്പോൾ എഡ്വേർഡ് 6-ാമൻ മൃതിയടയുകയും 1553 ആഗസ്റ്റ് 3-ാംനു- മേരിരാജ്ഞി (കാതറൈൻ ഓഫ് ആറഗോണിൽ ഹെൻറിക്കു ജനിച്ച പുത്രി) പ്രതിബന്ധങ്ങളെ തരണംചെയ്തു് സിംഹാസനാരൂഢയാകയും ചെയ്തു. മേരിരാജ്ഞി കത്തോലിക്കാമതം പുനഃസ്ഥാപിക്കാൻ അക്ഷീണം യത്നിച്ചു. എഡ്വേർഡിന്റെ കാലത്തു പ്രചാരത്തിൽവന്ന "ഓർഡിനൽ" തിരസ്കരിക്കപ്പെടുകയും പഴയ "പൊൻടിഫിക്കൽ" (കത്തോലിക്കാ മെത്രാന്മാരെ അഭിഷേചിക്കുവാനും വൈദികർക്കു് പട്ടംകൊടുക്കുവാനും മററുമുള്ള കർമ്മാനുഷ്ഠാനവിധികളടങ്ങിയ ഗ്രന്ഥം) വീണ്ടും സ്വീകരിക്കപ്പെടുകയുംചെയ്തു. മാത്രമല്ല "ഓർഡിനൽ"പ്രകാരം അഭിഷേകം സ്വീകരിച്ചവർ മാർപ്പാപ്പായുടെ കല്പനയനുസരിച്ചു് വീണ്ടും "പൊൻടിഫിക്കൽ"പ്രകാരം അഭിഷേകം ചെയ്യപ്പെട്ടു. 1558-ൽ എലിസബത്തുരാജ്ഞി (ആനിബോളിനിൽ ഹെൻറിക്കുണ്ടായ മകൾ) ഭരണം കൈയേററപ്പോൾ "ഓർഡിന"ലിനെ പുനഃപ്രതിഷ്ഠിച്ചു. അതനുസരിച്ചാണു പിന്നീടു് ആംഗ്ലിക്കൻ സഭയിൽ മെത്രാഭിഷേകം നടന്നിട്ടുള്ളതു്. അന്നു കാൻറർബറി ഉൾപ്പെടെ മിക്കരൂപതകളുംമെത്രാനില്ലാതെ ഒഴിഞ്ഞുകിടക്കുകയായിരുന്നു. കാൻറർബറി മെത്രാപ്പോലീത്തയായി രാജ്ഞിതിരഞ്ഞെടുത്തതു ഡോക്ടർ മാത്യു പാർക്കറെയാണു്. 1559ഡിസംബർ17-ാംനു- അദ്ദേഹം, എഡ്വേർഡിന്റെ കാലത്തെ ഓർഡിനൽ പ്രകാരം അഭിഷേകംചെയ്യപ്പെട്ടു. അഭിഷേചനത്തിൽ പ്രധാനകാർമ്മികത്വം വഹിച്ചതു്, മേരിയുടെ കാലത്തു സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ബാർലൊ എന്ന ദേഹമാണു്. മൂന്നു ദിവസംകഴിഞ്ഞു മാത്യു പാർക്കർ ബാക്കി രൂപതകളിലേക്കു് ആവശ്യമുള്ളിടത്തോളം മെത്രാന്മാരെ അഭിഷേകംചെയ്തു. ഇവരിൽനിന്നാണു ആംഗ്ലിക്കൻ ഹൈരാർക്കിയുടെ ഉത്ഭവം. ആകയാൽ ആംഗ്ലിക്കൻ പട്ടം സാധുവാണോ അല്ലയോ എന്നു തീരുമാനിക്കുന്നതിനു പാർക്കറിന്റെ മെത്രാൻപട്ടം സാധുവായിരുന്നോ ഇല്ലയോ എന്നു് അന്വേഷിച്ചാൽമതി. മേല്പറഞ്ഞ ഓർഡിനലിൽ കൂദാശയുടെകർമ്മസ്വരൂപത്തിന്റെയും (Form) നിയോഗത്തിന്റെയും(Intention) കാര്യത്തിൽ സാരമായ ന്യൂനതകൾ ഉള്ളതിനാൽ പാർക്കറിന്റെ മെത്രാൻപട്ടം സാധുവായിരുന്നില്ലെന്നും, തൽക്കാരണത്താൽ അദ്ദേഹത്തിൽ നിന്നു അഭിഷേകം സ്വീകരിച്ചവരുടേയും അവരുടെ പിൻഗാമികളുടേയും പട്ടം അസാധുവാണെന്നുമാണു് ലെയോ മാർപ്പാപ്പാ പ്രസിദ്ധംചെയ്ത "അപ്പസ്തോലിച്ചേ കൂരേ" എന്ന വിശ്വലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്. ഇക്കാര്യങ്ങൾ പിന്നീടു വിശദമാക്കുന്നതാണു്.

## ചോദ്യോത്തരപംക്തി

**ചോ:** വിക്ടർ ഹ്യൂഗോയുടെ "ലെസ് മിസെരാബിൾസ്" എന്ന ഗ്രന്ഥമോ അതിന്റെ പരിഭാഷയോ വായിക്കാവുന്നതാണോ?

**ഉ:** വായിക്കാവുന്നതല്ല. 1864 ജൂൺ 20-ാംനു- യിലെ ഒരു ഡിക്രിപ്രകാരം തിരുസ്സഭ അതിനെ നിഷിദ്ധഗ്രന്ഥങ്ങളുടെ പട്ടികയിൽ (ഇൻഡെക്സിൽ) ഉൾപ്പെടുത്തിയിട്ടുള്ളതാണു്.

**ചോ:** 1953 ആഗസ്റ്റ് 19-ലെ സത്യദീപത്തിൽ "വിവിധവൃത്താന്തങ്ങൾ" എന്ന സെക്ഷനിൽ "വനരോദനം" എന്ന തലക്കെട്ടിൽ, റഷ്യയിലെ ഒരു കത്തോലിക്കാവാരികയെപ്പററി വായിക്കുവാനിടയായി...... നമ്മുടെ കത്തോലിക്കാ തത്വങ്ങൾ ഉൾക്കൊള്ളുന്ന ഒരു വാരികയ്ക്കു് അവിടെ പ്രചരിക്കാമെങ്കിൽ മതസ്വാതന്ത്ര്യമില്ല, പത്രസ്വാതന്ത്ര്യമില്ല എന്നൊക്കെ സത്യദീപത്തിൽപറഞ്ഞിട്ടുള്ളതുവെറുമൊരു പ്രഘോഷണമല്ലയോ?

**ഉ:** "വനരോദനം" എന്ന കുറിപ്പു ശ്രദ്ധിച്ചു വായിച്ചിരുന്നെങ്കിൽ ഇങ്ങനെയൊരു സംശയത്തിനുതന്നെ ഇടവരികയില്ലായിരുന്നു. ഞങ്ങൾ പ്രസിദ്ധംചെയ്തിരുന്ന കുറിപ്പിതാണു്: "കഴിഞ്ഞ ഏപ്രിൽമാസം മുതൽ മോസ്കോയിൽ ഒരു കത്തോലിക്കാപത്രം പ്രചരിക്കുന്നുണ്ടു്. അമേരിക്കൻ അസംപ്ഷനിസ്റ്റ് സന്യാസിയായ ഫാദർ ജോർജെസ് ബിസ്സോനെററാണു് അതിന്റെ പ്രസാധകനും പ്രചാരകനും. 1933-ലെ ഉടമ്പടിപ്രകാരം അമേരിക്കൻ ഡിപ്ലോമാററിക്ക് സംഘത്തിന്റെ ചാപ്ലനായി ഒരു കത്തോലിക്കാവൈദികനു മോസ്കോയിൽ ജോലിനടത്താമെന്നു് അനുവദിച്ചിട്ടുണ്ടു്. അതിൻപ്രകാരം ഇപ്പോൾ അവിടെയുള്ള ചാപ്ലനാണു് ഫാദർ ജോർജെസ്. അദ്ദേഹം ആഴ്ചതോറും തന്റെ കീഴുള്ള ജനങ്ങൾക്കായി പ്രസിദ്ധപ്പെടുത്തുന്ന ഒരു കൈയെഴുത്തു പ്രതിവാരികയാണു "വനരോദനം" എന്നപേരിൽ അവിടെ പ്രചരിക്കുന്നതു്. ചെറിയ ഒരു സുവിശേഷപ്രസംഗം, ഏതാനും വേദോപദേശക്കുറിപ്പുകൾ അവിടത്തെ വർത്തമാനസംഗ്രഹം ഇത്രയും മാത്രമാണു് അതിന്റെ ഉള്ളടക്കം. ഇംഗ്ലീഷിലും ഫ്രഞ്ചിലും പ്രസിദ്ധപ്പെടുത്തിവരുന്നുമുണ്ടു്."

ഞങ്ങളിപ്പോൾ കീഴ്‌വരയിട്ടിരിക്കുന്ന ഭാഗങ്ങളിൽ നിന്നു് വാരിക തുടങ്ങിയതു് അടുത്ത കാലത്തുമാത്രമാണെന്നും അതിന്റെപ്രചാരം വളരെപരിമിതവും വിദേശീയരായഉദ്യോഗസ്ഥരുടെ ഇടയിൽ മാത്രവുമാണെന്നും വ്യക്തമാണു്. "വനരോദനം"എന്ന പേരുതന്നെസൂചിപ്പിക്കുന്നുണ്ടു്, അതിന്റെസ്വരം കേൾക്കുന്നവർ വളരെ ചുരുക്കമാണെന്നു്. നയതന്ത്രപരമായകാരണങ്ങളാൽ മാത്രമാണു്, റഷ്യ കത്തോലിക്കാമതത്തോടു് അനുഭാവമുള്ളതുകൊണ്ടല്ല, ഒരു അമേരിക്കൻ വൈദികനു് അവിടെ പ്രവർത്തനാനുവാദം കൊടുത്തിരിക്കുന്നതെന്ന സംഗതിയും പ്രസ്താവ്യമത്രെ.

---

Reg. M. No. 2293

# Sathya Deepam

Vol. 27 — Ernakulam September 30 1953 — No. 7

# വിവിധവൃത്താന്തങ്ങൾ

### ഡോക്ടർ റംബിൾ
### റേഡിയോ ജൂബിലി

ആംഗ്ലിക്കൻ സഭയിൽനിന്നും കത്തോലിക്കാസഭയിൽ പ്രവേശിച്ച ഒരു വിശ്രുതവൈദികനാണു് ഡോക്ടർ റംബിൾ. റേഡിയോവഴിക്കുള്ള ചോദ്യോത്തരങ്ങൾകൊണ്ടു അനേകരെ സത്യത്തിന്റെ വെളിച്ചത്തിലേക്കു അദ്ദേഹം ആനയിച്ചിട്ടുണ്ടു്. അദ്ദേഹം ഈ റേഡിയോ പ്രേഷിതവൃത്തി ആരംഭിച്ചിട്ടു് ഇക്കൊല്ലം 25 സംവത്സരങ്ങൾ പൂർത്തിയാകുന്നു. ഈ ജൂബിലിപ്രമാണിച്ചു് അദ്ദേഹത്തിന്റെ റേഡിയോ പ്രശ്നങ്ങളും പ്രത്യുത്തരങ്ങളും ഗ്രന്ഥരൂപേണ അമേരിക്കയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. മൂന്നു ഭാഗങ്ങളുള്ള ഈ വിജ്ഞാനഭണ്ഡാരത്തിന്റെ 40 ലക്ഷം പ്രതികൾ ഇതിനിടെ ചെലവായിട്ടുള്ളതായിക്കാണുന്നു. ഇത്ര പ്രചാരമുള്ള ഒരു ഗ്രന്ഥം അടുത്തകാലത്തു് അമേരിക്കയിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ലത്രെ.

### പേർഷ്യൻ ജനങ്ങൾക്കു
### നല്ല സിനിമകൾ മതി

ബാഗ്ദാഡിൽനിന്നുള്ള ഒരു ഫീദെസ് സന്ദേശത്തിൽ കാണുന്നവിവരങ്ങൾ അത്യന്തം ആശാസപ്രദമായിരിക്കുന്നു. മതപരമല്ലാത്ത സിനിമാചിത്രങ്ങൾ അവർ പ്രായേണ ഇഷ്ടപ്പെടുന്നില്ല. അത്തരം പടങ്ങൾ പ്രദർശിപ്പിക്കപ്പെടുമ്പോൾ സിനിമാശാല മിക്കവാറും ഒഴിഞ്ഞുകിടക്കുന്നതായിക്കാണാം. എന്നാൽ ദിവ്യരക്ഷകനെയോ ദൈവജനനിയെയോ സംബന്ധിക്കുന്ന പടങ്ങളാണെന്നു കേട്ടാൽ ജനങ്ങൾ ഓടിക്കൂടും. "ഗോയിംഗ് മൈ വേ" എന്ന അത്ര നന്നല്ലാത്ത പടങ്ങൾക്കു ഇവിടെ പൂർണ്ണപരാജയമാണുണ്ടായതു്. എന്നാൽ അടുത്തുതന്നെ "ഫാത്തിമാനാഥ" എന്ന ചിത്രം വന്നപ്പോൾ അടുത്തടുത്തുള്ള രണ്ടു തീയേറ്ററുകൾ രണ്ടും നിറഞ്ഞു കവിഞ്ഞിരുന്നു. മതബോധമുള്ള ജനങ്ങളുടെ ഒരുത്തമലക്ഷണമാണിതു്.

### മെറിഡെൽവാളിനെപ്പററി
### കൂടുതൽ വിവരങ്ങൾ

കാർഡിനൽ മെറി ഡെൽവാളിന്റെ നാമകരണംസംബന്ധിച്ച പ്രാരംഭചടങ്ങുകൾ സമാരംഭിച്ചിരിക്കുകയാണല്ലൊ. അതിനാൽ അദ്ദേഹത്തെപ്പററിയുള്ള പല നൂതനവിവരങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ പൂർവ്വികന്മാർ ഐറിഷ്കാരായിരുന്നുവെന്നുള്ളതു നേരത്തെതന്നെ പ്രസിദ്ധമായിട്ടുള്ളതാണു്. കാർഡിനൽ തിരുമേനിയുടെ ഒരു പൂർവ്വികനായ ഡിക്ക് ഡെൽവാൾ എന്ന ഐറിഷ്കാരൻ സ്പെയിനിലെ ഫിലിപ്പ്രാജാവിന്റെ പ്രധാനമന്ത്രിപദം വരെ എത്തിയതായി രേഖകളുണ്ടെന്നു് അയർലണ്ടിലെ ഒരു പത്രലേഖകൻ വെളിപ്പെടുത്തിയിരിക്കുന്നു. ഫിലിപ്പ്രാജാവു് 1683 മുതൽ 1746 വരെയാണു് പ്രശസ്തമായി രാജ്യഭരണം നടത്തിയതു്. സ്പെയിനിൽ അഭയാർത്ഥികളായി എത്തി താമസമുറപ്പിച്ചിരുന്ന സകല ഐറിഷ ജാതിയർക്കും സ്പാനിഷ് പൗരന്മാരോടൊപ്പം പൗരാവകാശങ്ങൾ ഫിലിപ്പ്രാജാവു് നൽകിയിരുന്നതായും രേഖകളുണ്ടു്. ഫിലിപ്പിന്റെ അനന്തരഗാമിയായ ചാറൾസ്രാജാവിന്റെയും മന്ത്രിപദം ഡിക്ക്ഡെൽവാൾ തുടന്നു അലങ്കരിച്ചതായി പറയപ്പെടുന്നു. സ്പാനിഷ്സേനയെ കാലാനുസൃതമായി പരിഷ്കരിച്ചു് ശക്തിപ്പെടുത്തിയതു ഡിക്കിന്റെ ശ്രമഫലമായിട്ടാണു്. ഇതിലേക്കു് വേറൊരു ഐറിഷ്കാരനായ കൗണ്ടു് അലക്സാണ്ടർ ഒറെയ്‌ലിയുടെ സഹകരണവും അദ്ദേഹംസമ്പാദിച്ചതായിപ്രസ്താവിക്കപ്പെടുന്നു. കർദ്ദിനാൾ തിരുമനസ്സിലെ വകയായി എന്തെങ്കിലും കൈയെഴുത്തുകൾ കൈവശമുള്ളവർ അയച്ചുകൊടുക്കണമെന്നു വത്തിക്കാനിൽനിന്നു ആവശ്യപ്പെട്ടിരിക്കയാണു്.

### തെക്കേ അമേരിക്കയിലേക്കു്
### ലീജിയൻ പ്രവർത്തനത്തിനു്

അയർലണ്ടിലാണല്ലൊ ലീജിയൻ ഓഫ് മേരിയുടെ ഉത്ഭവം. അതിന്റെ സ്ഥാപകനായ മി. ഫ്രാങ്ക് ഡഫ് ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടു്. ലോകം മുഴുവൻ അതു പ്രചരിപ്പിക്കുന്നതിനുള്ള സജീവപരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കയാണു്. തെക്കേ അമേരിക്കൻരാജ്യങ്ങളിൽ സംഘടനയെ ഊർജ്ജിതപ്പെടുത്തുന്നതിലേക്കു് ഊർജ്ജസ്വലരായ രണ്ടു യുവപ്രവർത്തകന്മാരെ ഈയിടെ ഡബ്ളിനിൽനിന്നു് സാഘോഷം യാത്രയാക്കിയിരിക്കുന്നു. അമേരിക്കൻ ഹൈരാർക്കിയുടെ അപേക്ഷാനുസരണമാണു് അവരെ അയച്ചിരിക്കുന്നതു്. കൊളംബിയാരാജ്യത്തു ചെന്നു് അവർ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. പുറപ്പെടുന്നതിനുമുമ്പു് ലോകമൊട്ടുക്കുള്ള ലീജിയൻ അംഗങ്ങളോടായിട്ടുള്ള ഒരു സന്ദേശത്തിൽ അവർ പറയുന്നു: നമ്മുടെ അമ്മയ്ക്കായി ഒരു വലിയ കൃത്യം നിർവ്വഹിപ്പാൻ ഞങ്ങൾ യാത്രതിരിക്കുന്നു. ഓരോ ലീജിയനംഗത്തിന്റേയും ഹാർദ്ദമായ പ്രാർത്ഥനയ്ക്കായി ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

### വി. മരിയ ഗൊരേത്തിയുടെ
### തിരുനാൾ

റീത്തുകളുടെ തിരുസംഘത്തിന്റെ ഒരു കല്പനയിൽ കന്യാത്വത്തിന്റെ രക്തസാക്ഷിണിയായ വി. മരിയാഗൊരേത്തിയുടെ തിരുനാൾ ജൂലൈ ആറാം തീയതിയിൽനിന്നു ഒൻപതാം തീയതിയിലേക്കു മാററിയിരിക്കുന്നതായി അറിയിച്ചിരിക്കുന്നു. 6-ാം തീയതി വി. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിന്റെ എട്ടാമിടമായതുകൊണ്ടാണു് ഈ മാററം വരുത്തിയതെന്നും പ്രസ്താവിക്കുന്നുണ്ടു്.

### വാളെടുക്കുന്നവൻ
### വാളാലെ നശിക്കും

ഇററലിയിലെ ക്രിസ്ത്യൻ ഡെമോക്രാററിക് പാർട്ടിയുടെ പത്രമായ "ഇൽ പോപൊളോ" ഒരു മുഖപ്രസംഗത്തിൽ പറയുന്നു: റഷ്യയിലെ കമ്മ്യൂണിസ്റ്റു് "ശുദ്ധീകരണ"ങ്ങളുടെയെല്ലാം കർത്താവായിരുന്ന ബെറിയ, ഒരു "ശുദ്ധീകരണ"ത്തിനു വിധേയനായി അപ്രത്യക്ഷനായ വിവരം മോസ്കോ സന്ദേശങ്ങളിൽനിന്നു ഗ്രഹിച്ചപ്പോൾ, രണ്ടായിരം കൊല്ലങ്ങൾക്കുമുമ്പു് ക്രിസ്തുനാഥൻ അരുളിച്ചെയ്തു മേല്പറഞ്ഞ മുന്നറിയിപ്പാണു് ഞങ്ങളുടെ ഓർമ്മയിൽവന്നതു്. ഒരു ജനതതിയുടെ മതവിശ്വാസത്തെ നിഷ്കാസനം ചെയ്തു വിദേഷത്തിലേക്കു താഴ്ത്തിയാൽ, അവരുടെ സ്വാതന്ത്ര്യത്തെ നിർമ്മാർജ്ജനംചെയ്തു് ഒരു ക്രൂരശാസനത്തിനു അവരെ വിധേയമാക്കിയാൽ, പിന്നെ അവരെ ഭരിക്കുന്നതിനു ഒരു മാർഗ്ഗമേ അവശേഷിക്കുന്നുള്ളു എന്നു് ഫ്രാൻസിലെ കത്തോലിക്കാ ചിന്തകനായ ജാക്വസ് മാരിട്ടെയിൻ പ്രസ്താവിച്ചിട്ടുള്ളതും ഇത്തരുണത്തിൽ ഞങ്ങൾ അനുസ്മരിക്കുന്നു. അനേകവത്സരങ്ങളായി റഷ്യയിലെ ക്രൂരശാസനത്തിന്റെ ഒരു പ്രധാനയന്ത്രമായിരുന്നു ബെറിയ. രഹസ്യപ്പോലീസിന്റെ മേധാവി എന്ന നിലയിൽ എത്രയെത്ര ലക്ഷങ്ങൾ അപ്രത്യക്ഷരാകുന്നതിനു അയാൾ ഹേതുഭൂതനായിട്ടുണ്ടു്…"

### വില്ലിയുടെ ശവകുടീരം

അയർലണ്ടിൽ കൗണ്ടിഡെറിയിലെ സെൻറു് ലൂറാക്ക് പള്ളിയുടെ സിമിത്തേരിയിൽ ഒരു ശവകുടീരം ഇന്നും കാണാനുണ്ടു്. "വില്യം കഡി ഇവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു" എന്നു അതിന്മേൽ എഴുതപ്പെട്ടിട്ടുമുണ്ടു്. എന്നാൽ വില്യം കഡി അമേരിക്കയിൽവച്ചു മരിക്കയും അവിടെത്തന്നെ അടക്കപ്പെടുകയുമാണുണ്ടായതു്. പിന്നെ ഈ ശവകുടീരത്തിന്റെ സാക്ഷ്യത്തിന്റെ അർത്ഥമെന്തു്? അതു രസാവഹമാണു്. അയർലണ്ടിലെ മതവിപ്ലവകാലത്തു ഗവർമ്മെൻറിനെ പലവിധത്തിൽ വട്ടംകറക്കിയ ഒരു മതഭക്തനായിരുന്നു വില്ലി. ഒടുവിൽ അയാളെ പിടികൂടി തൂക്കിക്കൊല്ലുവാൻ വിധിച്ചു. വില്ലി ജീവൻ വെടിയുന്നതിനുമുമ്പു് ആരാച്ചാരന്മാർ സ്ഥലംവിട്ടു. അർദ്ധപ്രാണനായിക്കിടന്ന അദ്ദേഹത്തെ സ്വസ്നേഹിതന്മാർ താഴെയിറക്കി രക്ഷിച്ചെടുത്തു. എങ്കിലും സെൻറു് ലൂറാക്ക് പള്ളിയിലേക്കു് ഒരു പ്രേതമഞ്ചവുമായി അവർ ആഘോഷമായ ഒരു ചരമയാത്ര നടത്തുകയും സംസ്കാരകർമ്മം കഴിച്ചു് മേല്പറഞ്ഞ ശിലാലിഖിതം അവിടെ സ്ഥാപിക്കയുംചെയ്തു. ഗവർമ്മെൻറിനു് പിന്നെ സംശയത്തിനു യാതൊരു നിദാനവുമില്ലല്ലൊ. ഒളിവിൽക്കിടന്നു ദീർഘപരിരക്ഷണത്തിനുശേഷം പൂർണ്ണസുഖം പ്രാപിച്ച വില്ലി വേഷപ്രച്ഛന്നനായി അമേരിക്കയിലേക്കു കടന്നു രക്ഷപെട്ടു. അനന്തരകാലങ്ങൾ അവിടെ ജീവിച്ചു, അവിടെ മരിച്ചു. അവിടെത്തന്നെ സംസ്കരിക്കപ്പെട്ടുകിടക്കുകയും ചെയ്യുന്നു. എങ്കിലും അദ്ദേഹത്തിന്റെ ശവകുടീരം ഇന്നും അയർലണ്ടിൽ സ്ഥിതിചെയ്യുന്നു.

### ബ്രിട്ടനിലെ
### കത്തോലിക്കാ വിദ്യാലയങ്ങൾ

1951-ൽ ബ്രിട്ടനിലെ കത്തോലിക്കാ വിദ്യാലയങ്ങളിൽ ആകെ നാലുലക്ഷത്തി പന്തിരായിരം വിദ്യാർത്ഥികളാണുണ്ടായിരുന്നതു്. വിദ്യാഭ്യാസമന്ത്രിയുടെ ഒരു റിപ്പോർട്ടനുസരിച്ചു് ഇക്കൊല്ലം പതിനാലായിരത്തിന്റെ വർദ്ധനവുള്ളതായിക്കാണുന്നു. രണ്ടു കത്തോലിക്കാ പ്രൈമറിസ്കൂളുകൾ തന്നാണ്ടു് നിറുത്തലാക്കപ്പെട്ടുവെങ്കിലും 17 പുതിയ സ്കൂളുകൾ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ടിൽ പറയുന്നു. ആകെ ഇക്കൊല്ലം അനുവദിച്ചതിന്റെ അഞ്ചുശതമാനം കത്തോലിക്കർക്കു് ലഭിച്ചിട്ടുണ്ടു്. ഗവർമ്മെൻറു ഗ്രാൻറു് ലഭിക്കുന്ന കത്തോലിക്കാ വിദ്യാലയങ്ങളിലെ ക്ലാസ്സുകളിലാണു് അകത്തോലിക്കാ സ്കൂളുകളിലെക്കാൾ പ്രായേണ വിദ്യാർത്ഥികൾ കൂടുതലുള്ളതെന്നും ഡിപ്പാർട്ടുമെൻറു്കണക്കുകൾകൊണ്ടു് തെളിയുന്നുണ്ടു്.

### ബൊളീവിയായിലെ
### അപകടനില

ജർമ്മനിയുടെ നാലിരട്ടി വലിപ്പമുള്ള ഒരു തെക്കേ അമേരിക്കൻ ജനാധിപത്യരാജ്യമാണു് ബൊളീവിയാ. ആകെ 40 ലക്ഷം ജനങ്ങളേ അവിടെയുള്ളു. അതിൽ പകുതിയും അവിടത്തെ പുരാതനവർഗ്ഗത്തിൽ പെട്ടവരാണു്. ഭൂരിപക്ഷംജനവും കത്തോലിക്കാ മതാവലംബികളാണെന്നു പറയാം. എങ്കിലും വേണ്ടപോലും വൈദികരില്ലായ്കനിമിത്തം അവരുടെ നില തീരെ അധഃപതിച്ചുവരികയാണു്. കുർബാനയും കൂദാശകളുടെ സ്വീകരണവും അത്യന്തം വിരളമത്രെ. കമ്മ്യൂണിസ്റ്റുകളും ഇതിനിടയിൽക്കൂടി നുഴഞ്ഞുകയറുന്നുണ്ടു്. നേരത്തെ പ്രതിവിധികൾ പ്രയോഗിക്കാത്തപക്ഷം രോഗം അപകടകരമായിത്തീരുന്ന ലക്ഷണങ്ങൾ തെളിഞ്ഞുവരുന്നു. അതിനാൽ ഉടനെ 200 വൈദികരെ അയച്ചു സഹായിക്കണമെന്നു അപ്പസ്തോലിക്കു് നൺഷിയോ റോമിലേക്കു് അപേക്ഷിച്ചിരിക്കയാണു്.

### ഇജിപ്ഷൻ വിദ്യാലയങ്ങളിൽ
### ഈശ്വരപ്രാർത്ഥന

പ്രധാനമന്ത്രി നഗ്വീബിന്റെ ഉത്തരവനുസരിച്ചു് ഈജിപ്ററിലെ വിദ്യാലയങ്ങളിലെല്ലാം അദ്ധ്യയനത്തിനുമുമ്പു് ഈശ്വരപ്രാർത്ഥന നിർബന്ധമാക്കിയിരിക്കുന്നു. മുഹമ്മദീയരും ക്രിസ്ത്യാനികളും യഹൂദന്മാരുമായ വിദ്യാർത്ഥികൾ വെവ്വേറെ സംഘടിച്ചാണു് പ്രാർത്ഥന നടത്തുന്നതു്. തൽസംബന്ധമായ ഉത്തരവിൽ നഗ്വീബു് പറയുന്നു: യുവാക്കന്മാരുടെ സന്മാർഗ്ഗനില ഉന്നമിപ്പിക്കുന്നതിനുള്ള അസ്തിവാരം പ്രാർത്ഥനയാണെന്നത്രെ എന്റെ ദൃഢമായ അഭിപ്രായം.

### കമ്മ്യൂണിസ്റ്റു ജർമ്മനി അനാഥശാലകൾ തിരികെ ഏല്പിക്കുന്നു

ബർലിനിൽ കത്തോലിക്കാ സഹോദരിമാർ സ്തുത്യർഹമായി നടത്തിയിരുന്ന ഏതാനും അനാഥശാലകൾ കുറേ ആഴ്ചകൾ മുമ്പു് കമ്മ്യൂണിസ്റ്റു ഗവർമ്മെൻറു പിടിച്ചെടുക്കുകയുണ്ടായി. കന്യാസ്ത്രീകൾ നിയമലംഘനം നടത്തുന്നു, കുട്ടികളെ അകാരണമായി ഉപദ്രവിക്കുന്നു ഇത്യാദി ചാർജ്ജുകളാണു് ഉന്നയിക്കപ്പെട്ടിരുന്നതു്. എന്നാൽ ജനങ്ങൾ ഇതേപ്പററി അതിയായ അമർഷം പ്രകടിപ്പിച്ചുതുടങ്ങി. തൽഫലമായി പ്രസ്തുത അഗതിമന്ദിരങ്ങൾ ഇപ്പോൾ കന്യാസ്ത്രീകൾക്കു തിരികെ കൊടുത്തിരിക്കുന്നു. ഈ വിവരം പ്രസിദ്ധമായതിനോടെ ബർലിനിലെ മുപ്പതിനായിരം കത്തോലിക്കർ ഒത്തുചേർന്നു ഒരു ആഹ്ളാദപ്രകടനം നടത്തിയതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

